# സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ



## ആമുഖം

വീണ്ടുംജനിച്ച ഓരോരുത്തരും രാജകിയപുരോഹിതന്മാരും സുവിശേഷവേലയ്ക്കായി തിരഞ്ഞെടുക്കപ്പെട്ടവരും ആണെങ്കിലും, സുവിശേഷം അറിയിക്കാതിരിക്കാൻ മുടന്തൻ ന്യായങ്ങൾ അന്വേഷിക്കുന്നവരാണ് അധികവും. സുവിശേഷവേലക്കാർക്കു വേണ്ടി പ്രാർത്ഥിച്ചാൽ വേലക്കാരുടെ പ്രതിഫലംതന്നെ ലഭിക്കുമെന്നൊരു തെറ്റിദ്ധാരണ പല സഭകളിലുണ്ട്. പൗലൊസ് സകല വിശുദ്ധന്മാർക്കും തനിക്കുംവേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നുണ്ട്. ശുശ്രൂഷകന്മാർക്കും, സുവിശേഷകന്മാർക്കും, സഹവിശ്വാസികർക്കും, സഭകൾക്കും, ലോകത്തിനും, ഭരണാധികാരികൾക്കും, നശിച്ചുപോകുന്ന ആത്മാക്കൾക്കും വേണ്ടി പ്രാർത്ഥിക്കേണ്ടത് ഓരോ ദൈവമക്കളുടേയും കടമയാണ്. ഈ പ്രാർത്ഥനയുടെ മറുപടി സ്വർഗ്ഗത്തിൽ ചെല്ലുമ്പോഴല്ല; ഭൂമിയിലാണ് ലഭിക്കുന്നത്. ഭൂമിയിലെ വിശ്വാസികളുടെ പ്രവൃത്തികളെല്ലാം തന്നേ സ്വർഗ്ഗത്തിലെ ദൈവത്തിനെ ദുഃഖിപ്പിക്കുന്നതും ക്രിസ്തുവിനെ നിന്ദിക്കുന്നതുമാണ്. എന്നാൽ ദൈവം കണക്കു വെയ്ക്കുന്നതും സ്വർഗ്ഗത്തിൽ പ്രതിഫലം എണ്ണിയെണ്ണി ലഭിക്കുന്നതും സ്വർഗ്ഗം സന്തോഷിക്കുന്നതും ദൂതന്മാർ കുനിഞ്ഞുനോക്കുന്നതുമായ ഒരേയൊരു ശുശ്രൂഷ മാത്രമേയുള്ളൂ. സുവിശേഷവേല. ഭൂമിയിലെ നശ്വരമായ ജീവിതത്തിനായി ആവശ്യത്തിലധികം സമ്പാദിക്കുന്ന നമ്മൾ സ്വർഗ്ഗത്തിലെ അനശ്വര ജീവിതത്തിനായി സമ്പാദ്യമൊന്നും വേണ്ടെന്നു കരുതുന്നത് യുക്തിസഹമോ? എല്ലാവരും പ്രതിഫലം പ്രാപിക്കാൻ തക്കവണ്ണം ഓടുവാൻ കർത്താവു കൃപ നല്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്;

ക്രിസ്തേശുവിന്റെ ബദ്ധൻ

# സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ

യേശു ഫിലിപ്പിന്റെ കൈസര്യയുടെ പ്രദേശത്തു എത്തിയശേഷം തന്റെ ശിഷ്യന്മാരോടു: "ജനങ്ങൾ മനുഷ്യപുത്രനെ ആർ എന്നു പറയുന്നു? എന്നു ചോദിച്ചു. ചിലർ യോഹന്നാൻ സ്നാപകൻ എന്നും മറ്റു ചിലർ ഏലീയാവെന്നും വേറെ ചിലർ യിരെമ്യാവോ പ്രവാചകന്മാരിൽ ഒരുത്തനോ എന്നും പറയുന്നു എന്നു അവർ പറഞ്ഞു. "നിങ്ങളോ എന്നെ ആർ എന്നു പറയുന്നു" എന്നു അവൻ ചോദിച്ചതിനു ശിമോൻ പത്രൊസ്: നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു എന്നു ഉത്തരം പറഞ്ഞു. യേശു അവനോടു: "ബർയോനാശിമോനെ, നീ ഭാഗ്യവാൻ; ജഡരക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രെ നിനക്കു ഇതു വെളി പ്പെടുത്തിയതു. നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതു ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും" എന്നു ഉത്തരം പറഞ്ഞു." (മത്താ, 16:13-19). 'നിങ്ങളോ എന്നെ ആർ എന്നുപറയുന്നു;' എന്നു ശിഷ്യന്മാർ എല്ലാവരോടുമായിട്ടാണ് യേശുവിന്റെ ചോദ്യം. എല്ലാ ശിഷ്യന്മാർക്കും പ്രതിനിധിയായിട്ടാണ് പത്രൊസ് ഉത്തരം പറയുന്നതും. അഥവാ എല്ലാ ശിഷ്യന്മാരുടേയും ഉത്തരം ഒന്നുതന്നെയാണ്. മത്തായി 14:33-ൽ "നീ ദൈവപുത്രൻ സത്യം" എന്നു ശിഷ്യന്മാർ എല്ലാവരും ഏറ്റുപറയുന്നുണ്ട്. എന്നിട്ടും എന്തുകൊണ്ടാണ് പത്രൊസിനെ മാത്രം പ്രശംസിക്കുന്നതും, സ്വർഗ്ഗരാജ്യത്തിന്റെ താക്കോ

ൽ അവനു കൊടുക്കുന്നതും? (നീ, നിനക്കു, നിന്നോട് എന്നിങ്ങനെ ഏഴു പ്രാവശ്യം ഏകവചനത്തിൽ പത്രൊസിനെ മാത്രമാണ് സംബോധന ചെയ്യുന്നത്). ഇതേ സുവിശേഷത്തിൽത്തന്നേ കെട്ടുവാനും അഴിക്കുവാനുമുള്ള അധികാരം യേശു മറ്റു ശിഷ്യന്മാർക്കും നല്കുന്നുണ്ട്; "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." (മത്താ,18:18). പക്ഷേ സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ അഥവാ സ്വർഗ്ഗരാജ്യത്തിലേക്ക് സകലമനുഷ്യർക്കും പ്രവേശനം നല്കുവാനുള്ള വിശേഷാധികാരം പത്രൊസിനു മാത്രമാണ് നല്കുന്നത്. തന്റെ സഹോദരനായ അന്ത്രയാസാണ് പത്രൊസിനെ യേശുവിന്റെ അടുക്കൽ കൊണ്ടുവരുന്നത്; "യേശു അവനെ നോക്കി: "നീ യോഹന്നാന്റെ പുത്രനായ ശിമോൻ ആകുന്നു; നിനക്കു കേഫാ എന്നു പേരാകും" എന്നു പറഞ്ഞു; അതു പത്രൊസ് എന്നാകുന്നു." (യോഹ, 1:42). കേഫാ എന്ന പദത്തിനും പത്രൊസ് എന്ന പദത്തിനു 'കല്ല് അഥവാ പാറ' എന്നാണർത്ഥം. യേശു പത്രൊസിനെ കണ്ടപ്പോൾത്തന്നെ താൻ സ്ഥാപിക്കുവാനിരിക്കുന്ന തന്റെ സഭയുടെ മാനുഷീക മാധ്യമമായിട്ടും പ്രധാന വക്താവായിട്ടും അവനെ കണ്ടിരുന്നു. അതുകൊണ്ടാണ് താനാരാണെന്ന് പത്രൊസ് ഏറ്റുപറഞ്ഞ നിമിഷം 'സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ' അഥവാ സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശനം നല്കുവാനുള്ള വിശേഷാധികാരം യേശു പത്രൊസിനു നല്കിയത്. യേശുവിനൊപ്പം തുടർന്നുള്ള പത്രൊസിന്റെ മൂന്നര വർഷക്കാലത്തെ ശുശ്രൂഷയും താൻ ഈ വിശേഷാധികാരം സ്വീകരിക്കാൻ സർവ്വദാ യോഗ്യനാണെന്ന് തെളിയിക്കുന്നതാണ്.

## I. സുവിശേഷത്തിലെ പത്രൊസ്

യേശു ആദ്യം തിരഞ്ഞെടുത്ത ശിഷ്യനൊന്നുമല്ല പത്രൊസ്. യേശു ആദ്യം വിളിച്ചത് ഫിലിപ്പോസിനെയാണ്. (യോഹ, 1:43). ക്രമത്തിൽ രണ്ടാമത്തെ ശിഷ്യൻ നഥനയേലാണ്. അവനാണ് യേശുവിനെ മശിഹായെന്ന് ആദ്യം ഏറ്റുപറഞ്ഞത്. (യോഹ, 1:49). പത്രൊസ് അന്ത്രയാസും, യാക്കോബും, യോഹന്നാനും അടങ്ങുന്ന മൂന്നാമത്തെ ഗണത്തിൽ പെട്ടവനാണ്. (മർക്കൊ, 1:16, 19). എങ്കിലും താൻ ശിഷ്യന്മാരിൽ ഒന്നാമൻ എന്നാണ് വിളിക്കപ്പെടുന്നത്. (മത്താ, 10:2-4). പത്രൊസിനെക്കുറിച്ചുള്ള വിവരങ്ങൾ ഇങ്ങനെ സംഗ്രഹിരിക്കാം: താൻ യോഹന്നാൻ സ്നാപകന്റെ ശിഷ്യനായിരുന്നു. (യോഹ, 1:35-42). യേശുവിനെ കണ്ടശേഷവും താൻ സ്നാപകന്റെ ശിഷ്യനായി തുടർന്നു. സ്നാപകൻ തടവിലായനന്തരം താൻ തന്റെ പഴയ തൊഴിലിലേക്ക് മടങ്ങിപ്പോയി. (മർക്കൊ, 1:16). അതിനുശേഷം ഗെന്നേസരത്ത് തടാകത്തിന്റെ കരയിൽവെച്ചാണ് യേശു പത്രൊസിനെ കാണുന്നത്. തന്റെ പടകിലിരുന്നാണ് യേശു ജനത്തെ ഉപദേശിച്ചത്. (ലൂക്കൊ 5:3). രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടാതിരുന്ന തനിക്ക് യേശുവിന്റെ വാക്കിനാൽ വലയിറക്കിയപ്പോൾ പെരുത്ത മീൻകൂട്ടം ലഭിച്ചു. (ലൂക്കൊ, 5:4-7). താനതു കണ്ടിട്ടു യേശുവിന്റെ കാൽക്കൽ വീണു: "കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ടു എന്നെ വിട്ടുപോകേണമേ" എന്നു പറഞ്ഞു. യേശു അവനോട്; ഭയപ്പെടേണ്ട ഇന്നുമുതൽ നീ മനുഷ്യരെ പിടിക്കുന്നവൻ ആകും എന്നുറപ്പുകൊടുത്തു. അനന്തരം പത്രൊസ് സകലവും ഉപേക്ഷിച്ച് യേശുവിനെ അനുഗമിച്ചു. (ലൂക്കൊ, 5:8-11). അതിനുശേഷം യേശു പത്രൊസിന്റെ വീട്ടിൽപ്പോയി അവന്റെ അമ്മാവി

യമ്മയെ സൌഖ്യമാക്കി. (മത്താ, 8:14,15). തടർന്നു യേശു യായിറോസിന്റെ മകളെ ഉയിർപ്പിക്കുമ്പോൾ താൻ സാക്ഷിയായിരുന്നു. (മർക്കൊ,5:37). അതിനു ശേഷം യേശു കടലിനുമീതെ നടക്കുന്നതു കണ്ടിട്ട് യേശുവിന്റെ അനുവാദത്തോടുകൂടി താനും വെള്ളത്തിനു മീതെ നടന്നു. കൊടുങ്കാറ്റു നിമിത്തം പേടിച്ചു മുങ്ങുവാൻ തുടങ്ങിയപ്പോൾ "കർത്താവേ എന്നെ രക്ഷിക്കേണമേ" എന്നു നിലവിളിച്ചു. തന്നെ യേശു രക്ഷിച്ചു പടകിൽ കയറ്റിയപ്പോൾ താനടക്കം ശിഷ്യന്മാരെല്ലാം "നീ ദൈവപുത്രൻ സത്യം" എന്നു ഏറ്റുപറഞ്ഞു. (മത്താ, 14:25-33). അതിനുശേഷമാണ് ഫിലിപ്പിന്റെ കൈസര്യയിലെ സംഭവം. "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു" എന്നു താൻ ഏറ്റുപറഞ്ഞതും, "നീ പത്രൊസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല എന്നു ഞാൻ നിന്നോടു പറയുന്നു" എന്നു യേശു പത്രൊസിനോടു പറഞ്ഞു. (മത്താ, 16:16-18). തുടർന്നു യേശു തന്റെ കഷ്ടാനുഭവവും മരണവും ശിഷ്യന്മാരോടു പറഞ്ഞു. പത്രൊസ് യേശുവിനെ വേറിട്ടു കൊണ്ടു പോയി: കർത്താവേ, അതു അരുതേ; നിനക്കു അങ്ങനെ ഭവിക്കരുതേ എന്നു പറഞ്ഞു. ഉടനെ യേശു അവനെ "സാത്താനെ എന്നെ വിട്ടു പോ" എന്നു ശാസിച്ചു. (മത്താ, 16:21-23). മറുരൂപമലയിൽവെച്ചു യേശുവിന്റെ തേജോമയമായ രൂപം കണ്ടിട്ടു താൻ ഹർഷോന്മാദത്തിൽ പറഞ്ഞതും ശ്രദ്ധേയമാണ്; അപ്പോൾ പത്രൊസ് യേശുവിനോടു: "കർത്താവേ, നാം ഇവിടെ ഇരിക്കുന്നതു നന്നു; നിനക്കു സമ്മതമെങ്കിൽ ഞാൻ ഇവിടെ മൂന്നു കുടിൽ ഉണ്ടാക്കാം ഒന്നു നിനക്കും ഒന്നു മോശെക്കും ഒന്നു ഏലീയാവിനും എന്നു പറഞ്ഞു." താനെന്താണ് പറയുന്നതെന്ന് അവൻ അറിഞ്ഞിരുന്നില്ല. (മത്താ, 17:1-4). സഹോദരനോടു എത്ര പ്രാവ

ശ്യം ക്ഷമിക്കണമെന്നും താൻ ചോദിച്ചു. ഏഴു എഴുപതു പ്രാവശ്യം എന്നു യേശു മറുപടിയും പറഞ്ഞു. (മത്താ, 18: 21,22). ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിച്ചുവല്ലോ ഞങ്ങൾക്ക് എന്തുകിട്ടും എന്ന് യേശുവിനോടു ചോദിച്ചതും താനാണ്. (മത്താ, 19:27). "റബ്ബീ, നീ ശപിച്ച അത്തി ഉണങ്ങിപ്പോയല്ലോ" എന്നു പറഞ്ഞതും താനാണ്. (മർക്കൊ, 11:21). പെസഹയ്ക്ക് വേണ്ട ഒരുക്കങ്ങൾ ചെയ്യുന്നതിനു തന്നെയും യോഹന്നാനെയും യേശു ചുമതലപ്പെടുത്തി. (മത്താ, 22:8). പെസഹയ്ക്ക് എല്ലാവരുടേയും കാലുകൾ കഴുകിയപ്പോൾ യേശു തന്റെ കാലുകൾ കഴുകുന്നതിലുള്ള വിസമ്മതം താനറിയിച്ചു. കാൽ കഴുകിയില്ലെങ്കിൽ നിനക്ക് എന്നോടുകൂടെ പങ്കില്ലെന്നു പറഞ്ഞപ്പോൾ, കാൽ മാത്രമല്ല കയ്യും തലയും കൂടി കഴുകേണമേ എന്നു താൻ യേശുവിനോട് അപേക്ഷിച്ചു. (യോഹ, 13:4-9). ഒരുവൻ തന്നെ കാണിച്ചു കൊടുക്കുമെന്ന് യേശു പറഞ്ഞപ്പോൾ അതാരാണെന്ന് ചോദിപ്പാൻ യോഹന്നാനോടു താൻ ആംഗ്യം കാട്ടി. (യോഹ, 13: 20). ഒരിക്കലും യേശുവിനെ താൻ ഉപേക്ഷിക്കില്ലെന്നു പറഞ്ഞപ്പോൾ, രണ്ടുവട്ടം കോഴി കൂകുന്നതിനു മുമ്പ് മൂന്നുവട്ടം പത്രൊസ് തന്നെ തള്ളിപ്പറയുമെന്ന് യേശു വെളിപ്പെടുത്തി. (മർക്കൊ, 14:29-30). യേശു ഗത്ത്ശെമനയിൽ വ്യഥ അനുഭവിക്കുമ്പോഴും താൻ ഒപ്പമുണ്ടായിരുന്നു. (മത്താ, 26:37). തോട്ടത്തിൽ വെച്ച് യേശുവിനെ അറസ്റ്റു ചെയ്യാൻ വന്ന മഹാപുരോഹിതന്റെ ദാസനെ വെട്ടി കാതറുത്തു കളഞ്ഞതും താനാണ്. (മത്താ, 26: 51). യേശു ബന്ധിതനായപ്പോൾ ദൂരവേ അനുഗമിച്ച താൻ മഹാപുരോഹിതന്റെ അരമനയിൽവെച്ച് ഒരു ബാല്യക്കാരത്തിയുടെ മുമ്പിൽ ചൂളിപ്പോകകൊണ്ട്, യേശുവിനെ മൂന്നുവട്ടം തള്ളിപ്പറഞ്ഞു. ഉടനെ കോഴി കൂകുന്നതു കേട്ട് പുറത്തുപോയി താൻ അതിദുഃഖത്തോടെ കര

ഞ്ഞു. (മത്താ, 26:69-75). പുനരുദ്ധാനശേഷം യേശു അപ്പൊസ്തലന്മാരിൽ ആദ്യം പ്രത്യക്ഷപ്പെട്ടതും തനിക്കാണ്. (ലൂക്കൊ, 24:34). തിബെര്യാസ് കടല്ക്കരയിൽ മീൻപിടിച്ചുകൊണ്ടിരുന്ന ശിഷ്യന്മാർക്ക് അവസാനമായി യേശു പ്രത്യക്ഷപ്പെട്ടപ്പോൾ, അതു കർത്താവാണെന്നറിഞ്ഞ് നഗ്നനാകകൊണ്ട് നാണത്താൽ അങ്കി അരയിൽ ചുറ്റി കടലിൽ ചാടിയതും താനാണ്. (യോഹ, 21:7). "നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നുവോ?" എന്നു മൂന്നുവട്ടം യേശു ചോദിക്കുകയും മൂന്നുവട്ടവും എന്റെ കുഞ്ഞാടുകളെ മേയ്ക്ക എന്നു തന്നോടു പറയുകയും ചെയ്തു. (യോഹ, 21:15-17). അപ്പൊസ്തലന്മാരിൽ പത്രൊസിന്റെ രക്തസാക്ഷിത്വത്തെക്കുറിച്ചു മാത്രമാണ് യേശു വെളിപ്പെടുത്തിയത്. (യോഹ, 21:18-19). പെന്തെക്കൊസ്തുനാളിൽ പരിശുദ്ധാത്മാവ് വന്നപ്പോൾ താൻ ആരെ തള്ളിപ്പറഞ്ഞുവോ, അവൻ തന്നെയാണ് 'ദൈവപുത്രനായ ക്രിസ്തു' എന്നു ഏറ്റവും ശക്തിയോടെയും ധൈര്യത്തോടെയും പ്രസംഗിച്ചതും താനാണ്. (പ്രവൃ, 2:36, 4:8-13). മേൽവിവരിച്ചതൊക്കെ ശിമോൻ എന്ന പത്രൊസ് അപ്പൊസ്തലന്റെ സ്വഭാവസവിശേഷതകളും ശ്രേഷ്ഠതയുമാണ്.

## II. ബൈബിളിലെ താക്കോൽ

താക്കോലിന്റെ ഉപയോഗം എല്ലാവർക്കുമറിയാം. പൂട്ടു തുറക്കുവാനും അടയ്ക്കുവാനുമാണ് അത് ഉപയോഗിക്കുന്നത്. പുതിയനിയമത്തിൽ താക്കോലെന്ന വാക്കിന് ഉപയോഗിച്ചിരിക്കുന്ന 'ക്ലൈസ്' എന്ന പദം ആറു പ്രാവശ്യമുണ്ട്. സ്വർഗ്ഗരാജ്യത്തിന്റെ (മത്താ, 16:19), പരിജ്ഞാനത്തിന്റെ (ലൂക്കൊ,11:52), മരണത്തിന്റെയും പാതാളത്തിന്റെയും (വെളി, 1:18), ദാവീദിന്റെ (വെളി, 3:7),

അഗാധകൂപത്തിന്റെ (വെളി, 9:1), അഗാധത്തിന്റെ (വെളി, 20:1) ഇവിടെയൊക്കെയും തുറക്കുകയെന്നാണ് വാച്യാർത്ഥം. ഉദാഹരണത്തിന് പത്രൊസിന് കർത്താവ് സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ കൊടുത്തു. അതുപയോഗിച്ച് താൻ ഭൂമിയിലുള്ള സകല മനുഷ്യരെയും പ്രതിനിധീകരിച്ച് യെഹൂദർക്കും (അപ്പൊ, 2:41), ശമര്യർക്കും (അപ്പൊ, 8:17), ജാതികൾക്കും (അപ്പൊ, 10:48) സ്വർഗ്ഗരാജ്യത്തിന്റെ വാതിൽ തുറന്നു കൊടുത്തു. ഇനി ദൈവത്തിനല്ലാതെ, പത്രൊസിനാകട്ടെ ഭൂമിയിലെ ഏതൊരു മനുഷ്യനാകട്ടെ അത് അടയ്ക്കുവാൻ അവകാശമില്ല. അടുത്തത് ശാസ്ത്രിമാരോട് കർത്താവ് പറയുന്നത് ശ്രദ്ധിക്കുക: "ന്യായശാസ്ത്രിമാരായ നിങ്ങൾക്കു അയ്യോ കഷ്ടം; നിങ്ങൾ പരിജ്ഞാനത്തിന്റെ താക്കോൽ എടുത്തുകളഞ്ഞു; നിങ്ങൾ തന്നേ കടന്നില്ല; കടക്കുന്നവരെ തടുത്തുംകളഞ്ഞു." (ലൂക്കോ,11:52). ഇവിടെ എന്താണർത്ഥമാക്കുന്നത്; ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനം അവർ ജനത്തിന് പകർന്നുകൊടുത്തില്ല അഥവാ ദൈവരാജ്യത്തിന്റെ വാതിൽ അവർക്ക് തുറന്നു കൊടുത്തില്ല. ഈ വാക്കിന്റെ ക്രിയാപദമായ 'ക്ലിയൊ' പതിനെട്ടു പ്രാവശ്യമുണ്ട്. ഇതിനെ 'അടയ്ക്കുക, അടെച്ചുകളക' എന്നിങ്ങനെയാണ് തർജ്ജ ചെയ്തിരിക്കുന്നത്. ഉദാഹരണം നോക്കുക: "കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരേ, നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ മനുഷ്യർക്കു സ്വർഗ്ഗരാജ്യം അടെച്ചുകളയുന്നു; നിങ്ങൾ കടക്കുന്നില്ല, കടക്കുന്നവരെ കടപ്പാൻ സമ്മതിക്കുന്നതുമില്ല." (മത്താ, 23:13). അർത്ഥാൽ സ്വർഗ്ഗരാജ്യത്തിന്റെ താക്കോലെന്നു പറഞ്ഞാൽ അത് ക്രിസ്തുവിന്റെ സുവിശേഷം തന്നെയാണ്. ഈ സുവിശേഷം പെന്തെക്കൊസ്തുനാളിൽ ജനത്തോടറിയിച്ചപ്പോഴാണല്ലോ മൂവായിരം പേർ ഒറ്റദിവസം രക്ഷപ്രാപിച്ചത്. അഥവാ സ്വർഗ്ഗരാജ്യ

ത്തിലേക്ക് പ്രവേശിച്ചത്. തന്മൂലം സുവിശേഷ ഘോഷണത്തിനുള്ള അധികാരത്തെയാണ് താക്കോലെന്ന് കർത്താവ് വിശേഷിപ്പിച്ചിരിക്കുന്നത്. ഈ സുവിശേഷത്തിന്റെ പ്രഥമവക്താവ് പത്രൊസാണെന്നു മാത്രം.

## III. താക്കോലിന്റെ ഉപയോഗം

അക്ഷരീകാർത്ഥത്തിൽ ഈ താക്കോൽ അഥവാ സുവിശേഷഘോഷണത്തിനുള്ള വിശേഷാധികാരം സഭയുടെ പ്രഥമ വക്താവെന്ന നിലയിൽ യേശു പത്രൊസിനെയാണ് ഏല്പിക്കുന്നത്. പത്രൊസിന്റെ നേതൃത്വത്തിൽ ഈ താക്കോൽ ഉപയോഗിച്ചതായും നാം കണ്ടുകഴിഞ്ഞു. എന്നാൽ ആത്മീകാർത്ഥത്തിൽ ഈ അധികാരം പുതിയനിയമ വിശ്വാസികൾക്കെല്ലാമുള്ളതാണ്. അഥവാ പുതിയനിയമ സഭയ്ക്കുവണ്ടിയാണ് പത്രൊസ് ഈ താക്കോൽ യേശുവിൽനിന്ന് കൈപ്പറ്റിയത്. ഈ അധികാരം അഥവാ സുവിശേഷം ഉപയോഗിച്ചാണ് മറ്റു ശിഷ്യന്മാരും പൌലൊസും ആദിമസഭയും അനേകരെ സ്വർഗ്ഗരാജ്യത്തിലെത്തിച്ചത്. അന്നുമുതൽ ഇന്നുവരെയും ഈ താക്കോൽ അനേക ഭക്തന്മാർ ഉപയോഗിച്ചു. ഇപ്പോഴും ഉപയോഗിച്ചുകൊണ്ടിരിക്കുന്നു. അങ്ങനെ ഈ താക്കോൽ മുഖാന്തരം നമുക്കും സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശനം ലഭിച്ചു. അഥവാ നമ്മുടെ വീണ്ടും ജനനവും സാധിച്ചു. ഇപ്പോൾ ഈ താക്കോൽ നമ്മുടെ കൈവശമുണ്ട്; നമ്മളിത് ഉപയോഗിക്കുന്നുണ്ടോ? ഈ ചോദ്യത്തിന് വിശ്വസഗോളത്തിൽ പ്രധാനമായും ഏഴുത്തരങ്ങൾ ഉണ്ട്. **ഒന്ന്;** താക്കോലിനെക്കുറിച്ച് അറിയുന്നവർ അഥവാ ദൈവത്തെ അനുസരിക്കുന്നവർ: ഇവരാണ് സുവിശേഷകന്മാർ എന്നറിയപ്പെടുന്നത്. **രണ്ട്;** താക്കോലിനെക്കുറിച്ച് അറിയാത്തവർ: ചിലർക്ക് ഇങ്ങനെയൊരു താക്കോൽ അ

ഥവാ സുവിശേഷഘോഷണത്തിനുള്ള അധികാരം തങ്ങ ൾക്ക് ലഭിച്ചതായിപ്പോലും ഇക്കൂട്ടർക്ക് അറിയില്ല. മൂന്ന്; താക്കോൽ ലഭിച്ചതറിഞ്ഞിട്ടും ഉപയോഗിക്കാത്തവർ: മ റ്റുചിലർക്ക് താക്കോൽ തങ്ങൾക്കു ലഭിച്ച കാര്യം അറി യാമെങ്കിലും ബോധപൂർവ്വം ഉപയോഗിക്കാതെ തുരു മ്പെടുപ്പിച്ച് കളയുകയാണ്. നാല്; താക്കോൽ ഉപയോഗി ക്കാൻ ലജ്ജിക്കുന്നവർ: വേറെചിലർ അറിയാമെങ്കിലും ഇതുപയോഗിക്കുവാൻ ലജ്ജിക്കുന്നു. അഞ്ച്; താക്കോ ൽ ഉപയോഗിക്കാൻ സമയമില്ലാത്തവർ: ഇനിയും ചിലർ ക്ക് ഇതുപയോഗിക്കാൻ തീരെ സമയമില്ല. ആറ്; താ ക്കോൽ ഉപയോഗിക്കാൻ യോഗ്യത വേണമെന്ന് കരുതു ന്നവർ: വേറൊരു കൂട്ടർ ഇതുപയോഗിക്കാൻ വരവും കൃ പയും വേണമെന്ന് ധരിക്കുന്നു. ഏഴ്; താക്കോൽ ഉപ യോഗിക്കാനുള്ള വിളിക്കായി കാത്തിരിക്കുന്നവർ: ഈ താക്കോൽ അഥവാ സുവിശേഷമറിയിക്കാൻ പ്രത്യേക വിളി വേണമെന്നാണ് ഇങ്ങനെയുള്ളവർ കരുതുന്നത്.

## 1. താക്കോലിനെക്കുറിച്ച് അറിയുന്നവർ

"അവൻ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്ര വാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചില രെ ഇടയന്മാരായും ഉപദേഷ്ടാക്കന്മാരായും നിയമിച്ചിരി ക്കുന്നു;" (എഫെ, 4:11). ഈ വാക്യത്തിൽ "ചിലരെ സു വിശേഷകന്മാരായി നിയമിച്ചിരിക്കുന്നു" എന്നു പറഞ്ഞി രിക്കുന്നതിനാൽ സുവിശേഷമറിയിക്കാനുള്ള ഉത്തരവാ ദിത്വം ചിലർക്കുമാത്രം വരമായി ലഭിക്കുന്നതാണെന്ന് ക രുതുന്നവരുണ്ട്. മേല്പറഞ്ഞ വാക്യത്തിലുള്ളത് ദൈവസ ഭയുടെ കെട്ടുപണിക്കായി ദൈവം നല്കിയ അഞ്ചു പ്ര ധാന വരങ്ങളാണ്. എന്നാൽ സുവിശേഷവരവും സുവി ശേഷവേലയും വ്യത്യസ്തമാണ്. സുവിശേഷവരമെന്നു

പറഞ്ഞാൽ; "കേൾവിക്കാർ ക്ഷണത്തിൽ രക്ഷിക്കപ്പെടുവാൻ തക്കവണ്ണം സുവിശേഷം പ്രസംഗിക്കുവാൻ ദൈവം നല്കിയ വരമാണ്." പെന്തെക്കോസ്തിലെ മൂവായിരം പേരുടേയും, ശമര്യരുടേയും, കൊർന്നല്യോസിന്റെ ഭവനക്കാരുടേയും രക്ഷാനുഭവം ഓർക്കുക. ആ അർത്ഥത്തിൽ സുവിശേഷവരം ഇന്നുണ്ടോയെന്ന കാര്യം ഓരോരുത്തരും വിവേചിക്കുക. ഇനി ഒരു സുവിശേഷകൻ തനിക്ക് വരമുണ്ടെന്ന് വിശ്വസിക്കുകയും അങ്ങനെ പറയുകയും ചെയ്താൽ, അതിനെ നിഷേധിക്കേണ്ട കാര്യം ആർക്കുമില്ല. അത് അദ്ധേഹത്തിന് ദൈവത്തോടും സുവിശേഷത്തോടുമുള്ള തീക്ഷ്ണതയുടെ ആധിക്യമാണ് കാണിക്കുന്നത്. എന്നാൽ സുവിശേഷവേലയെന്നു പറഞ്ഞാൽ വീണ്ടുംജനിച്ച എല്ലാവരും ചെയ്യേണ്ടതാണ്. ദൈവവചനത്താൽ അഥവാ സുവിശേഷത്താലാണ് ഓരോ വ്യക്തിയും വീണ്ടുംജനിക്കുന്നത്. (1പത്രൊ, 1:23). വീണ്ടുംജനിച്ച ഓരോരുത്തരും രാജകീയപുരോഹിതന്മാരാണ്. (1പത്രൊ, 2:9-10, റോമ, 15:15). ഓരോ രാജകീയപുരോഹിതന്റെ മേലും രണ്ടു ശുശ്രൂഷകൾ ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. ഒന്ന്; ദൈവത്തിന് ആത്മീയയാഗം കഴിക്കുക: (പത്രൊ, 2:5, റോമ, 12:1, എബ്രാ, 13:15). രണ്ട്; വിളിച്ചവന്റെ സൽഗുണങ്ങളെ പ്രഘോഷിക്കുക അഥവാ സുവിശേഷവേല ചെയ്ക. (1പത്രൊ, 2:9, മർക്കൊ, 16: 15). യെഹൂദനെന്നും യവനനെന്നും വ്യത്യാസമില്ലാതെ വിശ്വസിക്കുന്ന ഏവനും സുവിശേഷം ദൈവശക്തിയാണ്. (റോമ, 1:16). അർത്ഥാൽ ദൈവത്തിനും ദൈവവചനത്തിനും സ്വമേധയാ കീഴ്പ്പെടുന്നവർ അഥവാ അനുസരിക്കുന്നവരാണ് സുവിശേഷകന്മാർ എന്നു അറിയപ്പെടുന്നത്.

## 2. താക്കോലിനെക്കുറിച്ച് അറിയാത്തവർ

വിശ്വാസഗോളത്തിലെ നല്ലോരു ശതമാനം ആളുകൾക്കും തങ്ങൾ രാജകീയ പുരോഹിതന്മാരാണെന്നോ, ക്രിസ്തുവിനെ സുവിശേഷിക്കുവാനുള്ള അധികാരവും നിയോഗവും തങ്ങളുടെമേൽ ഉണ്ടെന്നോ അറിയാത്തവരാണ്. അറിയില്ലെന്നത് കുറ്റത്തിന്റെ കാഠിന്യം കുറയ്ക്കുമെന്നല്ലാതെ, കുറ്റത്തിൽനിന്ന് ഒഴിവാക്കപ്പെടുന്നില്ലെന്ന് ഓർക്കണം. (ലൂക്കൊ, 12:47-48). പുതിയനിയമത്തിൽ ഉടനീളം പറയുന്നത് പ്രതിഫലത്തെക്കുറിച്ചാണ്. (മത്താ, 5:12, 1കൊരി, 3:14, 9:17, എഫെ, 6:8, 2യോഹ, 1: 8). പ്രതിഫലമെന്നു പറയുമ്പോൾത്തന്നെ നമുക്കറിയാം, അത് നമ്മുടെ പ്രവൃത്തിയുടെ ഫലം അഥവാ അവകാശമാണ്. (കൊലൊ, 3:24). നിത്യജീവൻ ദൈവത്തിന്റെ ദാനമാണ്. അതിനുവേണ്ടി വ്യക്തി ഒന്നും ചെയ്യേണ്ട. ക്രിസ്തുവിനെ സേവിക്കുന്നവർക്ക് അഥവാ സുവിശേഷം അറിയിക്കുന്നവർക്കാണ് പ്രതിഫലം ലഭിക്കുന്നത്. ഈ പ്രതിഫലമാണ് നിത്യജീവനിലേക്കുള്ള സമ്പാദ്യം. ഒന്നും സമ്പാദിക്കാത്തവർക്ക് നിത്യജീവൻ ലഭിക്കാതെ വരുമോ? ഒരിക്കലുമില്ല. ഒരുദാഹരണം പറയാം: "നമ്മുടെ നാട്ടിൽനിന്ന് അനേകർ വിദേശത്തുപോയി ജോലി ചെയ്യുന്നുണ്ട്. നാടും വീടും കുടുംബവും വിട്ട് ഇരുപത്തഞ്ചും മുപ്പതും കൊല്ലം അവർ ജോലി ചെയ്യുന്നതെന്തിനാണ്. അവരുടെ കുഞ്ഞുങ്ങൾക്കൊരു നല്ല ഭാവിയുണ്ടാകുവാനും, ശിഷ്ടകാലം സന്തോഷത്തോടെ ജീവിക്കുവാനും വേണ്ടിയാണ്. ഇനി മറിച്ച് ചിന്തിച്ചു നോക്കുക; ഇവർ വിദേശത്തുപോയി താന്തോന്നിയായി ദൂർത്തടിച്ച് ജീവിച്ചുവെന്നു കരുതുക. ഒന്നും സമ്പാദിക്കാതെ സ്വദേശത്തേക്ക് മടങ്ങി വന്നാൽ, ഇന്ത്യാഗവൺമെന്റ് പറയുമോ 'നിങ്ങൾ ഇങ്ങോട്ട് വരണ്ടെന്ന്.' ഇല്ല, കാരണമെന്താണ്; അവരുടെ പൌരത്വം ഇന്ത്യയിലാണ്. പക്ഷെ ദരിദ്രനാരായണനായി ഇങ്ങോട്ട് വന്നാൽ ശിഷ്ടകാലം ദാരിദ്ര്യത്തിൽ ക

ഴിയേണ്ടിവരും." ദൈവമക്കളുടെ പൌരത്വം സ്വർഗ്ഗത്തിലാണ്. (ഫിലി, 3:20). ഇന്ത്യയിലെപ്പോലെ സ്വർഗ്ഗത്തിൽ ദാരിദ്ര്യമുണ്ടെന്ന് ആരും വിചാരിക്കണ്ട. പക്ഷെ സമ്പാദ്യവുമായി പോകുന്നവന്റെ സന്തോഷം സമ്പാദ്യമില്ലാത്തവന് ലഭിക്കില്ലെന്നുമാത്രം. ലോകം മുഴുവൻ നേടിയാലും ലോകത്തിൽനിന്ന് ആർക്കും ഒന്നും കൊണ്ടുപോകാൻ കഴിയില്ല. അതിനൊരു തെളിവാണ് അലക്സാണ്ടർ ചക്രവർത്തി. "താൻ ചെറുപ്രായത്തിൽ തന്നേ ലോകംമുഴുവൻ പിടിച്ചടക്കിയവനാണ്. മുപ്പത്തിമൂന്നാമത്തെ വയസ്സിൽ താൻ മരിച്ചു. തന്റെ ശവപ്പെട്ടിയുടെ രണ്ടുവശവും തുളച്ച് കൈകൾ രണ്ടും പുറത്തിട്ടുകൊണ്ടാണ് വിലാപയാത്ര പോയത്. താൻ സമ്പാദിച്ചതൊക്കെയും തനിക്കുപേക്ഷിക്കേണ്ടിവന്നു." എന്നാൽ ദൈവമക്കൾ മാത്രം ഇതിൽനിന്നൊക്കെ വ്യത്യസ്തരാണ്. അവർക്ക് തങ്ങളുടെ സുവിശേഷവേലയുടെ സമ്പാദ്യം നിശ്ചയമായും കൊണ്ടുപോകാൻ കഴിയും. "അവകാശമെന്ന പ്രതിഫലം കർത്താവു തരും എന്നറിഞ്ഞു കർത്താവായ ക്രിസ്തുവിനെ സേവിപ്പിൻ." (കൊലൊ, 3:24). ഇങ്ങനെയൊരു താക്കോൽ കൈവശമുള്ള കാര്യം അറിയാത്തവർ ഇപ്പോൾ അറിഞ്ഞുകഴിഞ്ഞു. തന്മൂലം അങ്ങനെയുള്ളവർ ഇനിയും താക്കോൽ ഉപയോഗിക്കാൻ അഥവാ സുവിശേഷം അറിയിക്കാൻ ബാദ്ധ്യസ്ഥരാണ്.

## 3. താക്കോൽ ലഭിച്ചതറിഞ്ഞിട്ടും ഉപയോഗിക്കാത്തവർ

അടുത്ത കൂട്ടർ അറിഞ്ഞിട്ടും ചെയ്യാത്തവരാണ്. ഇങ്ങനെയുള്ളവർ വീണ്ടും ജനിച്ചവരാണോ എന്നുപോലും സംശയിക്കേണ്ടിയിരിക്കുന്നു. ബൈബിൾ പറയുന്നു; "പുത്രനിൽ വിശ്വസിക്കുന്നവന്നു നിത്യജീവൻ ഉണ്ടു; പുത്രനെ അനുസരിക്കാത്തവനോ ജീവനെ കാണുകയില്ല;

ദൈവക്രോധം അവന്റെമേൽ വസിക്കുന്നതേയുള്ളൂ" (യോഹ, 3:36). പുത്രനിൽ വിശ്വസിക്കുന്നവൻ പുത്രൻ പറയുന്ന കാര്യങ്ങളെല്ലാം അനുസരിക്കുവാൻ ബാധ്യസ്ഥനാണ്. എല്ലായിടത്തും പോയി എല്ലാവരടും സുവിശേഷം അറിയിക്കുവാനാണ് ക്രിസ്തു കല്പിക്കുന്നത്. (മത്താ, 18:19, മർക്കൊ, 16:15). ആദാമ്യ പാപത്തിന്റെ പരിണിതഫലമായി എല്ലാമനുഷ്യരും നരകശിക്ഷയ്ക്ക് വിധിക്കപ്പെട്ടവരായിരുന്നു. നരകത്തിലേക്ക് പൊയ്ക്കൊണ്ടിരുന്ന നരരെക്കണ്ട് കരുണ തോന്നിയ ദൈവപുത്രൻ നരനായ് ഭൂമിയിലേക്ക് ഇറങ്ങിവന്നു. ക്രൂശിൽമരിച്ച് ഉയിർത്തെഴുന്നേറ്റ് രക്ഷ ഒരുക്കി. ഈ രക്ഷയെക്കുറിച്ച് അറിഞ്ഞവരൊക്കെയും രക്ഷ പ്രാപിക്കുകയും, രക്ഷപ്രാപിച്ചവരൊക്കെയും മറ്റുള്ളവരോട് അറിയിക്കയും, അങ്ങനെ തലമുറകൾ കൈമാറി നമ്മുടെ അടുക്കലും ഈ രക്ഷ എത്തി. ദൈവത്തിന് മനുഷ്യവർഗ്ഗത്തോട് കരുണ തോന്നിയപോലെ നരകത്തിലേക്ക് പൊയ്ക്കൊണ്ടിരിക്കുന്ന നമ്മുടെ സഹജീവികളോട് നമുക്കും കരുണ തോന്നേണ്ടതല്ലേ? സ്വർഗ്ഗരാജ്യം തന്റെ ദാസന്മാരുമായി കണക്കു തീർപ്പാൻ ഭാവിക്കുന്ന രാജാവിനോട് സദൃശപ്പെടുത്തിയിട്ടുണ്ട്. (മത്താ, 18:23-35). അവിടെ താൻ ക്ഷമിച്ച ദാസൻ തന്റെ കൂട്ടുദാസനോട് കരുണ കാണിക്കായ്കയാൽ രാജാവ് കോപിക്കുന്നുണ്ട്; "എനിക്കു നിന്നോടു കരുണ തോന്നിയതുപോലെ നിനക്കും കൂട്ടുദാസനോടു കരുണ തോന്നേണ്ടതല്ലയോ എന്നു പറഞ്ഞു." (18:33). നാം സുവിശേഷം അറിയിച്ചില്ലെങ്കിൽ സ്വർഗ്ഗത്തിനെന്തെങ്കിലും നഷ്ടമുണ്ടാകുമെന്ന് ആരും വിചാരിക്കണ്ട. കഷ്ടവും നഷ്ടവും നമുക്ക് മാത്രമാണ്. "യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ടു ഒരുങ്ങാതെയും അവന്റെ ഇഷ്ടം ചെയ്യാതെയുമിരിക്കുന്ന ദാസനു വളരെ അടികൊള്ളും." (ലൂക്കൊ, 12:47).

## 4. താക്കോൽ ഉപയോഗിക്കാൻ ലജ്ജിക്കുന്നവർ

അടുത്ത കൂട്ടർ സുവിശേഷം പറയാൻ ലജ്ജിക്കുന്നവരാണ്. "അവനിൽ വിശ്വസിക്കുന്നവൻ ഒരുത്തനും ലജ്ജിച്ചു പോകയില്ല" എന്നു തിരുവെഴുത്തിൽ അരുളിച്ചെയ്യുന്നുവല്ലോ. (റോമ, 10:11. 9:33). നാം വീണ്ടുംജനിച്ചവരാണെങ്കിൽ സുവിശേഷമറിയിക്കാൻ ലജ്ജിക്കണമോ? സർവ്വശക്തനായവൻ സർവ്വതും വെടിഞ്ഞ് മനുഷ്യനായി നീചമരണം വരിക്കുവാൻ ലജ്ജിച്ചില്ലെങ്കിൽ, ആ സുവാർത്ത അറിയിക്കാൻ ദൈവമക്കളായവർ ലജ്ജിക്കില്ല. പൌലൊസ് വിശ്വാസത്തിൽ തന്റെ നിജപുത്രനായ തിമൊഥെയൊസിനോടു പറയുന്നത് ശ്രദ്ധിക്കുക; "അതുകൊണ്ടു നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തെയും അവന്റെ ബദ്ധനായ എന്നെയും കുറിച്ചു ലജ്ജിക്കാതെ സുവിശേഷത്തിന്നായി ദൈവശക്തിക്കു ഒത്തവണ്ണം നീയും എന്നോടുകൂടെ കഷ്ടം സഹിക്ക". (2തിമൊ, 1:8). സുവിശേഷം പ്രസംഗിക്കുന്നവരല്ല ലജ്ജമൂലം അത് പ്രസംഗിക്കാത്തവരാണ് ദൈവസന്നിധിയിൽ യഥാർത്ഥമായി ലജ്ജിക്കേണ്ടി വരുക. "സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ടു ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക." (2തി മൊ, 2:15, 1തെസ്സ, 5:23). ദൈവത്തിന്റെ വിരോധിയായ സാത്താൻ ലജ്ജിക്കുന്നതും ദൈവമക്കൾ സുവിശേഷം അറിയിക്കുമ്പോഴാണ്. "വിരോധി നമ്മെക്കൊണ്ടു ഒരു തിന്മയും പറവാൻ വകയില്ലാതെ ലജ്ജിക്കേണ്ടതിനു സകലത്തിലും നിന്നെത്തന്നേ സൽപ്രവൃത്തികൾക്കു മാതൃകയാക്കി കാണിക്ക." (തീത്തൊ, 2:7). "ക്രിസ്ത്യാനിയായിട്ടു കഷ്ടം സഹിക്കേണ്ടിവന്നാലോ ലജ്ജിക്കരുതു; ഈ നാമം ധരിച്ചിട്ടു ദൈവത്തെ മഹത്വപ്പെടുത്തുകയത്രേ വേണ്ടതു." (1പത്രൊ,

4:16). സുവിശേഷത്തെപ്രതി പൌലൊസ് സഹിച്ച കഷ്ടതയുടെ ഒരു പട്ടികതന്നെ ബൈബിളിലുണ്ട്. (2കൊരി, 11:23-28). ഒടുക്കം തന്റെ ശുശ്രൂഷാകാലം അവസാനിക്കാറായപ്പോൾ താൻ പറയുന്നത് ശ്രദ്ധിക്കുക; "ആ സുവിശേഷത്തിന്നു ഞാൻ പ്രസംഗിയും അപ്പൊസ്തലനും ഉപദേഷ്ടാവുമായി നിയമിക്കപ്പെട്ടിരിക്കുന്നു. അതു നിമിത്തം തന്നേ ഞാൻ ഇതൊക്കെയും സഹിക്കുന്നു; എങ്കിലും ലജ്ജിക്കുന്നില്ല; ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു; അവൻ എന്റെ ഉപനിധി ആ ദിവസംവരെ സൂക്ഷിപ്പാൻ ശക്തൻ എന്നു ഉറച്ചുമിരിക്കുന്നു." (തിമൊ, 2 1:11). ക്രിസ്തുവും അപ്പൊസ്തലന്മാരും ആദിമസഭയും അന്നുമുതൽ ഇന്നുവരെ എല്ലാ ഭക്തന്മാരു പ്രസംഗിച്ച സുവിശേഷം അറിയിക്കുവാൻ ലജ്ജിക്കുന്നവർ, ഇപ്പോൾ വിശ്വാത്തിൽ തന്നെയാണോ നില്ക്കുന്നതെന്ന് പരീക്ഷിച്ചുനോക്കുന്നത് നന്നായിരിക്കും. (2കൊരി, 135). "ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ചു നാണിച്ചാൽ അവനെക്കുറിച്ചു മനുഷ്യപുത്രൻ തന്റെയും പിതാവിന്റെയും വിശുദ്ധദൂതന്മാരുടെയും മഹത്വത്തിൽ വരുമ്പോൾ നാണിക്കും." (ലൂക്കൊ, 9:26).

## 5. താക്കോൽ ഉപയോഗിക്കാൻ സമയമില്ലാത്തവർ

അടുത്ത കൂട്ടർ തീരെ സമയമില്ലാത്തവരാണ്. ഓഫീസ്, ജോലി, കുടുംബം, കുട്ടികളുടെ പഠിത്തം ഇങ്ങനെ പോകുന്നു സമയക്കുറവിന്റെ കാരണങ്ങൾ. അങ്ങനെയുള്ളവരോട് ആദ്യമൊരു സംഭവകഥ പറയാം: "ഒരു സുവിശേഷകൻ ആത്മപ്രേരണയാൽ ഒരു ഭവനത്തിലേക്ക് സുവിശേഷം പറയാൻ കടന്നുചെന്നു. താൻ യേശുവിലൂടെയുള്ള രക്ഷയെക്കുറിച്ച് സംസാരിപ്പാൻ വന്നതാണെ

ന്നും, തനിക്കൊരു പത്തുമിനിറ്റ് അനുവദിക്കണമെന്നും വിനീതമായി അപേക്ഷിച്ചു. രാവിലെ സമയമായിരുന്നതിനാൽ അപ്പനുമമ്മയും ഓഫീസിലേക്കും മക്കൾ കോളേജിലേക്കും പോകുന്ന തിരക്കായിരുന്നു. ഇപ്പോൾ തീരെ സമയമില്ല; മറ്റൊരിക്കൽ വരുവാൻ വീട്ടുകാർ സുവിശേഷകനോടു പറഞ്ഞു. താൻ മടങ്ങിപ്പോയി; മറ്റൊരു ദിവസം വൈകിട്ടു വന്നു; തന്റെ ആവശ്യമറിയിച്ചു. ഓഫീസ് കഴിഞ്ഞു വന്നതിന്റെ ക്ഷീണമാണ്; ബുദ്ധി മുട്ടിക്കരുത് മറ്റൊരിക്കൽ വരൂ. താൻ പോയി; പിന്നീടൊരു ഞായറാഴ്ച ഉച്ചകഴിഞ്ഞ് ആ ഭവനത്തിൽവന്നു. അപ്പോൾ വീട്ടുകാർ പറഞ്ഞു; ഇന്നൊരു ദിവസം മാത്രമാണ്. ഞങ്ങൾക്ക് അവധി കിട്ടുന്നത്. ഞങ്ങളെ ദയവായി റെസ്റ്റെടുക്കാൻ അനുവദിക്കൂ. എപ്പോഴൊക്കെ സുവിശേഷകൻ ആ വീട്ടിൽച്ചെന്നോ അപ്പോഴൊക്കെ വീട്ടുകാർ സമയമില്ലെന്ന കാര്യംപറഞ്ഞ് തന്നെ ഒഴിവാക്കി. മേലിൽ ഇവിടെ വരരുതെന്നോ, യേശുവിനെക്കുറിച്ച് ഞങ്ങൾക്ക് കേൾക്കണ്ടെന്നോ അവർ ഒരിക്കലും പറഞ്ഞില്ല. അതുകൊണ്ട് സുവിശേഷകന് അവരെ തള്ളിക്കളയാനും കഴിയുന്നില്ല. അങ്ങനെ വളരെ നാളായപ്പോൾ തനിക്ക് മുഷിഞ്ഞു. ഒരുദിവസം രാവിലെ ആ വീട്ടിൽച്ചെന്ന് സുവിശേഷകൻ പറഞ്ഞു; ഞാൻ വളരെ നാളുകളായി നിങ്ങളുടെ നിത്യരക്ഷയെക്കുറിച്ച് സംസാരിക്കുവാൻ ഇവിടെ വരുന്നു. അപ്പോഴെല്ലാം സമയമില്ലെന്ന കാരണം പറഞ്ഞ് നിങ്ങളെന്നെ മടക്കിയയച്ചു. ഒരുകാര്യം മാത്രം ചോദിച്ചോട്ടെ; "ഞാൻ മരണമായിരുന്നുവെങ്കിൽ നിങ്ങളെന്നോടു സമയമില്ലെന്നു പറയുമായിരുന്നോ?. ആ ചോദ്യം കുടുംബത്തെയാകെ പിടിച്ചുലച്ചു. അന്നവിടെയുള്ളവർ പുറത്തുപോയില്ല. സുവിശേഷകനെ വിളിച്ചിരുത്തി ദൈവവചനം കേട്ടു. കുടുംബമായി രക്ഷിക്കപ്പെടുവാനിടയായി." ഇന്നു സമയമില്ലെന്ന കാരണത്താൽ സുവിശേഷം അറി

യിക്കാത്തവർ മരണം വന്നു വിളിച്ചാൽ തനിക്കു സമയമില്ലെന്നു പറയുമോ? യേശുവിന്റെ വാക്കു ശ്രദ്ധിക്കുക: "എന്നെ അയച്ചവന്റെ പ്രവൃത്തി പകൽ ഉള്ളേടത്തോളം നാം ചെയ്യേണ്ടതാകുന്നു; ആർക്കും പ്രവർത്തിച്ചു കൂടാത്ത രാത്രി വരുന്നു;" (യോഹ, 9:4). പൌലൊസ് പറയുന്നു: ഇതു ദുഷ്കാലമാകയാൽ സമയം തക്കത്തിൽ ഉപയോഗിച്ചുകൊൾവിൻ." (എഫെ, 5:16).

## 6. താക്കോൽ ഉപയോഗിക്കാനുള്ള യോഗ്യത

വേറൊരു കൂട്ടർ സുവിശേഷം അറിയിക്കാതിരിക്കാൻ മുടന്തൻ ന്യായങ്ങൾ കണ്ടെത്തുന്നവരാണ്. സുവിശേഷമറിയിക്കാൻ ബൈബിൾ കോളേജിൽ പഠിക്കണം. പ്രത്യേക കൃപയും വരവും വേണം. താക്കോൽ പത്രൊസിനെ ഏല്പിച്ചതാണ്; താനത് ഉപയോഗിച്ചു. സുവിശേഷമറിയിക്കാൻ യേശു ശിഷ്യന്മാരോടാണ് പറഞ്ഞത്; അവരത് ചെയ്തു. എല്ലാവർക്കും പറ്റിയ പണിയല്ലിത്. ഇങ്ങനെയൊക്കയാണ് ചിലർ പറഞ്ഞുനടക്കുന്നത്. ഈ പറയുന്നതിനൊക്കെ വല്ല ആധാരവുമുണ്ടോ? സുവിശേഷമറിയിക്കുവാനും ശുശ്രൂഷിക്കുവാനും തങ്ങളുടെ ബൈബിൾ കോളേജിലെ ഡിഗ്രി വേണമെന്ന് ശഠിക്കുന്ന സഭകളുണ്ട്. അപ്പൊസ്തലന്മാർ ഏതു ബൈബിൾ കോളേജിലാണ് പഠിച്ചത്? അവരിൽ എത്രപേർക്ക് വിദ്യാഭ്യാസമുണ്ടായിരുന്നു? അവരിൽ എത്രപേർ സ്കൂളിൽ പോയിരുന്നു? (അപ്പൊ, 4:13). അപ്പോൾ സുവിശേഷമറിയിക്കാനും ശുശ്രൂഷിക്കാനുമുള്ള യോഗ്യത ഇതൊന്നുമല്ല; വീണ്ടുംജനിച്ചവരായിരിക്കണം എന്നുമാത്രം. ഇനി കൃപയുടേയും വരത്തിന്റേയും കാര്യം: നാം വീണ്ടുംജനിക്കുന്നത് കൃപയാലാണ്. (എഫെ, 2:8). വീഴാതവണ്ണം നില്ക്കുന്നതും കൃപയാലാണ്. (യൂദാ, 24). എടുക്കപ്പെടുന്നതും കൃ

പയാലാണ്. (1തെസ്സ, 4:14-17). ഇനി സുവിശേഷമറിയിക്കാൻ വേറൊരു കൃപ വേണമോ? സ്വർഗ്ഗത്തിലെ സകല ആത്മീക അനുഗ്രഹങ്ങളും സ്വന്തപുത്രനെപ്പോലും (എഫെ, 1:3) നമുക്കു തന്നു. ഇനിയും ഇതിലും വലിയൊരു കൃപയും വരവും സ്വർഗ്ഗത്തിലെ പിതാവിന്റെ പക്കൽപ്പോലും ഇല്ല; പിന്നെ എവിടെന്ന് എടുത്തു തരാനാണ്? അടുത്തത് പത്രൊസിനും നല്കിയ താക്കോലും, എല്ലാ ശിഷ്യന്മാരോടുമായി കല്പിച്ച കാര്യവും: യേശു ശിഷ്യന്മാരോടായി ഒറ്റയ്ക്കോ പെട്ടയ്ക്കോ എന്തെങ്കിലും കല്പിച്ചിട്ടുണ്ടെങ്കിൽ അത് പുതിയ നിയമ സഭയക്കുവേണ്ടിയാണ്. ഒരിക്കൽ പത്രൊസ് യേശുവിനോടു ചോദിച്ചു: "ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിച്ചുവല്ലോ; ഞങ്ങൾക്കു എന്തു കിട്ടും എന്നു ചോദിച്ചു. യേശു അവരോടു പറഞ്ഞതു: എന്നെ അനുഗമിച്ചിരിക്കുന്ന നിങ്ങൾ പുനർജ്ജനനത്തിൽ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഇരിക്കുമ്പോൾ നിങ്ങളും പന്ത്രണ്ടു സിംഹാസനത്തിൽ ഇരുന്നു യിസ്രായേൽ ഗോത്രം പന്ത്രണ്ടിനും ന്യായം വിധിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." (മത്താ, 19:27-28). സ്വർഗ്ഗത്തിൽ ഇരുപത്തിനാല് സിംഹാസനവും അതിൽ പൊൻകിരീടം ധരിച്ചുകൊണ്ട് മൂപ്പന്മാർ ഇരിക്കുന്നതിനാലും (വെളി, 4: 4, 11:16), പുതിയ യെരുശലേമിലെ ഗോപുരങ്ങളിൽ യിസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളുടേയും പേർ കൊത്തിയിട്ടുള്ളതിനാലും (വെളി, 21:12), അടിസ്ഥാനത്തിന്മേൽ പന്ത്രണ്ട് അപ്പൊസ്തലന്മാരുടെ പേർ ഉള്ളതിനാലും (വെളി, 21: 14) സിംഹാസനം പന്ത്രണ്ട് ഗോത്രപിതാക്കന്മാർക്കും അപ്പൊസ്തലന്മാർക്കും മാത്രമാണെന്നൊരു വ്യാഖ്യാനമുണ്ട്. അത് ശരിയായ വ്യാഖ്യാനമല്ല. വിശ്വാസവീരന്മാരുടെ ഒരു പട്ടിക എബ്രായലേഖനം പതിനൊന്നാം അദ്ധ്യായത്തിലുണ്ട്. അതിൽ ഒരറ്റ ഗോത്രപിതാവി

ന്റെ പേർപോലും ഇല്ല. മാത്രമല്ല ഗോത്രപിതാക്കന്മാർക്ക ത് കൊടുത്താൽ, മുന്നൂറു കൊല്ലം ദൈവത്തോടു കൂടെ നടക്കുകയും മരണം കാണാതെ എടുക്കപ്പെടുകയും ചെയ്ത ഹാനോക്കിനെന്തു കൊടുക്കും? യഹോവയുടെ കൃപ ലഭിച്ച നോഹയ്ക്കെന്തു കൊടുക്കും? ദൈവത്തി ന്റെ സ്നേഹിതനെന്ന് പേർപെപടുകയും, അബ്രഹാമി ന്റെയും യാക്കോബിന്റെയും യിസഹാക്കിന്റെയും ദൈവ മെന്നറിയപ്പെടാൻ ആഗ്രഹിക്കുന്ന ദൈവം അവർക്കെ ന്തു കൊടുക്കും? ഭൂതലത്തിലുള്ള സകല മനുഷ്യരിലും അതിസൌമ്യനും മിസ്രയീമിലെ നിക്ഷേപങ്ങളേക്കാൾ അഭിഷിക്തന്റെ നിന്ദ വലിയ ധനമെന്നെണ്ണിയ മോശെ ക്കെന്തു കൊടുക്കും? തന്റെ ഹൃദയപ്രകാരമുള്ള പുരുഷ നായ ദാവീദിനെന്തു കൊടുക്കും? ദൈവം മരണം കൂടാ തെ എടുത്തു കൊണ്ടുപോയ ഏലിയാവിനെന്തു കൊടു ക്കും? ഇവരെയൊക്കെ ദൈവം നിലത്തു പായവിരിച്ചിരു ത്തുമോ? ഇനി പുതിയനിയമത്തിലേക്കു വന്നാൽ; യേ ശു ശിഷ്യന്മാർക്ക് സിംഹാസനം വാഗ്ദത്തം ചെയ്യുമ്പോ ൾ യൂദയും ഒപ്പമില്ലായിരുന്നോ? താൻ വാക്കു മാറാത്ത വനായതുകൊണ്ട് യൂദായ്ക്കുമത് കൊടുക്കേണ്ടായോ? ഇനി യൂദായ്ക്കു പകരം മത്ഥിയാസിനെ തിരെഞ്ഞെടു ത്തുവെന്നു കരുതാം. അപ്പോൾ പൌലൊസിന് എന്തു കൊടുക്കും? ക്രൈസ്തവസഭയുടെ പ്രഥമ രക്തസാക്ഷി യും, യേശു എഴുന്നേറ്റുനിന്നു സ്വീകരിച്ചവനുമായ സ്തെ ഫാനോസിന് എന്തുകൊടുക്കും? ഇങ്ങനെ ചിന്തിച്ചാൽ മൊത്തം കുഴച്ചിലാകും. സ്വർഗ്ഗത്തിലെ ഇരുപത്തിനാല് സിംഹാസനങ്ങളിൽ പന്ത്രണ്ട് സിംഹാസനം പഴയനിയമ വിശുദ്ധന്മാരെയും, പന്ത്രണ്ട് സിംഹാസനം പുതിയനിയമ വിശുദ്ധന്മാരെയുമാണ് പ്രതിനിധീകരിക്കുന്നത്. പുതിയ യെരുശലേമിലെ പന്ത്രണ്ട് ഗോത്രപിതാക്കന്മാരുടെ പേർ യിസ്രായേലിലെ വിശുദ്ധന്മാരെ മുഴുവനായും, പന്ത്രണ്ട്

അപ്പൊസ്തലന്മാരുടെ പേരുകൾ പുതിയനിയമ സഭയെയുമാണ് പ്രതിനിധീകരിക്കുന്നത്. വീണ്ടും ജനിച്ചവരെല്ലാം പുരോഹിതന്മാരും രാജാക്കന്മാരുമാണ്. (1പത്രൊ, 2:9). വിശ്വാസികൾ ദൈവത്തിന്റെ മക്കളും ക്രിസ്തുവിന് കൂട്ടവകാശികളുമാണ്. (റോമ, 8:17). സ്വർഗ്ഗത്തിൽ ക്രിസ്തുവിനെന്തൊക്കെ അധികാരങ്ങളും അവകാശങ്ങളുമുണ്ടോ അതൊക്കെ പുതിയനിയമ സഭയ്ക്കുള്ളതാണ്. സ്വർഗ്ഗത്തിലെ സകല ആത്മീയനുഗ്രഹങ്ങളും ക്രിസ്തുവിനൊപ്പമുള്ള അധികാരങ്ങളും നമുക്കു വേണം. സുവിശേഷവേലമാത്രം നാം ചെയ്യില്ലെന്നു ശഠിക്കുന്നത് ന്യായമോ?

## 7. താക്കോൽ ഉപയോഗിക്കാനുള്ള വിളി

"എങ്കിലും എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു തന്റെ കൃപയാൽ വിളിച്ചിരിക്കുന്ന ദൈവം." (ഗലാ, 1:15, റോമ, 1:2). ദൈവം പൌലൊസിനെ വേർതിരിച്ചു വിളിച്ചപോലെ ഒരു വിളി വേണമെന്നാണ് ഇനിയൊരു കൂട്ടർ പറയുന്നത്. സഭയായിട്ടോ, കുടുംബമായിട്ടോ, ജോഡിയായിട്ടോ അല്ല ദൈവം വിളിക്കുന്നത്. എല്ലാവരെയും ദൈവം വേർതിരിച്ചു തന്നെയാണ് വിളിക്കുന്നത്. പലരും അവരുടെ വിളിയെക്കുറിച്ചു ബോധവാന്മാരല്ലെന്നു മാത്രം. ഒരു കൺവെൻഷൻ പ്രസംഗകൻ ഒരു സംഭവം പറഞ്ഞു കേട്ടിട്ടുണ്ട്: താനും നല്ലൊരു സർക്കാർ ജോലി കളഞ്ഞിട്ടു ദൈവവേലക്കിറങ്ങിയ ഒരു പാസ്റ്ററുമായി ഒരു വേദിയിൽ കണ്ടുമുട്ടി. സാധാരണ ഇങ്ങനെയുള്ളവർക്ക് നല്ലൊരു സാക്ഷ്യമുണ്ടാകും. അത് കേൾക്കാൻ താൻ താല്പര്യം പ്രകടിപ്പിച്ചു. പാസ്റ്ററുടെ മറുപടി കേട്ട് പ്രസംഗകൻ ഞെട്ടി. "പരിശുദ്ധാത്മാവ് തന്നെ കരഞ്ഞു വിളിച്ചിട്ടാണത്രേ താൻ ജോലി കളഞ്ഞ് ശുശ്രൂഷയ്ക്കിറങ്ങിയത്." നി

ങ്ങൾക്ക് തോന്നുന്നുണ്ടോ പരിശുദ്ധാത്മാവ് ഇങ്ങനെ ആരെയെങ്കിലും വിളിക്കുമെന്ന്? സ്വർഗ്ഗം ഇനി ഒരാത്മാവുപോലും ഇല്ലാതെ തരിശ്ശായി കിടന്നാലും ദൈവം ആരെയും കരഞ്ഞു വിളിക്കില്ല. ആ വിളിക്കായി ആരും കാതോർക്കണ്ട. ബൈബിൾ പറയുന്നത് 'ലോകസ്ഥാപനത്തിനു മുമ്പേ ക്രിസ്തുവിൽ നമ്മെ തിരഞ്ഞെടുത്തു' (എഫെ, 1:4) എന്നാണ്. "അവൻ മുന്നറിഞ്ഞവരെ തന്റെ പുത്രൻ അനേകം സഹോദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്നു അവന്റെ സ്വരൂപത്തോടു അനുരൂപരാകുവാൻ മുന്നിയമിച്ചുമിരിക്കുന്നു. മുന്നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു." (റോമ, 8:29-30). ഈ അർത്ഥത്തിൽ ദൈവം തന്റെ സർവ്വജ്ഞാനത്താൽ രക്ഷിക്കപ്പെടുവാനുള്ള സകലരെയും മുന്നറിയുകയും മുന്നിയമിക്കുകയും വിളിക്കുകയും ചെയ്തിരിക്കുകയാണ്. എന്നാൽ ഈ വിളി ചിലർക്ക് അമ്മയുടെ ഉദരത്തിൽനിന്ന് പുറത്തു വരുമ്പോൾത്തന്നെ വെളിപ്പെടും. മറ്റു ചിലർക്ക് വീണ്ടുംജനനത്തോടെ വെളിപ്പെടും. വേറെ ചിലർക്ക് കാലക്രമേണ വെളിപ്പെടും. ഇനിയൊരു കൂട്ടർക്ക് ഈ വിളി ആയുസിലൊരിക്കലും വെളിപ്പെടില്ല. ഇങ്ങനെയുള്ളവർ അനുസരണക്കേടിന്റെ മക്കളാണ്. (എഫെ, 2:2). ഇവിടെ "എന്റെ ജനനം മുതൽ എന്നെ വേർതിരിച്ചു വിളിച്ചു" (ഗലാ, 1:15) എന്നു പൌലൊസ് പറയുന്നത് 'കെ.ജെ.വി'യിൽ 'അമ്മയുടെ ഗർഭത്തിൽ നിന്നുള്ള ജനനംമുതൽ' എന്നാണ് കാണുന്നത്. റോമാലേഖനം 1:2-ലും 'വേർതിരിച്ചു വിളിച്ചു' എന്നു കാണുന്നു. ഇത് "പരീശൻ" എന്ന ആരാമ്യ പദത്തിന്റെ ദ്വയാർത്ഥ പ്രയോഗമാണ്. യെഹൂദ നിയമവാദത്തിനായി തങ്ങൾ വേർതിരിച്ചു വിളിക്കപ്പെട്ടവരാണെന്ന് അവർ വിശ്വസിച്ചിരുന്നു. (ഒ.നോക്കുക; യിര, 1:5). എന്നാൽ യഥാർത്ഥത്തിൽ പൂർവ്വകാലം മുതലു

ള്ളതും അല്ലെങ്കിൽ അമ്മയുടെ ഉദരം മുതലുള്ളതായ ക്രിസ്തുവിന്റെ വിളിയെ പൌലൊസ് തിരിച്ചറിഞ്ഞില്ല. താൻ പരീശനാകകൊണ്ട് അവരെപ്പോലെ യെഹൂദ നിയമവാദത്തിലേക്ക് തിരിഞ്ഞു. അതുകൊണ്ട് കർത്താവ് പൌലൊസിനെ ഒരു വിളികൂടി വിളിച്ചു അത് ദമസ്കൊസിന്റെ അടുത്തുവെച്ചാണ്. (അപ്പൊ, 9:3-9). സാധാരണ പോലീസുകാരുടെ അടികൊണ്ടിട്ടുള്ളവർ പറഞ്ഞുകേട്ടിട്ടുണ്ട് "കണ്ണിൽനിന്ന് പൊന്നീച്ച പറന്നു, കണ്ണിൽ ഇരുട്ടു കയറി, ചെവിയിൽക്കൂടി കിളി പറന്നു, ചെവിയിൽ കുറച്ചു നേരത്തേക്ക് ഒരു മൂളൽ മാത്രമേ ഉണ്ടായിരുന്നുള്ളൂ" എന്നൊക്കെ. എന്നാൽ പൌലൊസ് ഒറ്റയടിക്കുതന്നെ താഴെ വീണു. കണ്ണിന്റെ ഫിലമെന്റും അടിച്ചുപോയി. മൂന്നുദിവസം കഴിഞ്ഞാണ് പിന്നെ കണ്ണു കാണാൻ പറ്റിയത്. വിളി കേൾക്കാത്തവരെയെയും അനുസരിക്കാത്തവരെയും പരിശുദ്ധാത്മാവ് ഇങ്ങനെയാണ് വിളിക്കുന്നത്. സഹോദരന്മാരെ സഹോദരിമാരെ ഈ വിളി കേൾക്കാനാണ് നിങ്ങൾ കാത്തിരിക്കുന്നതെങ്കിൽ ചിലപ്പോൾ വിളി താങ്ങാൻ പറ്റിയെന്ന് വരില്ല. തനിക്കു വിളി വേണമെന്ന് ആഗ്രഹി ക്കുന്ന ചുരുക്കം ചില ലഴിതഹൃദയരുണ്ട്. അത് പരിശുദ്ധാത്മാവിന്റെ ഒരു മാർഗ്ഗനിർദേശം തനിക്കാവശ്യമാണെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നവരാണ്. അങ്ങനെയുള്ളവർ പരിശുദ്ധാത്മാവിന്റെ ശബ്ദം കേൾക്കാനായി സമയം വേർതിരിച്ച് ദൈവസന്നിധിയിൽ ഉപവാസത്തോടും പ്രാർത്ഥനയോടും കാത്തിരിക്കണം. അപ്പോൾ പരിശുദ്ധാത്മാവ് മുഖാന്തരങ്ങളിലൂടെയോ നേരിട്ടോ സംസാരിക്കും. വിളി വേണമെന്നു ശഠിക്കുന്ന നല്ലൊരു ശതമാനം ആളുകളും തങ്ങളുടെ മക്കളെ ഡോക്ടറും, എഞ്ചിനീയറും, പൈലറ്റുമൊക്കെ ആക്കുന്നത് ദൈവം പറഞ്ഞിട്ടാണോ? ലോകത്തിലെ ഏറ്റവും ഉയർന്ന തസ്തികകളിൽ മക്കളെ എത്തിക്കാൻ ആ

ർക്കും വിളിയും തിരഞ്ഞെടുപ്പും ഒന്നും വേണ്ട. ചെറുപ്പം തൊട്ടേ അതിനുവേണ്ട പരിശീലനം നല്കും. കർത്താവിന്റെ വേലയുടെ കാര്യം വരുമ്പൾ മാത്രം വിളിവേണം, തിരഞ്ഞെടുപ്പുവേണം, കൃപവേണം, വരംവേണം തുടങ്ങി നൂലാമാലകൾ ഏറെയാണ്. ഇതൊരു കാപട്യമല്ലേ? ചിലരാകട്ടെ കുഞ്ഞുങ്ങൾ ജനിക്കുമ്പോൾത്തന്നേ "ഡോക്ടർ മോനേ, എഞ്ചിനീയർ മോനെ" എന്നെക്കെയാണ് കുഞ്ഞിനെ വിളിക്കുന്നത്. എന്നാൽ എല്ലാവരും ദൈവത്തിന്റെ സുവിശേഷ വേലയ്ക്കുള്ളവരാണെന്നറിഞ്ഞിട്ടും ആരും ഇന്നുവരെ "സുവിശേഷകാ" എന്ന് തന്റെ കുഞ്ഞിനെ വിളിച്ചതായി കേട്ടിട്ടില്ല. പഴയനിയമത്തിൽ മനുഷ്യരുടെ ആദ്യജാതന്മാർ യഹോവയ്ക്കായി വേർതിരിക്കണമായിരുന്നു. (പുറ, 22:29). പുതിയനിയമത്തിൽ എല്ലാവരും ദൈവത്തിനുള്ളവരും ദൈവത്തിന്റെ ശുശ്രൂഷകരുമായിട്ടും (2പത്രൊ, 2:5,9, വെളി, 1:6) ഒരാളെപ്പോലും മുഴുസമയ ശുശ്രൂഷകൻ അഥവാ സുവിശേഷകനായിട്ട് നൽകാൻ നമുക്ക് കഴിയുന്നില്ല. സുവിശേഷവേല ചെയ്യാൻ മക്കളെ പരിശീലിപ്പിക്കുന്നുമില്ല. അർത്ഥാൽ ദൈവം ആദിമുതലും അമ്മയുടെ ഉദരം മുതലും വീണ്ടും ജനനം തുടങ്ങിയും ഓരോരുത്തരേയും വിളിക്കുകയാണ്. ആ വിളി ഏറ്റെടുക്കുക; ദൈവത്തെ അനുസരിക്കുക; വിളിയോടു പ്രതീകരിക്കുക; സുവിശേഷവേല ചെയ്കം ഇതാണ് ഒരു ദൈവപൈതലിന്റെ ധർമ്മം.

## IV. യേശുക്രിസ്തു എന്ന അടിസ്ഥാനം

"യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്നു ഇടുവാൻ ആർക്കും കഴികയില്ല. ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്നു, വെള്ളി, വിലയേറിയ കല്ലു, മരം, പുല്ലു, വൈക്കോൽ എന്നിവ പണി

യുന്നു എങ്കിൽ അവനവന്റെ പ്രവൃത്തി വെളിപ്പെട്ടുവരും; ആ ദിവസം അതിനെ തെളിവാക്കും; അതു തീയോടെ വെളിപ്പെട്ടുവരും; ഓരോരുത്തന്റെ പ്രവൃത്തി ഇന്നവിധം എന്നു തീ തന്നേ ശോധന ചെയ്യും." (കൊരി, 3:11-13). യേശു ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ടാണ് ദൈവ രാജ്യപ്രവേശനം അഥവാ സുവിശേഷത്തിന്റെ അടിസ്ഥാനമിട്ടത്. ഈ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് യജമാനൻ കല്പിച്ച സുവിശേഷവേല ചെയ്യുന്നവരാണ് പൊന്ന്, വെള്ളി, വിലയേറിയ കല്ല് എന്നിവകൊണ്ട് പണിയുന്നവർ. ഇവരാണ് കർത്താവിനുവേണ്ടി ഫലം കായ്ക്കുന്ന നല്ല വൃക്ഷവും (മത്താ, 7:17), കർത്താവാകുന്ന മുന്തിരിവള്ളിയോടു ചേർന്നുനില്ക്കുന്ന കൊമ്പുകളും. (യോഹ, 15:5). തന്മൂലം ഇവരുടെ പണിയാണ് നിലനില്ക്കുന്നതും, ഇവരാണ് കർത്താവിന്റെ സന്നിധിയിൽനിന്ന് പ്രതിഫലം പ്രാപിക്കുന്നതും; "ഒരുത്തൻ പണിത പ്രവൃത്തി നിലനില്ക്കും എങ്കിൽ അവനു പ്രതിഫലം കിട്ടും." (1കൊരി, 3: 14). സുവിശേഷവേല ചെയ്യാത്തവർ മരം, പുല്ല്, വൈക്കോൽ എന്നിവകൊണ്ട് പണിയുന്നവരാണ്. ഇങ്ങനെയുള്ളവർ വേല ചെയ്യാൻ ലജ്ജിക്കുന്നവരും, സമയമില്ലാത്തവരും, വേല ചെയ്യാതിരിക്കാൻ സൂത്രങ്ങൾ അന്വേഷിക്കുന്നവരും, നല്ലഫലം കായ്ക്കാതെ ഇലകൾ മാത്രം വിടർത്തിനില്ക്കുന്ന അത്തിവൃക്ഷവും പോലെയാണ്. (മർക്കൊ, 11:13). "ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവനു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽ കൂടി എന്നപോലെ അത്രേ." (1കൊരി, 3:15). സുവിശേഷം അറിയിക്കുന്നവർ ദൈവത്തിന്റെ നിവാസമായ വിശുദ്ധമന്ദിരത്തിന്റെ പണിക്കാരാണ്; അവർ കർത്താവിന്റെ വരവുവരെ ക്രിസ്തുവിനായി അദ്ധ്വാനിച്ചുകൊണ്ടേയിരിക്കും. "ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും

പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന്നു ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു." (എഫെ, 2:20 -22).

## V. ദൈവത്തിന്റെ മുന്തിരിത്തോട്ടം

വിവരസാങ്കേതിക മേഖലയിലും കമ്പ്യൂട്ടർ രംഗത്തുമാണ് ഇന്ന് ഏറ്റവും കൂടുതൽ ജോലിയുള്ളതെന്നാണ് ലോകം പറയുന്നത്. എന്നാൽ ഇന്ന് ഏറ്റവും അധികം ആളുകൾ ജോലിചെയ്യുന്നതും, ഏറ്റവുമധികം ജോലി ഒഴിവുള്ളതും, ഒരിക്കലും ജോലിക്കാരെ വേണ്ടെന്നു പറയാത്തതും, എല്ലായ്പ്പോഴും ജോലിക്കാർക്ക് ദാരിദ്ര്യമുള്ളതുമായ ഒരേയൊരു ജോലിസ്ഥലം മാത്രമേയുള്ളു. അതാണ് ദൈവത്തിന്റെ മുന്തിരിത്തോട്ടം അഥവാ സുവിശേഷവയൽ. കേരള സർക്കാരിന്റെ കീഴിൽ ശിപായിയുടെ (Peon) തസ്തികയിലേക്ക് അഞ്ച് ഒഴിവുകളുണ്ടെങ്കിൽ അയ്യായിരമോ അമ്പതിനായിരമോ പേർ അപേക്ഷിക്കും. അതിൽ പകുതി വിശ്വാസികളുമായിരിക്കും. അടിസ്ഥാന ശമ്പളം പതിനയ്യായിരമോ ഇരുപതിനായിരമോ ആയിരിക്കുമെന്നോർക്കണം. മുഴുസമയ സുവിശേഷവേലക്കിറങ്ങിയാൽ ഇത്രചെറിയ തുകപോലും തരാൻ നമ്മുടെ ദൈവത്തിന് കഴിയില്ലേ? നമുക്ക് ആകെക്കൂടി 'കാക്കയാൽ ഭക്തനെ പോറ്റിയ നാഥന്റെ സ്നേഹത്തെ ഓർത്തു നാം സ്തുതിച്ചീടുക' എന്നു പാട്ടു പാടുവാനും, ദൈവത്തിന്റെ അത്ഭുതങ്ങളെ വർണ്ണിച്ച് പ്രസംഗിക്കുവാനും മാത്രമറിയാം. ദൈവം നമ്മുടെ ആവശ്യങ്ങളേക്കാൾ അധികമധികം മതിയായവനാണെന്നു മാത്രം നാം വിശ്വസി

ക്കത്തില്ല. ലോകത്തൊരിടത്തും ജോലിസമയം കഴിഞ്ഞ് വളരെ താമസിച്ച് ചെല്ലുന്നവരെ ജോലി ചെയ്യിക്കാറില്ല. കാരണം തങ്ങൾ നഷ്ടം സഹിച്ചുകൊണ്ട് ജോലിക്കാരെക്കൊണ്ട് ജോലി ചെയ്യിക്കേണ്ട അത്യവശ്യം ഒരു സ്ഥാപനത്തിനും ഇല്ല. എന്നാൽ ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിൽ ഏതു സമയത്തു ചെന്നാലും ജോലി ചെയ്യാം. ഒന്നാം മണിനേരത്തും (രാവിലെ ഏഴുമണി), മൂന്നാം മണിനേരത്തും (രാവിലെ ഒൻപത് മണി), ആറാം മണിനേരത്തും (ഉച്ചയ്ക്ക് പന്ത്രണ്ട് മണി), ഒൻപതാം മണിനേരത്തും (ഉച്ചകഴിഞ്ഞ് മൂന്നു മണി), പതിനൊന്നാം മണിനേരത്തും (വൈകുന്നേരം അഞ്ചു മണി) ഇവിടെ ജോലി ചെയ്യാം. (മത്താ, 20:1-7). ലോകത്തിലെ ഒരു ജോലിസ്ഥലത്തും ഒരു മണിക്കൂർ ജോലി ചെയ്തവനും, മൂന്നു മണിക്കൂർ ചെയ്തവനും, ആറു മണിക്കൂർ ചെയ്തവനും, ഒൻപത് മണിക്കുർ ചെയ്തവനും, പന്ത്രണ്ട് മണിക്കൂർ ചെയ്തവനും ഒരേ കൂലി കൊടുക്കാറില്ല. ഓരോരുത്തർക്കും അവരുടെ സമയത്തിനൊത്തവണ്ണം കൂലിയും വ്യത്യാസപ്പെട്ടിരിക്കും. എന്നാൽ ദൈവത്തിന്റെ മുന്തിരിത്തോട്ടത്തിൽ ഒരു മണിക്കൂർ വേല ചെയ്യുന്നവനും പന്ത്രണ്ട് മണിക്കൂർ വേല ചെയ്യുന്നവനും തുല്യവേതനമാണ് ലഭിക്കുന്നത്. കാരണം മുന്തിരിത്തോട്ടത്തിന്റെ ഉടയവൻ നല്ലവനും വിശ്വസ്തനുമാണ്. (മത്താ, 20:8-15). എല്ലാവർക്കും ഒരുപക്ഷേ മുഴുസമയ സുവിശേഷകൻ ആകാൻ കഴിഞ്ഞില്ലെന്നു വരും. എന്നാൽ ഒഴിവുസമയങ്ങളിലും അവധിദിവസങ്ങളിലും എല്ലാവർക്കും അതിനവസരമുണ്ട്. നാം കുറച്ചു സമയമെങ്കിലും വേല ചെയ്യാൻ മനസ്സു കാണിച്ചാൽ, ദൈവം നമുക്ക് മുഴുസമയത്തെ ചൂടും അദ്ധ്വാനവും സഹിച്ച് വേല ചെയ്യുന്നവന്റെ പൂർണ്ണ പ്രതിഫലം തരും. കാരണം ദൈവം നമ്മെയെല്ലാവരെയും അറിയുന്നു. നമ്മുടെ കുടുംബത്തിന്റെ അവസ്ഥ

യും പ്രാരാബ്ദങ്ങളും സമയക്കുറവും ദൈവത്തിനറിയാം. കുടുംബത്തെ ഉപേക്ഷിച്ചിട്ടോ അവരെ ബുദ്ധിമുട്ടിച്ചിട്ടോ സുവിശേഷവേല ചെയ്യണമെന്ന് ദൈവം ആരോടും ആവശ്യപ്പെടുന്നില്ല. നമ്മുടെ എല്ലാ ആവശ്യങ്ങളും കഴിഞ്ഞ് ശേഷിക്കുന്ന സമയം, വ്യർത്ഥകാര്യങ്ങളിൽ മുഴുകി നഷ്ടപ്പെടുത്തുന്ന സമയം, എന്തുചെയ്യണമെ ന്നറിയാത്ത വിരസമായ സമയത്തെങ്കിലും സുവിശേഷം അറിയിക്കുന്നതിനെക്കുറിച്ച് ചിന്തിച്ചുകൂടെ? വിധേയത്താലോ ശാഠ്യത്താലോ, സ്വമേധയോ നിർബ്ബന്ധത്താലോ, നാട്യത്താലോ പരമാർത്ഥമായിട്ടോ എങ്ങനെ ക്രിസ്തുവിനെക്കുറിച്ചുള്ള സുവിശേഷം അറിയിച്ചാലും പ്രതിഫലം നിശ്ചയം. (ഫിലി, 1:18).

## VI. താക്കോലുമായി എത്രപേർ പോണം

സുവിശേഷമറിയിക്കാൻ ഒറ്റയ്ക്ക് പോകാൻ പടില്ലെന്നൊരു അലിഖിതനിയമം ചില സഭകളിലുണ്ട്. ഒറ്റയ്ക്ക് പോകുന്നവരെ സംഘം ചേർന്ന് നിരുത്സാഹപ്പെടുത്താനും ഇവർ മടിക്കുന്നില്ല. അവർ പറയുന്നത് രണ്ടുപേരോ അതിലധികമോ ആളുകൾ ഒരുമിച്ച് പോകണമെന്നാണ്. അതിനാധാരമായിട്ട് അവർ പറയുന്നത്; യേശു പന്ത്രണ്ട് ശിഷ്യന്മാരെ അയക്കുമ്പോഴും, അനന്തരം എഴുപത് ശിഷ്യന്മാരെ അയക്കുമ്പോഴും ഈരണ്ടായിട്ടാണ് അയച്ചതെന്നാണ്. (മർക്കൊ, 6:7, ലൂക്കൊ, 10:1). ഇവർക്ക് യേശു ചെയ്തതുപോലെ തന്നെ ചെയ്യുവാനുള്ള വ്യഗ്രതയൊന്നുമല്ല. അങ്ങനെയാണെങ്കിൽ രണ്ടുപേരെ വീതം മാത്രമേ അനുവദിക്കാവൂ. രണ്ടിൽക്കൂടുതൽ പേർ ആകാമെന്നു പറയുന്നതെങ്ങനെ? യേശു രണ്ടുപേരെ മാത്രമല്ലേ അയച്ചത്? ദൈവവചനം പറയുന്നു; "ബഹുജനത്തെ അനുസരിച്ചു ദോഷം ചെയ്യരുതു; ന്യായം മറിച്ചുക

ളവാൻ ബഹുജനപക്ഷം ചേർന്നു വ്യവഹാരത്തിൽ സാക്ഷ്യം പറയരുതു." (പുറ, 23:2). ഇക്കാര്യത്തിൽ ദൈവവചനം എന്തുപറയുന്നു എന്നു നോക്കാം. ആദിമസഭ (അപ്പൊസ്തലന്മാർക്കും അവരുടെ ശിഷ്യന്മാർക്കും ശേഷമുള്ള സഭ) ഉപദേശങ്ങൾ രൂപപ്പെടുത്തുന്നതിന് ചില മാനദണ്ഡങ്ങൾ ഉപയോഗിച്ചിരുന്നു. ഒന്ന്; യേശുക്രിസ്തു പഠിപ്പിച്ചതായിരിക്കണം. അഥവാ സുവിശേഷങ്ങളിൽ അതുണ്ടായിരിക്കണം. രണ്ട്; അപ്പൊസ്തലന്മാർ അത് അനുസരിച്ചതായിരിക്കണം. അഥവാ അപ്പൊസ്തലപ്രവൃത്തികളിൽ അത് ഉണ്ടായിരിക്കണം. മൂന്ന്; ലേഖനങ്ങളിൽ അതിനെക്കുറിച്ച് ഉപദേശം വേണം. അഥവാ റോമർ തുടങ്ങി യൂദാ വരെയുള്ള ലേഖനങ്ങളിൽ എവിടെയെങ്കിലും അത് പ്രതിപാദിച്ചിരിക്കണം. ഇതാണ് വേദപുസ്തകത്തിലെ ഒരുകാര്യം ഉപദേശമാണോ അല്ലയോയെന്നു കണ്ടെത്താനുള്ള മാർഗ്ഗം. യേശു ഈരണ്ടുപേരെ അയച്ചകാര്യം ഇനിയൊന്നു പരിശോധിച്ചു നോക്കാം. സുവിശേഷങ്ങളിൽ രണ്ടു പേരെ വീതം മാത്രമാണ് യേശു അയച്ചത്. ഇനി അപ്പൊസ്തലപ്രവൃത്തികളിൽ നോക്കാം. അവിടെ രണ്ടു പേരോ അതിൽ കൂടുതലോ ആളുകൾ മാത്രമാണോ സുവിശേഷവേലയ്ക്ക് പോയത്. അല്ല ഒറ്റയ്ക്കും പോയിട്ടുണ്ട്. അതൊന്നു പരിശോധിക്കാം: ആകെ സുവിശേഷവേല ഏകദേശം മുപ്പതാണ്. പത്തും പത്തിലധികംപേർ മൂന്നു പ്രാവശ്യവും, ഏഴുപേർ ഒരു പ്രാവശ്യവും, നാലുപേർ ഒരു പ്രാവശ്യവും, മൂന്നുപേർ രണ്ടു പ്രാവശ്യവും, രണ്ടു പേർ ആറ് പ്രാവശ്യവും, ഒറ്റയ്ക്ക് പതിനേഴ് പ്രാവശ്യവും സുവിശേഷമറിയിച്ചിട്ടുണ്ട്. സ്തഫാനൊസ്, ഫിലിപ്പൊസ്, അനന്യാസ്, പൌലൊസ്, പത്രൊസ്, ബർന്നബാസ്, യാക്കോബ്, അപ്പല്ലോസ് തുടങ്ങി എട്ടുപേർ പതിനേഴു പ്രാവശ്യം ഒറ്റയ്ക്കുപോയി സുവിശേഷം അറിയിച്ചതിന്റെ രേഖ പ്രവൃത്തികളിലുണ്ട്. ഇ

നി ലേഖനങ്ങളിലേക്ക് പോയാൽ അവിടെയും എത്രപേർ പോണമെന്ന് ഒരു കണക്ക് പറഞ്ഞിട്ടില്ല. പക്ഷെ എല്ലാവരും പോണമെന്ന് പറഞ്ഞിട്ടുണ്ട്. (1പത്രൊ, 2:9). കൂടാതെ പൌലൊസ് പലയിടത്തും ഒറ്റയ്ക്ക് സുവിശേഷം അറിയിച്ചതിന്റെ രേഖകളുമുണ്ട്. (റോമ, 1:15, 1കൊരി, 1:17, 9:16, 2കൊരി, 2:12, ഗലാ, 4:13). താൻ പറയുന്നതും ശ്രദ്ധിക്കുക; "ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം!" (1കൊരി, 9: 16). ഇവിടെ 'ഞാൻ, എനിക്കു' എന്നിങ്ങനെ ഏകവചനത്തിലാണ് പറഞ്ഞിരിക്കുന്നത്. യേശു സുവിശേഷമറിയിക്കാൻ ഈരണ്ടായി അയച്ചത് ഒരു ഉപദേശമായിരുന്നെങ്കിൽ അത് ആദ്യം ലംഘിച്ചത് തന്റെ അപ്പൊസ്തലന്മാരായിരുന്നു എന്നുവരും. തന്മൂലം അതൊരു ഉപദേശമല്ലായിരുന്നു; പ്രസ്തുത അന്നത്തെ രാഷ്ട്രീയവും സാമൂഹികവുമായ സാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ പരസ്പര സഹായത്തിനാണ് രണ്ടുപേരെവീതം അയച്ചതെന്ന് മനസ്സിലാക്കാം. ദൈവത്തോട് വിശ്വാസികൾ ക്കുള്ള ബന്ധം വ്യക്തിപരമാണ്. തന്മൂലം സുവിശേഷം അറിയിക്കാനുള്ള ഉത്തരവാദിത്വവും വ്യക്തിപരമാണ്. കൂടെയൊരാൾ അഥവാ ഒരുകൂട്ടം ആളുണ്ടെങ്കിലേ താൻ സുവിശേഷമറിയിക്കൂ എന്നു ശഠിക്കുന്നത് ധാർഷ്ട്യം മാത്രമാണ്. മേൽവിവരിച്ച മാനദണ്ഡമുപയോഗിച്ച് പരിശോധിച്ചാൽ വിശ്വാസികൾ വിഴുങ്ങിക്കളയുന്ന ഉപദേശങ്ങൾ അനവധിയുണ്ട്. ഉപവാസം ഒരനാവശ്യ സംഗതിയാണെന്നാണ് ചില സഭകൾ കരുതുന്നത്. എന്നാൽ യേശു ഉപവസിക്കുകയും ഉപവാസത്തെക്കുറിച്ച് സൂചിപ്പിക്കുകയും ചെയ്തു. (മത്താ, 4:2, 6:16-17). ഉപവാസത്തിന്റെ പ്രഥമാർത്ഥം ഭക്ഷണം വർജ്ജിക്കുകയെന്നല്ല. ദൈവത്തോടുകൂടെ വസിക്കുകയെന്നാണ്. ഭക്ഷണം കഴിച്ചുകൊണ്ടോ, പകുതി വർജ്ജിച്ചുകൊണ്ടോ, മുഴുവൻ വർജ്ജിച്ചുകൊ

ണ്ടോ ദൈവത്തോടൊപ്പം വസിക്കാം. അപ്പൊസ്തലപ്രവൃത്തികളിൽ ശിഷ്യന്മാർ ഉപവസിച്ചിരുന്നു. (13:2-3, 14:23). ലേഖനങ്ങളിൽ പൌലൊസ് മൂന്നുവട്ടം ഉപവസിച്ചതായി കാണുന്നു. (1കൊരി, 7:5, 2കൊരി 6:5, 11:27). ഇനിയൊന്നുണ്ട്: "പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ. നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും." (മത്താ, 6:19--21). ഇതൊരു ഉപദേശമാണ്. അപ്പൊസ്തലപ്രവൃത്തികളിൽ ആദിമസഭ ഇതനുസരിച്ചു. (4:32-35). ലേഖനങ്ങളിൽ ഉപദേശവുമുണ്ട്. (യാക്കോ, 5:1-3). വേറൊരെണ്ണമുണ്ട്: ദശാംശം പുതിയനിയമസഭയുടെ ഉപദേശമല്ലെന്നാണ് ചിലർ കരുതുന്നത്. എന്നാലത് സുവിശേഷങ്ങളിൽ പറഞ്ഞിട്ടുണ്ട്. (മത്താ, 23:23, ലൂക്കൊ, 11:42). അപ്പൊസ്തലപ്രവൃത്തികളിൽ ആദിമസഭ അതിലധികമായി അതനുസരിച്ചിട്ടുണ്ട്. (4:34-35). ലേഖനങ്ങളിൽ ഉപദേശവുമുണ്ട്. (ഗലാ, 6:6, 1കൊരി, 16:1). ഇതുപോലെ അനുസരിക്കേണ്ടതായ പല ഉപദേശങ്ങളും വേദപുസ്തകത്തിലുണ്ട്. അതൊന്നും അനുസരിക്കാതെ ഒരടിസ്ഥാനവുമില്ലാത്ത കാര്യങ്ങൾക്കുവേണ്ടി വാശിപിടിക്കരുത്. പരീശന്മാരോടും ശാസ്ത്രിമാരോടും യേശു ഇപ്രകാരം പറഞ്ഞിട്ടുണ്ട്; "കുരുടന്മാരായ വഴികാട്ടികളേ, നിങ്ങൾ കൊതുകിനെ അരിച്ചെടുക്കയും ഒട്ടകത്തെ വിഴുങ്ങിക്കളകയും ചെയ്യുന്നു." (മത്താ, 23:24). സുവിശേഷമറിയിക്കാൻ വീണ്ടുംജനിച്ച ആർക്കും ഒറ്റയ്ക്കോ പെട്ടയ്ക്കോ പോകാം. പ്രവാചകനായ ആമോസ് പറയുന്നു; "രണ്ടുപേർ തമ്മിൽ ഒത്തിട്ടല്ലാതെ ഒരുമിച്ചു നടക്കുമോ? ഇരയില്ലാതിരിക്കുമ്പോൾ സിംഹം കാ

ട്ടിൽ അലറുമോ?" (3:3). ഒരു വീട്ടിൽ ഭാര്യയ്ക്കും ഭർത്താവിനും ഭിന്നാഭിപ്രായമുള്ള ഇക്കാലത്ത്, ഒരാൾ കൂടെയില്ലാതെ താൻ സുവിശേഷമറിയിക്കില്ലെന്ന് ഒരു വിശ്വാസി ശഠിച്ചാൽ അവന്റെ ആയുസ്സിൽ അവൻ സുവിശേഷവേലയ്ക്ക് കൊള്ളാവുന്നവനും ദൈവത്തെ അനുസരിക്കുന്നവനുമല്ല. മാത്രമല്ല "ഞാനോ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടെ ഉണ്ടു" (മത്താ, 28:19) എന്നു സഭാനാഥൻ അരുളിച്ചെയ്യുമ്പോൾ ഒരാൾ സുവിശേഷമറിയിക്കാൻ ഒറ്റയ്ക്ക് പോയാലും തനിച്ചാകുന്നതെങ്ങനെ? ഇനി ഓരോ സ്ഥലത്തെയും രാഷ്ട്രീയവും സാമൂഹികവും മതകീയവുമായ സാഹചര്യങ്ങളുടെ പശ്ചാത്തപത്തിൽ സുവിശേഷമറിയിക്കാൻ പോകുന്നവർക്ക് തമ്മിൽപ്പറഞ്ഞ് തീരുമാനിക്കാം. ഒറ്റയ്ക്ക് പോണമോ, ഇരട്ടയ്ക്ക് പോണമോ, കൂട്ടമായി പോണമോയെന്ന്. ഇത് വിശ്വാസികൾ തമ്മിൽ പരസ്പര സ്നേഹത്തിലും വിശ്വാസത്തിലും അധിഷ്ഠിതമായിരിക്കുന്ന അധികാരമാണ് അല്ലാതെ ദൈവവചനത്തിലുള്ളതല്ല. ദൈവവചനത്തെ നമ്മുടെ ഉപദേശമാക്കാമെന്നല്ലാതെ, താന്താന്റെ ഉപദേശത്തെ ദൈവവചനമാക്കാമെന്ന് ആരും വ്യാമോഹിക്കരുത്.

## VII. താക്കോൽ എങ്ങനെ ഉപയോഗിക്കണം

വാക്ചാതുര്യതയോടുകൂടി സുവിശേഷം പ്രസംഗിക്കുവാൻ കഴിവുള്ളവർ മാത്രമാണ് സുവിശേഷവേലയ്ക്ക് കൊള്ളാവുന്നവർ എന്നൊരു പൊതു ധാരണയുണ്ട്. വാക്വൈഭവം സുവിശേഷത്തിനുള്ള യോഗ്യതയല്ല; മറിച്ച് അതൊരു കലയാണ്. സുവിശേഷം അറിയിക്കാനുള്ള യോഗ്യത വീണ്ടുംജനനമാണ്. "ദാവീദിന്റെ സന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രി

സ്തുവിനെ ഓർത്തുകൊൾക. അതു ആകുന്നു എന്റെ സുവിശേഷം." (2തിമൊ, 2:8). ഇതാണ് സുവിശേഷത്തിന്റെ ആകെത്തുക. ഇത് പൌലൊസിന്റെ മാത്രം സുവിശേഷമല്ല. വീണ്ടുംജനിച്ച ഓരോ ദൈവപൈതലിന്റെയും സുവിശേഷമാണ്. യേശു എന്റെ പാപങ്ങൾക്കുവേണ്ടി മരിച്ചുയിർത്തെഴുന്നേറ്റെന്ന് ഞാൻ വിശ്വസിച്ചപ്പോൾ എനിക്കു രക്ഷ ലഭിച്ചു. നിങ്ങൾ വിശ്വസിച്ചാൽ നിങ്ങളേയും ഈ യേശു രക്ഷിക്കുമെന്നു പറയാൻ ഒരു വൈഭവവും ആവശ്യമില്ല. ഒരു വിശ്വാസി യഥാർത്ഥമായി പരിശുദ്ധാത്മാവിനാൽ വീണ്ടും ജനിച്ചവനാണെങ്കിൽ സുവിശേഷം അറിയിക്കകതന്നെ ചെയ്യും. "എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല; ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയക്കും. അവൻ വന്നു പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിനു ബോധം വരുത്തും." (യോഹ, 16:7-8). മനുഷ്യരെല്ലാം പാപികളാണെന്നും, ഈ പാപത്തിനു പരിഹാരം വരുത്തുവാൻ നീതിമാനായ യേശുക്രിസ്തു കാൽവരി ക്രൂശിൽ മരിച്ചുവെന്നും, ഈ കർത്താവിലും പാപപരിഹാരബലിയിലും വിശ്വസിച്ചാൽ, ആദ്ധ്യാത്മിക രക്ഷ ലഭിക്കുമെന്നും, അല്ലെങ്കിൽ ഭയങ്കരമായൊരു ന്യായവിധിയിലേക്ക് അഭിമുഖീകരിക്കേണ്ടിവരുമെന്നും ലോകത്തിനു ബോധം വരുത്തുന്നതാണ് സുവിശേഷം. പരിശുദ്ധാത്മാവ് ഉള്ളിൽ വസിക്കുന്ന ഓരോരുത്തനും ഇത് മറ്റുള്ളവരോടറിയിക്കാൻ വ്യഗ്രതപ്പെട്ടുകൊണ്ടിരിക്കും. ഏകദൈവമേ നമുക്കുള്ളൂ. (1കൊരി, 8:6). ഈ ദൈവത്തിലേക്കെത്താൻ കർത്താവായ യേശുക്രിസ്തു എന്ന ഏകവഴി മാത്രമേയുള്ളൂ. (യോഹ, 14:6). സുവിശേഷവും ഒന്നു മാത്രമേയുള്ളൂ. (ഗലാ, 1:7). അതുകൊണ്ട് സു

വിശേഷമറിയിക്കുന്ന രീതിയും ഒന്നുമാത്രമേയുള്ളൂ എന്നു ധരിക്കരുത്. പല നിലകളിൽ സുവിശേഷമറിയിക്കാൻ കഴിയും. വീടുകൾതോറും ചെന്ന് യേശുവിനെക്കുറിച്ചു പറയാം. വഴികളിൽ കാണുന്നവരോടു പറയാം. കവലകളിൽ നിന്ന് പ്രസംഗിക്കാം. ഇതിനൊക്കെ ബുദ്ധിമുട്ടുള്ളവർക്ക് ലഘുലേഖകൾ വിതരണം ചെയ്യാം. കഴിവുള്ളവർക്ക് ദൃശ്യശ്രവണ മാധ്യമങ്ങളിലൂടെ സുവിശേഷം അറിയിക്കാം. ഇതൊന്നും കഴിയാത്തവർക്ക് സ്വന്തം ജീവിതം സുവിശേഷമാക്കാം. കൊരിന്ത്യരോടു അപ്പൊസ്തലൻ പറയുന്നു; "ഞങ്ങളുടെ ശുശ്രൂഷയാൽ നിങ്ങൾ ക്രിസതുവിന്റെ പത്രമായി വെളിപ്പെടുന്നു." (2കൊരി, 3: 3). എല്ലാവരും ക്രിസ്തുവിനെക്കുറിച്ച് വായിച്ചറിയുന്ന ഒരു പത്രമായിത്തീരുക. 'മദർ തെരേസ' അതിനൊരുദാഹരണമാണ്. അവർ ക്രിസ്തുവിനെ തന്റെ ജീവിതത്തിലൂടെ കാണിച്ചു കൊടുക്കുകയായിരുന്നു. ആശുപത്രികളിൽ ചെന്ന് അശരണരായ രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും, അവരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കുകയും ചെയ്യാം. ദരിദ്രരും നഗ്നരും രോഗികളുമായി വഴിയരുകിൽ കിടക്കുന്നവരോടു കരുണ കാണിക്കുന്നതും സുവിശേഷത്തിന്റെ പ്രവൃത്തിയാണ്. (മത്താ, 25: 35-40). "അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ." (മത്താ, 5:16). അവരവർക്ക് അനുയോജ്യമായതും സന്തോഷം നല്കുന്നതുമായ രീതികൾ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം ഓരോരുത്തരിലും നിഷിപ്തമാണ്.

## VIII. താക്കോലും ആത്മാക്കളും

ആത്മാക്കളെ നേടുന്നവർക്കു മാത്രമേ പ്രതിഫലം കിട്ടുകയുള്ളുവെന്ന് ചിലർ വിശ്വസിക്കുകയും അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. അത് വേദപുസ്തകത്തിന്റെ ഉപദേശമേയല്ല. കാരണം ആത്മാക്കളെ നേടുകയെന്നത് മനുഷ്യരുടെ കൊക്കിലൊതുങ്ങുന്ന കാര്യമല്ല. പൗലൊസ് പറയുന്നു; "ആകയാൽ വളരുമാ റാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനെക്കുന്നവനും ഏതുമില്ല." (1കൊരി, 3:7). ക്രിസ്തുവിനും രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ഭക്തനായ ഇയ്യോബ് ഇപ്രകാരം ചോദിച്ചു; "മനുഷ്യൻ മരിച്ചാൽ വീണ്ടും ജീവിക്കുമോ?" (ഇയ്യോ, 14: 14). അതിന്റെ മറുപടി  ഒരു സഹസ്രാബ്ദം കഴിഞ്ഞപ്പോൾ കോരഹ്പുത്രന്മാരാണ് പറഞ്ഞത്; "സഹോദരൻ ശവക്കുഴി കാണാതെ എന്നെന്നേക്കും ജീവിച്ചിരിക്കേണ്ടതിന്നു അവനെ വീണ്ടെടുപ്പാനോ ദൈവത്തിനു വീണ്ടെടുപ്പുവില കൊടുപ്പാനോ ആർക്കും കഴികയില്ല. അവരുടെ പ്രാണന്റെ വീണ്ടെടുപ്പു വിലയേറിയതു; അതു ഒരുനാളും സാധിക്കയില്ല." (സങ്കീ, 49:7-9). വീണ്ടും ഒരു സഹസ്രാബ്ദമായപ്പോൾ അപ്പൊസ്തലന്മാർ യേശുവിനോട് ചോദിച്ചു; "എന്നാൽ രക്ഷിക്കപ്പെടുവാൻ ആർക്കു കഴിയും." (ലൂക്കൊ, 18:26).  യേശു അതിനു മറുപടി പറഞ്ഞു: "മനുഷ്യരാൽ അസാദ്ധ്യമായതു ദൈവത്താൽ സാദ്ധ്യമാകുന്നു" (ലൂക്കൊ, 18:26-27). ഇതു ശിഷ്യന്മാരോട് പറഞ്ഞശേഷമാണ് താൻ യെരുശലേമിൽപ്പോയി കഷ്ടം സഹിക്കയും മരിക്കയും ഉയിർത്തെഴുന്നേല്ക്കയും വേണമെന്ന് പറയുന്നത്. (ലൂക്കൊ, 18:31-33). അർത്ഥാൽ യേശുവിന്റെ ക്രൂശുമരണവും ഉയിർത്തെഴുന്നേല്പുമാണ് രക്ഷയ്ക്കാധാരം. ഇത് വിശ്വസിക്കുന്ന ആത്മാക്കളാണ് രക്ഷ പ്രാപിക്കുന്നത്. വിശ്വാസവും ദൈവത്തിന്റെ കൃപയാലുള്ള ദാനമാണ്. (എഫെ, 2:8). തന്മൂലം വിശ്വാസം പകർന്നു കൊടുക്കുന്നതും ആത്മാക്കളെ നേടു

ന്നതും ദൈവമാണ്. അർത്ഥാൽ വീണ്ടുംജനിപ്പിക്കാൻ അഥവാ വളരുമാറാക്കാൻ ദൈവത്തിന് മാത്രമേ കഴിയൂ. മനുഷ്യന് മനുഷ്യന്റെ വീണ്ടെടുപ്പു വില നല്കാൻ കഴിയാത്തതുപോലെ ഒരു സുവിശേഷകനും രക്ഷ നല്കാൻ കഴിയില്ല. രക്ഷയെക്കുറിച്ചുള്ള ദൂതറിയിക്കുവാനേ കഴിയൂ. നാം ദൈവത്തിന്റെ വേലക്കാർ മാത്രമാണ്. വേലയുടെ നഷ്ടവും ലാഭവും ദൈവത്തിനുള്ളതാണ്. നഷ്ടം വന്നാലും ലാഭം വന്നാലും അഥവാ ആത്മാക്കൾ വിടുവിക്കപ്പെട്ടാലും ഇല്ലെങ്കിലും ഓരോരുത്തരോടും സുവിശേഷം അറിയിച്ചതിന്റെ പ്രതിഫലം നമുക്ക് നിശ്ചയമായും ലഭിക്കും. (1കൊരി, 3:8). ഒരുദാഹരണം പറയാം; ഒരു മുതലാളി തന്റെ തോട്ടത്തിൽ വാഴകൃഷി ചെയ്യുവാനായി ഒരു കൃഷിക്കാരനെ നിയമിച്ചു എന്നിരിക്കട്ടെ. താൻ ചെന്ന് നിലമൊരുക്കി തടമെടുത്ത് വാഴനട്ടു. എന്നും താൻ വളവും വെള്ളവും ഒഴിച്ചു കൊടുത്തു അതിനെ പരിപാലിച്ചു പോന്നു. ഒരു കർഷകനെ സംബന്ധിച്ച് ഇത്രയും മാത്രമേ ചെയ്യാൻ കഴിയൂ. ഇനി വാഴ കുലയ്ക്കുകയും, കാലാവസ്ഥ അനുകൂലമാകുകയും ചെയ്താൽ നല്ല വിളവു ലഭിക്കും. ഇത് കർഷകനല്ല ചെയ്യുന്നത്; ദൈവമാണ്. ഏതെങ്കിലും കാരണവശാൽ വാഴ കുലയ്ക്കാതത വന്നാലും, കാറ്റ് പ്രതികൂലമായ കാരണത്താൽ കുലച്ച വാഴ നശിച്ചുപോയാലും കർഷകന് തന്റെ കൂലി കിട്ടുക തന്നെ ചെയ്യും. കാരണം യജമാനനും കർഷകനുമായുള്ള കരാർ വിശ്വസ്തതയോടെ വേല ചെയ്യുക എന്നതാണ്. വിളവ് കുറഞ്ഞാലും സമൃദ്ധിയായുണ്ടായാലും വേലക്കാരന് പറഞ്ഞുറപ്പിച്ച കൂലിയിൽ കുറവും കൂടുതലും ഉണ്ടാകില്ല; വേലയുടെ നഷ്ടവും ലാഭവും യജമാനനുള്ളതാണ്. ഭൂമിയിലെ യജമാനന്മാർ പ്രതിഫലം ഒട്ടും കുറയ്ക്കില്ലെങ്കിൽ, സ്വർഗ്ഗത്തിലെ യജമാൻ എത്രയധികമായ് പ്രതിഫലം നല്കും. ആത്മാക്കൾ ദൈവഭാഗത്തേക്ക് വന്നാ

ൽ വേല ചെയ്യാൻ ഉത്സാഹമുണ്ടാകുമെന്നത് വാസ്ഥവം. എന്നാൽ ആത്മാക്കൾ വിടുവിക്കപ്പെട്ടില്ലെങ്കിലും നമ്മൾ നിരാശരാകേണ്ട കാര്യമില്ല. നമ്മുടെ സുവിശേഷം മറഞ്ഞിരിക്കുന്നു എങ്കിൽ നശിച്ചു പോകുന്നവർക്കത്രേ മറഞ്ഞിരിക്കുന്നു. (2 കൊരി, 4:3).

## IX. താക്കോലും സഹോദരിമാരും

ചില സഭകളിൽ സഹോദരിമാർ താക്കോൽ ഉപയോഗിക്കാൻ പാടില്ല അഥവാ സുവിശേഷം അറിയിക്കാൻ പോകരുതെന്ന ഒരു ഹിഡൻ അജണ്ടയുണ്ട്. കത്തോലിക്ക സഭയ്ക്ക് പാപമോചനം കൊടുക്കുവാനും പ്രതിഫലം വാങ്ങിക്കൊടുക്കുവാനും അധികാരമുണ്ടെന്നാണ് അവർ വിശ്വാസികളെ പഠിപ്പിച്ചിരിക്കുന്നത്. അതുപോലുള്ള അധികാരങ്ങൾ പ്രൊട്ടസ്റ്റന്റ് സഭകൾക്കും ഉണ്ടായിരുന്നെങ്കിൽ നന്നായിരുന്നു. ഓരോ പ്രാദേശിക സഭകൾക്കും അവരവരുടെ സഹോദരിമാക്ക് ആവശ്യംപോലെ പ്രതിഫലം നല്കാമായിരുന്നു. അതുപക്ഷേ വേദപുസ്തകം വ്യവസ്ഥ ചെയ്യുന്നില്ല. അതുകൊണ്ട് സുവിശേഷം അറിയിക്കുക തന്നെ വേണം. വേല ചെയ്യാത്തവർക്ക് എങ്ങനെ കൂലികിട്ടും. സുവിശേഷ വേലയ്ക്കായി ധാരാളം കൊടുക്കുന്നവരാണ് എല്ലാവരുമെന്നറിയാം. അത് വിസ്മരിച്ചുകൊണ്ടല്ല പറയുന്നത്. പലരും പറഞ്ഞുകേട്ടിട്ടുണ്ട്; "വേല ചെയ്തില്ലെങ്കിലും കുഴപ്പമില്ല; വേലക്കാരെ സഹായിച്ചാൽ മതി." അത് ബൈബിളിന്റെ ഉപദേശമല്ല. ദൈവവചനത്തിന്റെ പ്രധാന ഉപദേശം; 'പുറപ്പെടുക' (മത്താ, 28:19), 'പോകുക' (മർക്കൊ, 16:15), 'സുവിശേഷം അറിയിക്ക' (ലൂക്കൊ, 9:60), 'വേലചെയ്ക' (മത്താ, 21:28) എന്നിങ്ങനെയാണ്. പിന്നെയാണ് 'കൊടുക്കുക അഥവാ അയയ്ക്കുക' (2കൊരി, 9:7) എ

ന്നത്. സുവിശേഷകന്മാരെയും, ശുശ്രൂകന്മാരെയും, സഹവിശ്വാസികളെയും, ലോകത്തിലുള്ള അഗതികളെയും, ആശ്രയമില്ലാത്ത വിധവകളെയും, രോഗികളെയുമെല്ലാം സഹായിക്കേണ്ടത് ദൈവമക്കളുടെ കടമയാണ്. "ഞങ്ങൾ സകലവും വിട്ടു നിന്നെ അനുഗമിച്ചുവല്ലോ; ഞങ്ങൾക്കു എന്തു കിട്ടും" (മത്താ, 19:27) എന്ന പത്രൊസിന്റെ ചോദ്യത്തിനു മറുപടിയായി യേശു പറയുന്നതു ശ്രദ്ധിക്കുക; "എന്റെ നിമിത്തവും സുവിശേഷം നിമിത്തവും വീടോ സഹോദരന്മാരെയോ സഹോദരികളെയോ അമ്മയെയോ അപ്പനെയോ മക്കളെയോ നിലങ്ങളെയോ വിട്ടാൽ, ഈ കാലത്തിൽ തന്നേ പല മടങ്ങായും വരുവാനുള്ള ലോകത്തിൽ നിത്യജീവനെയും പ്രാപിക്കാത്തവൻ ആരും ഇല്ല എന്നു ഞാൻ സത്യമായിട്ടു നിങ്ങളാടു പറയുന്നു" എന്നു പറഞ്ഞു." (മർക്കൊ, 10:28-30, ലൂക്കോ, 18: 28-30). ഈ ലോകത്തിൽ ക്രിസ്തുവിന്റെ നാമത്തിൽ ആർക്കെന്തു കൊടുത്താലും പലമടങ്ങായി ഭൂമിയിൽത്തന്നെ തിരികെക്കിട്ടും; കാരണം ദൈവം ആർക്കും കടക്കാരനല്ല. എന്നാൽ വരുവാനുള്ള ലോകത്തിൽ നിത്യജീവനെ കൂടാതെ, പ്രതിഫലം പ്രാപിക്കണമെങ്കിൽ സുവിശേഷവേല ചെയ്യുകതന്നെ വേണം. സഹോദരിമാർ സുവിശേഷം അറിയിച്ചതിന്റെ രേഖ ബൈബിളിലില്ലെന്ന് കരുതുന്നവരുണ്ട്. ഫിലിപ്പിസഭയിലെ സഹോദരിമാരായ സുന്തുകയും യുവൊദ്യയും, പൌലൊസും കൂട്ടുവേലക്കാരനായ ക്ളേമന്തും മുതലായവരോടൊപ്പം സുവിശേഷഘോഷണത്തിൽ പോരാടിയവരാണ്. (ഫിലി, 4:2-3). പൗലൊസിന്റെ കൂട്ടുവേലക്കാരിയായിരുന്നു പ്രിസ്കില്ല എന്ന സഹോദരി. (റോമ, 16;3). അക്വിലാവിന്റെയും പ്രിസ്കില്ലവിന്റെയും വീട്ടിൽ ഒരു സഭയുണ്ടായിരുന്നു. (1 കൊരി, 16:19). താൻ ഉയിർത്തെഴുന്നേറ്റ സദ്വർത്തമാനം ശിഷ്യന്മാരോടറിയിക്കാൻ മഗ്ദലക്കാരത്തി മറിയ

യെയും മറ്റു സ്ത്രീകളയുമാണ് യേശു നിയോഗിച്ചത്. (മത്താ, 28:9-10, യോഹ, 20:17). സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ നാം ഉപയോഗിച്ചില്ലെങ്കിൽ യേശു പരീശന്മാരിലും ശാസ്ത്രിമാരിലും ആരോപിച്ച കുറ്റം നമ്മുടെ തലമേലും വരും. "കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരെ, നിങ്ങൾക്കു ഹാ കഷ്ടം; നിങ്ങൾ മനുഷ്യർക്ക് സ്വർഗ്ഗരാജ്യം അടെച്ചുകളയുന്നു." (മത്താ, 23:13). താക്കോൽ ഉപയോഗിക്കുക യെന്നു പറഞ്ഞാൽ; സുവിശേഷഘോഷണത്തിനുള്ള അധികാരം മുഴുവൻ ഉപയോഗിക്കുക എന്നാണർത്ഥം. അത് വർഗ്ഗവർണ്ണലിംഗ വ്യത്യാസമില്ലാതെ വീണ്ടുംജനിച്ച എല്ലാവരും ചെയ്യേണ്ടതാകുന്നു. സ്വർഗ്ഗരാജ്യം ലോകത്തിനു മുമ്പിൽ തുറന്നു കിടക്കുകയാണ്. നാം ചെയ്യേണ്ടത് ഇത്രമാത്രം: വഴിതെറ്റി നരകത്തിലാക്ക് യാത്രചെയ്യുന്ന ആത്മാക്കളോട് "വഴി ഇതിലേ, വഴി ഇതിലേ, വഴി ഇതിലേ" എന്നു പറഞ്ഞു കൊടുക്കുക. അതാണ് താക്കോലും അതുതന്നെയാണ് സുവിശേഷവും. നാം സുവിശേഷം അറിയിച്ചില്ലെങ്കിലും ദൈവത്തിന് പ്രത്യേകിച്ച് നഷ്ടമൊന്നും വരാൻ പോകുന്നില്ല. നമ്മേക്കാൾ യോഗ്യതയുള്ളവർ അതു ചെയ്യുകയും പ്രതിഫലം പ്രാപിക്കുകയും ചെയ്യും. വേല ചെയ്യാത്തവർക്ക് പ്രതിഫലം കിട്ടില്ലെന്നല്ലേ ഉള്ളൂ. നിത്യജീവൻ കിട്ടുമല്ലോ എന്നോർത്ത് ആശ്വസിക്കാനും വകയുണ്ടാകില്ല. കാരണം നിത്യത മുഴുവൻ ലജ്ജ ധരിച്ച് കഴിയേണ്ടിവരും. മനുഷ്യർക്ക് സ്വർഗ്ഗരാജ്യം അടെച്ചുകളഞ്ഞ കുറ്റത്തിന് സ്വർഗ്ഗത്തിലെ ദൈവത്തിന്റെ മഹിമാസന്നിധിയിൽ ചെല്ലുമ്പോൾ ഇങ്ങനെയുള്ളവർ ലജ്ജിക്കേണ്ടിവരും. ദൈവത്തിന്റെ സന്നിധിയിൽ ആനന്ദത്തോടെ നില്ക്കാൻ സഹോദരിമാരെ നിങ്ങളും ഇറങ്ങണം താക്കോലുമായി സുവിശേഷമറിയിക്കാൻ.

## X. താക്കോലും പ്രതിഫലവും

സ്വർഗ്ഗത്തിലെ പത്തായപ്പുരയുടെ താക്കോലാണിതെന്ന് വിശ്വാസഗോളത്തിലെ ഒരു ന്യൂനപക്ഷം വിശ്വസിക്കുകയും അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. അവർ കരുതുന്നത്; രക്ഷിക്കപ്പെടുന്നവരെല്ലാം വിശ്വാസത്താൽ ഈ താക്കോൽ പിടിച്ചുമേടിക്കണം. അതുവെച്ച് ഭൌതീക സമ്പത്തെല്ലാം വാരിക്കൂട്ടാമെന്നാണ്. ഒരർത്ഥത്തിൽ ദൈവമക്കളുടെ പ്രതിഫലങ്ങൾ സൂക്ഷിച്ചിരിക്കുന്ന സ്വർഗ്ഗത്തിലെ ഭണ്ഡാരത്തിന്റെ താക്കോലാണ് സുവിശേഷം. അതുകൊണ്ട് എല്ലാവർക്കും പ്രതിഫലം ലഭിക്കുമെന്ന് വിചാരിക്കരുത്. സുവിശേഷ വേലക്കാർ മാത്രമാണ് ഈ പ്രതിഫലം പ്രാപിപ്പാൻ യോഗ്യരാകുന്നത്. അത് ഭൂമിയിലല്ല; സ്വർഗ്ഗത്തിൽവെച്ചായിരിക്കും: "അവനവൻ ശരീരത്തിൽ ഇരിക്കുമ്പോൾ ചെയ്തതു നല്ലതാകിലും തീയതാകിലും അതിനു തക്കവണ്ണം പ്രാപിക്കേണ്ടതിനു നാം എല്ലാവരും ക്രിസ്തുവിന്റെ ന്യായാസനത്തിന്റെ മുമ്പാകെ വെളിപ്പെടേണ്ടതാകുന്നു." (2കൊരി, 5:10). ഒരാളുടെ പ്രതിഫലം മറ്റൊരാൾക്ക് കിട്ടുകയുമില്ല: "നടുന്നവനും നനെക്കുന്നവനും ഒരു പോലെ; ഓരോരുത്തന്നു താന്താന്റെ അദ്ധ്വാനത്തിന്നു ഒത്തവണ്ണം കൂലി കിട്ടും." (1കൊരി 3:8). നാം ചെയ്യുന്ന പ്രവൃത്തികൾ നിലനില്ക്കുന്നതായിരിക്കണം. നിലനില്ക്കുന്ന ഒരു വേല മാത്രമേയുള്ളൂ അതാണ് സുവിശേഷവേല. (1കൊരി 3:11, 2തിമൊ, 2:19). വ്യർത്ഥമായ പ്രവൃത്തികളെല്ലാം അഥവാ സുവിശേഷ വേലയൊഴികെയുള്ളതെല്ലാം. കർത്താവിന്റെ നാളിൽ വെന്തുപോകാൻ ഇടയാകും: "ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവനു ചേതം വരും; താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽകൂടി എന്നപോലെ അത്രേ." (1കൊരി, 15). ആരും കഷ്ടിച്ചു രക്ഷ

പ്രാപിപ്പാനല്ല: എല്ലാവരും പ്രതിഫലം പ്രാപിപ്പാൻ തക്കവണ്ണം ഓടുവാൻ ദൈവവചനം നമ്മോടു ആവശ്യപ്പെടുന്നു. (1കൊരി, 9:24). "ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു." (വെളി, 22:12).

## XI. താക്കോലും കിരിടങ്ങളും

കിരീടം എന്നു തർജ്ജമ ചെയ്തിരിക്കുന്ന സ്റ്റെഫാനോസ് (stephanos) എന്ന പദം പുതിയനിയമത്തിൽ പതിനെട്ടു പ്രാവശ്യമുണ്ട്. ബൈബിളിൽ ജേതാക്കൾക്കുള്ള വിജയത്തിന്റെയും പ്രതിഫലത്തിന്റെയും പ്രതീകമാണ് കിരീടം. നാലിടത്ത് ഇത് യേശുവിനെ ധരിപ്പിച്ച മുൾക്കിരീടത്തെ കുറിക്കുന്നു. (മത്താ, 27:29, മർക്കൊ, 15:17, യോഹ, 19:2, 19:5). യേശുക്രിസ്തു സാത്താന്റെ ആധിപത്യത്തിനുമേൽ വിജയം വരിച്ചതിന്റെ പ്രതീകമാണിത്. എട്ടു സ്ഥാനങ്ങളിൽ ഇതു വിശ്വാസികൾക്കുള്ള പ്രതിഫലമാണ്. (1കൊരി, 9:5, ഫിലി, 4:1, 1തെ സ്സ, 2:19, 2തിമൊ, 4:8, യാക്കോ, 1:12, 1പത്രൊ, 5:4, വെളി, 2:10, 3:11). രണ്ടിടത്തത് പഴയനിയമ വിശുദ്ധന്മാരെയും പുതിയനിയമ വിശുദ്ധന്മാരെയും പ്രതിനിധീകരിച്ചുകൊണ്ട് സ്വർഗ്ഗത്തിലെ മൂപ്പന്മാർ അണിഞ്ഞിരിക്കുന്നതാണ്. (വെളി, 4:4, 4:11). അടുത്ത നാലെണ്ണം വിശ്വാസികളുമായി ബന്ധമില്ലാത്തതാണ്. (വെളി, 6:2, 9:7, 12:1, 14:14). ഇനി നമുക്ക് നമ്മുടെ പ്രതിഫലമായ കിരീടത്തെക്കുറിച്ച് വിശദമായി പരിശോധിക്കാം. 1) വാടാത്ത കിരീടം: (1കൊരി, 9:25). ഗ്രീസിലെ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് ഒലിവിലകൊണ്ടുള്ള വാടുന്ന കിരീടമാണ് നല്കിയിരുന്നത്. സുവിശേഷവയലിൽ അക്ഷീണം പ്രയഗ്നിക്കുന്നവർക്ക് ദൈവം നല്കുന്നത് വാടാത്ത കിരീടമാണ്. ഓട്ട

ക്കളത്തിൽ ഓടുന്നവരെന്നും, അങ്കംപൊരുതുന്നവർ എന്നൊക്കെയാണ് സുവിശേഷം അറിയിക്കുന്നവരെ പൌലൊസ് വിശേഷിപ്പിക്കുന്നത്. (1കൊരി, 9:19-27). 2) പ്രശംസാകിരീടം: (ഫിലി, 4:1, 1തെസ്സ, 2:19). പൌലൊസിൽനിന്ന് സുവിശേഷം കേട്ടു രക്ഷിക്കപ്പെട്ടവരെയാണ് താൻ പ്രശംസാകിരീടം എന്നു വിശേഷിപ്പിക്കുന്നത്. അർത്ഥാൽ, നാം സുവിശേഷം അറിയിക്കുന്ന ഓരോരുത്തരും നിമിത്തം ദൈവത്തിൽനിന്ന് നമുക്ക് പ്രശംസ ലഭിക്കുവാൻ കാരണമാകും. 3) നീതിയുടെ കിരീടം: (1തിമൊ, 4:8). കർത്താവിന്റെ പ്രത്യക്ഷത അടുത്തിരിക്കുന്നു എന്നറിഞ്ഞ് തന്നെ ഏല്പിച്ചിരിക്കുന്ന വേല വിശ്വസ്തതയോടെ ചെയ്ത് ഓട്ടം തികയ്ക്കുന്നവർക്കാണ് നീതിയുടെ കിരീടം ലഭിക്കുന്നത്. (1തിമൊ, 4:7-8). അർത്ഥാൽ, സുവിശേഷവേല ചെയ്യുന്നവർക്കാണ് ഈ കിരീടവും വാഗ്ദത്തം ചെയ്തിരിക്കുന്നത്. 4) ജീവകിരീടം: (യാക്കോ, 1:12). പരീക്ഷ സഹിക്കുന്നവർക്കുള്ള കിരീടമാണിത്. രക്തസാക്ഷികളായി മരിക്കുന്നവർക്കും അതേ അവസ്ഥയിൽ ജീവിക്കുന്നവർക്കുമാണ് ഈ കിരീടം. അർത്ഥാൽ, സുവിശേഷവേലയോടുള്ള ബന്ധത്തിൽ രക്തസാക്ഷിയാകുകയും കഷ്ടതയനുഭവിക്കുകയും ചെയ്യുന്നവർക്കാണ് ഈ കിരീടം. 5) തേജസ്സിന്റെ വാടാത്ത കിരീടം: (1പത്രൊ, 5:4). വിശ്വസ്തരായ ഇടയന്മാർക്ക് ഇടയശ്രേഷ്ടൻ പ്രത്യക്ഷനാകുമ്പോൾ ലഭിക്കുന്നതാണ് തേജസ്സിന്റെ വാടാത്ത കിരീടം. സുവിശേഷത്തിനായി തങ്ങളെത്തന്നെ സമർപ്പിച്ചിരിക്കുന്നവരാണ് വിശ്വസ്ത ഇടയന്മാർ. അർത്ഥാൽ, ഇടയന്മാർ സുവിശേഷകരും ഒപ്പം ആടുകളുടെ പാലകരുമായിരിക്കും. അവർക്കുള്ളതാണ് ഈ കിരീടം. 6) ജീവകിരീടം, കിരീടം: (വെളി, 2:10, 3:11). മരണപര്യന്തം വിശ്വസ്തരായിരിക്കുന്നവർക്ക് നല്കുന്നതാണ് ഈ ജീവകിരീടം. വിശ്വസ്തതയെന്നാൽ

ആർക്കും ഗുണവും ദോഷവും ചെയ്യാതെ ഉണ്ടുറങ്ങി ജീവിക്കുന്നതല്ല. ദൈവം ഏല്പിച്ച ജോലിയിൽ വിശ്വസ്തനായിരിക്കുക എന്നതാണ്. ഫിലദെൽഫിയയിലെ സഭയ്ക്ക് കർത്താവു നല്കുന്ന മുന്നറിയിപ്പ് നോക്കുക; "ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിപ്പാന്തക്കവണ്ണം നിനക്കുള്ളതു പിടിച്ചുകൊൾക." (വെളി, 3:11). അർത്ഥാൽ, നമ്മളെ ഏല്പിച്ച ജോലി നാം ചെയ്തില്ലെങ്കിൽ വേല ചെയ്യുന്നവന് അതുംകൂടി കൊടുക്കും. "വേല ചെയ്യാത്തവനിൽനിന്ന് ഉള്ളതുംകൂടി എടുത്തുകളയും." (മത്താ, 19:26, 25:29). സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഉപയോഗിക്കാത്തവർക്ക് അഥവാ സുവിശേഷവേല ചെയ്യാത്തവർക്ക് നിത്യജീവനൊഴികെ ഒന്നും ലഭിക്കില്ല. നിത്യജീവനൊരു ചെറിയ സംഗതിയല്ല. അതിന്റെ അളവറ്റ വലിപ്പം ആരാഞ്ഞറിയാൻ തന്നെ പ്രയാസം. എങ്കിലും നിത്യജീവൻ ലഭിച്ചിരിക്കുന്ന നമുക്ക് അതിനോട് ഒത്തിരി പ്രതിഫലങ്ങളും കൂട്ടിച്ചേർക്കാൻ കഴിയും. "മനുഷ്യപുത്രൻ തന്റെ പിതാവിന്റെ മഹത്വത്തിൽ തന്റെ ദൂതന്മാരുമായി വരും; അപ്പോൾ അവൻ ഓരോരുത്തന്നും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം പകരം നല്കും." (മത്താ, 16:27). ഭൂമിയിലെ നശ്വരജീവിതത്തിനായി ആവശ്യത്തിലധികം സമ്പാദിക്കുന്ന നമ്മൾ സ്വർഗ്ഗത്തിലെ അനശ്വര ജീവിതത്തിനായി സമ്പാദ്യവും പ്രതിഫലവും വേണ്ടെന്ന് വെയ്ക്കുന്നത് യുക്തിസഹമോ?

## XII. താക്കോലും രാജകീയപുരോഹിതന്മാരും

നാം ഓരോരുത്തരും രാജകീയ പുരോഹിതന്മാരും വിശേഷാൽ ദൈവമക്കളുമാണെന്ന് എല്ലാവർക്കുമറിയാം. (1പത്രൊ, 2:9, വെളി, 1:6, 5:10, 20:6). അതിലൊക്കെ നാം അഭിമാനിക്കുകയും ഊറ്റം കൊള്ളുകയും ചെയ്യു

ന്നുമുണ്ട്. ഓരോ രാജകീയ പുരോഹിതന്റെമേലും രണ്ടു ശുശ്രൂഷകൾ ഭരമേല്പിക്കപ്പെട്ടിട്ടുണ്ട്. ഒന്ന്; ദൈവത്തിന് ആത്മീകയാഗം കഴിക്കുക. (1പത്രൊ, 2:5, റോമ, 12:1, എബ്രാ, 13:15). രണ്ട്; ക്രിസ്തുവിനെ പ്രഘോഷിക്കുക, അഥവാ സുവിശേഷവേല ചെയ്ക. (1പത്രൊ, 2:9, അപ്പൊ, 26:18, റോമ, 15:15, 2കൊരി, 4:6). ഇത് ഓരോരുത്തരുടെ മേലുമുള്ള വ്യക്തിപരമായ നിയോഗമാണ്. തന്മൂലം സുവിശേഷമറിയിക്കാൻ ഓരോരുത്തർക്കും കടപ്പാടുണ്ടെന്നും എല്ലാവർക്കുമറിയാം. എന്നാൽ നാം അറിഞ്ഞിട്ടും അറിയാത്ത മറ്റൊരു വസ്തുതയുണ്ട്. നമ്മേക്കാൾ മുമ്പേ ഈ പദവി ദൈവം യിസ്രായേൽ ജനത്തിന് നല്കിയതായിരുന്നു. (പുറ, 19:6). എന്നാൽ അവർക്കത് സാക്ഷാത്കരിക്കുവാൻ കഴിഞ്ഞില്ല. കാരണം ദൈവസാമീപ്യത്തിന്റെ കാഴ്ച അത്രയ്ക്ക് ഭയാനകമായിരുന്നു. (പുറ, 19:18, 19, എബ്രാ, 12: 18, 19). മാത്രമല്ല, "ഒരു മൃഗം എങ്കിലും പർവ്വതം തൊട്ടാൽ അതിനെ കല്ലെറിഞ്ഞു കൊല്ലേണം എന്നുള്ള കല്പന അവർക്കു സഹിച്ചുകൂടാഞ്ഞു." (എബ്രാ, 12:20, പുറ, 19:12,13). തന്മൂലം അവർ ദൈവത്തെ തള്ളിക്കളഞ്ഞു. (പുറ, 20:19). അങ്ങനെ യിസ്രായേൽ ജനത്തിനു മുഴുവനുമായി ദൈവം നല്കിയ പുരോഹിതരാജത്വം എന്ന പദവി മോശെയിലേക്കും തുടർന്നു അഹരോനിലേക്കും ഒടുക്കം ലേവിഗോത്രത്തിനു മാത്രമായും ചുരുങ്ങി. യിസ്രായേൽ ജനത്തിന് ദൈവത്തെ അനുസരിക്കാതിരിക്കാൻ ഒരു കാരണം പറയാനുണ്ട്; "ഞാൻ അത്യന്തം പേടിച്ചു വിറെയ്ക്കുന്നു എന്നു മോശെയും പറയത്തക്കവണ്ണം (ദൈവസാന്നിദ്ധ്യത്തിന്റെ) ആ കാഴ്ച ഭയങ്കരമായിരുന്നു." (എബ്രാ, 12:21). പഴയ നിയമത്തിൽ യിസ്രായേൽ ജനത്തിനു വെളിപ്പെട്ട ഭയപ്പെടുത്തുന്ന ദൈവത്തെയും പുതിയനിയമത്തിൽ ക്രിസ്തുവിലൂടെ വെളിപ്പെട്ട സ്നേഹനിധിയായ

ദൈവത്തെയും തമ്മിൽ എബ്രായലേഖകൻ താരതമ്യം ചെയ്തിട്ടുണ്ട്; "സ്ഥൂലമായതും തീ കത്തുന്നതുമായ പർവ്വതത്തിനും മേഘതമസ്സ്, കൂരിരുട്ടു, കൊടുങ്കാറ്റു, കാഹളനാദം, വാക്കുകളുടെ ശബ്ദം എന്നിവെക്കും അടുക്കൽ അല്ലല്ലോ നിങ്ങൾ വന്നിരിക്കുന്നതു. ആ ശബ്ദം കേട്ടവർ ഇനി ഒരു വചനവും തങ്ങളോടു പറയരുതേ എന്നു അപേക്ഷിച്ചു." (എബ്രാ,12:18,19, പുറ, 19:18, 19). "പിന്നെയോ സീയോൻ പർവ്വതത്തിന്നും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയയെരൂശലേമിന്നും അനേകായിരം ദൂതന്മാരുടെ സർവ്വസംഘത്തിന്നും സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭെക്കും എല്ലാവരുടെയും ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും പുതുനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിന്നും ഹാബെലിന്റെ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹരക്തത്തിന്നും അടുക്കലത്രേ നിങ്ങൾ വന്നിരിക്കുന്നതു. (എബ്രാ, 12:22-24). നമ്മെ സ്നേഹിച്ച സ്നേഹംനിമിത്തം തന്റെ പുത്രനെ യാഗമാക്കി നമ്മോടു കരുണ കാണിച്ച കൃപാനിധിയായ ദൈവത്തിന്റെ സന്നിധിയിൽ നിന്നുകൊണ്ട് തങ്ങളെ ഏല്പിച്ച ജോലി ചെയ്യാത്തതിന് നാമെന്തു ന്യായീകരണം പറയും? "അരുളിച്ചെയ്യുന്നവനെ നിരസിക്കാതിരിപ്പാൻ നോക്കുവിൻ. ഭൂമിയിൽ അരുളിച്ചെയ്തവനെ നിരസിച്ചവർ തെറ്റി ഒഴിയാതിരുന്നു എങ്കിൽ സ്വർഗ്ഗത്തിൽനിന്നു അരുളിച്ചെയ്യുന്നവനെ നാം വിട്ടുമാറിയാൽ എത്ര അധികം." (എബ്രാ, 12:25).

## XIII. ഭൂമിയിൽ നമ്മെ ആക്കിവെച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യം

ലോകം മുഴുവൻ സാത്താന്റെ അധീനതയിൽ ആ

ണെന്നും, ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ടെന്നും, ലോകമെന്നെ ഉപദ്രവിച്ചുവെങ്കിൽ നിങ്ങളേയും ഉപദ്രവിക്കുമെന്നും യേശുവാണ് പറഞ്ഞത്. വീണ്ടുംജനിക്കുന്ന ഓരോരുത്തരും പുതിയ സൃഷ്ടികളും ദൈവത്തിന്റെ മക്കളുമാണ്. ഈ കഷ്ടവും നഷ്ടവും പാപവും രോഗവുമുള്ള ദുഷ്ടലോകത്തിൽ ദൈവം തന്റെ മക്കളെ ആക്കിവെച്ചിരിക്കുന്നത് എന്തിനാണ്? ചിലർ കരുതുന്നത് 'വിശുദ്ധജീവിതം നയിക്കാനാണെന്നാണ്.' ഒരുദാഹരണം പറയാം: 'അമേരിക്കയിലോ യൂറോപ്പിലോ ഉള്ള മക്കളില്ലാത്ത ഒരു സമ്പന്ന ദമ്പതികൾ ഇന്ത്യയിൽ വന്നിട്ട് ഒരു ദരിദ്ര കോളനിയിൽനിന്ന് ഒരു കുഞ്ഞിനെ ദത്തെടുത്തു എന്നു വിചാരിക്കുക. ദത്തിനോടു ബന്ധപ്പെട്ട എല്ലാ രേഖകളും പൂർത്തിയാക്കി, കുഞ്ഞിന്റെ മാതാപിതാക്കൾ ആവശ്യപ്പെട്ട പണവും നല്കിയശേഷം അവർ; ഇനി ഈ കുഞ്ഞ് നല്ലൊരു ധാർമ്മികവിശുദ്ധിയുള്ള ഒരു യുവാവാകുന്നതുവരെ ഇരുപത്തഞ്ചുകൊല്ലം ഇവിടെത്തന്നെ വളരട്ടെ എന്നും പറയുമോ? അതോ അപ്പോൾത്തന്നെ കുഞ്ഞിനെയുംകൊണ്ട് ഇന്ത്യ വിടുമോ? അടുത്ത പ്ലെയിനിൽ കുഞ്ഞിനെ അവർ തങ്ങളുടെ രാജ്യത്തിലേക്ക് കൊണ്ടുപോകും.' അങ്ങനെയെങ്കിൽ ദൈവം തന്റെ മക്കളെ ഭൂമിയിൽ ആക്കിയിരിക്കുന്നതിന്റെ ഉദ്ദേശ്യം വിശുദ്ധജീവിതമല്ലെന്ന് സ്പഷ്ടം. ലോകത്തിൽ ജീവിക്കുമ്പോൾ അതിൽനിന്ന് വേർപെട്ട് വിശുദ്ധജീവിതം നയിക്കേണ്ടത് ആവശ്യമാണ്. "ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" (1പത്രൊ, 1:16) എന്നാണ് കല്പന. ദൈവത്തിന്റെ ഇഷ്ടവും അതുതന്നേ. (1തെസ്സ, 4:3). നമ്മെ ഭൂമിയിൽ ആക്കിയിരിക്കുന്ന ഉദ്ദേശ്യം അഥവാ കാരണത്തിനുവേണ്ടിയാണ് നാം വിശുദ്ധജീവിതം നയിക്കേണ്ടത്. കാരണം അഥവാ ഉദ്ദേശ്യം വിശുദ്ധജീവിതമല്ല. ആയിരുന്നെങ്കിൽ അതിനു പറ്റിയ സ്ഥലം ഭൂമിയല്ലല്ലോ

സ്വർഗ്ഗമല്ലേ? വേറെ ചിലർ കരുതുന്നത് 'ദൈവത്തെ സ്തുതിക്കാൻ വേണ്ടിയാണ് ഭൂമിയിൽ ആക്കിയിരിക്കുന്നതെന്നാണ്.' "ദൈവം യിസ്രായേലിന്റെ സ്തുകളിന്മേൽ വസിക്കുന്നവനാണ്." (സങ്കീ, 22:3). അതുകൊണ്ട് എല്ലാവരും ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കണമെന്നും ചിലർ പഠിപ്പിക്കാറുണ്ട്. നമ്മൾ ഉറക്കെ സ്തുതിച്ചില്ലെങ്കിൽ ദൈവമെങ്ങാനും താഴെവീഴുമോ എന്നാണിവരുടെ പേടി. 'യിസ്രായേലിന്റെ സ്തുതികളെന്നതു' ദാവീദിന്റെ ഒരാലങ്കാരിക പ്രയോഗമാണ്. ദൈവം ആരുടേയും സ്തുകളുടെ മുകളിലല്ല വസിക്കുന്നത്. എന്നാൽ സാറാഫുകൾ ചുറ്റുംനിന്ന് സ്തുതിക്കുന്നുണ്ട്. (യെശ, 6:1-4). ആറാറു ചിറകുകളുള്ള സാറാഫുകൾ രണ്ടുകൊണ്ടു മുഖംമൂടിയും; രണ്ടുകൊണ്ടു പാദംമൂടിയും; രണ്ടുകൊണ്ടു പറന്നുനിന്നും നിത്യം ദൈവത്തെ സ്തുതിക്കുകയാണ്. ഭൂമിയിൽ നമ്മെ ആക്കിവെച്ചിരിക്കുന്ന കാരണത്തിനു വേണ്ടി നാം ദൈവത്തെ ആരാധിക്കുവാനും സ്തുതിക്കുവാനും കടപ്പെട്ടവരാണ്. പക്ഷെ കാരണം ആരാധനയും സ്തുതിയുമല്ല. ആയിരുന്നെങ്കിൽ ഭൂമിയല്ല സ്വർഗ്ഗമാണ് അതിനു പറ്റിയ സ്ഥലം. സാറാഫുകളെപ്പോലെ നമുക്കും ദൈവത്തെ സ്തുതിക്കാമായിരുന്നു. അങ്ങനെയെങ്കിൽ കാരണം അഥവാ ഉദ്ദേശ്യം എന്താണ്? ദൈവദൂതന്മാർ കുനിഞ്ഞുനോക്കുന്ന ഒരു ശുശ്രൂഷയുണ്ട്. അതാണ് സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഉപയോഗിക്കുക അഥവാ ക്രിസ്തുവിന്റെ സുവിശേഷഘോഷണം. (1പത്രൊ, 1:12). ഭൂമിയിൽ വിശ്വാസികളുടെ പ്രവൃത്തികളെല്ലാം തന്നേ സ്വർഗ്ഗത്തിലെ ദൈവത്തിനെ ദുഃഖിപ്പിക്കുന്നതും ക്രിസ്തുവിനെ നിന്ദിക്കുന്നതുമാണ്. എന്നാൽ സ്വർഗ്ഗത്തിൽ അധികം സന്തോഷമുണ്ടാകുന്ന ഒരു കാര്യമുണ്ട്; "അത് ഒരു പാപി മാനസാന്തരപ്പെടുമ്പോഴാണ്." (ലൂക്കൊ, 15:7). അതിന് സുവിശേഷമെന്ന താക്കോൽ നാം

ഉപയോഗിക്കണം. നാം എത്ര വർഷം വിശ്വാസിയായി ജീവിച്ചുവെന്നോ, എത്ര സഭായോഗം കൂടിയെന്നോ, എത്ര പ്രാർത്ഥനാ യോഗങ്ങളിൽ കൂടിയെന്നോ, എത്ര ഇടമീറ്റിംങ്ങുകളിൽ പങ്കെടുത്തെന്നോ, എത്ര ആണ്ടറുതി യോഗം കൂടിയെന്നോ, എത്ര കൺവെൻഷനിൽ സംബന്ധിച്ചെന്നോ ദൈവം കണക്കു വെയ്ക്കില്ല. ഓരോ രാജ്യത്തും അവരവരുടെ പൗരന്മാർ അനുഷ്ടിക്കേണ്ട പൌരനിയമങ്ങൾ ഉണ്ട്. നിയമം ലംഘിച്ചാൽ ശിക്ഷ കിട്ടുമെങ്കിലും, നിയമങ്ങളൊക്കെ കൃത്യമായി പാലിച്ച കാരണത്താൽ ആർക്കും ബഹുമതിയൊന്നും നല്കാറില്ല. മാത്രമല്ല നിയമങ്ങൾ പാലിക്കുന്നവരുടെ പേരെഴുതി സൂക്ഷിക്കാറുമില്ല. അതുപോലെ ക്രിസ്തുവിന്റെ രാജ്യത്തിലെ (സഭയിൽ) പൗരന്മാരായ ഓരോ വിശ്വാസിയും അനുഷ്ടിക്കേണ്ട നിയമങ്ങളാണ് സഭായോഗവും, ആരാധനയും, സ്തുതിസ്തോത്രബഹുമാനങ്ങളും, കൂട്ടായ്മകളും, പ്രാർത്ഥനയും, വിശുദ്ധജീവിതവും. പൌരനിയമങ്ങൾ എന്നു പറഞ്ഞാൽ നമുക്കു മനസ്സിലാക്കാൻ പ്രയാസമാണ്. ഇതിനു മറ്റൊരു പേരുണ്ട്; 'ദൈവസഭയുടെ അടിസ്ഥാന ഉപദേശങ്ങൾ.' സഭയുടെ അടിസ്ഥാന ഉപദേശങ്ങൾ ഏഴാണ്. ദൈവവചനം കൈക്കൊള്ളുക, സ്നാനമേല്ക്കുക, പ്രാദേശിക സഭയോടു ചേരുക, ഉപദേശം കേൾക്കുക, കൂട്ടായ്മ ആചരിക്കുക, അപ്പം നുറുക്കുക, പ്രാർത്ഥന കഴിക്കുക. (പ്രവൃ, 2:41-42). ഇത് രക്ഷിക്കപ്പെട്ടവർ അഥവാ നിത്യജീവന് അർഹരായവർ സ്വമേധയാ അനുസരിക്കേണ്ട ഉപദേശങ്ങളാണ്. ഇതിന് പ്രതിഫലമൊന്നും പ്രതീക്ഷിക്കേണ്ടെന്ന് മാത്രമല്ല, അലക്ഷ്യമാക്കിയാൽ കണക്ക് ബോധിപ്പിക്കേണ്ടിയും വരും. സുവിശേഷകന്മാർക്കു വേണ്ടി പ്രാർത്ഥിച്ചാൽ വേലക്കാരുടെ പ്രതിഫലംതന്നെ ലഭിക്കുമെന്നൊരു തെറ്റിദ്ധാരണ സഭകളിലുണ്ട്. എഫെസ്യരോട് പൌലൊസ് സകല വിശുദ്ധന്മാർ

ക്കും തനിക്കുംവേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെടുന്നുണ്ട്. (6:18-20). ശുശ്രൂഷകന്മാർക്കും, സുവിശേഷകന്മാർക്കും, സഹവിശ്വാസികർക്കും, സഭകൾക്കും, ലോകത്തിനും, ഭരണാധികാരികൾക്കും, നശിച്ചുപോകുന്ന ആത്മാക്കൾക്കും വേണ്ടി പ്രാർത്ഥിക്കേണ്ടത് ഓരോ വിശ്വാസികളുടേയും കടമയാണ്. പ്രാർത്ഥനയ്ക്കുള്ള പ്രതിഫലം മറുപടിയാണ് ലഭിക്കുന്നത്. അത് സ്വർഗ്ഗത്തിൽ ചെല്ലുമ്പോഴല്ല; ഭൂമിയിലാണ് ലഭിക്കുന്നത്. എന്നാൽ ദൈവം കണക്കു വെയ്ക്കുന്നതും സ്വർഗ്ഗത്തിൽ പ്രതിഫലം എണ്ണിയെണ്ണി ലഭിക്കുന്നതും സ്വർഗ്ഗം സന്തോഷിക്കുന്നതും ദൂതന്മാർ കുനിഞ്ഞുനോക്കുന്നതുമായ ഒരേയൊരു ശുശ്രൂഷ മാത്രമേയുള്ളൂ. അതാണ് സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഉപയോഗിക്കുക അഥവാ സുവിശേഷഘോഷണം. ദൈവം നമ്മെ ഭൂമിയിൽ ആക്കിവെച്ചിരിക്കുന്നതിന്റെ ഉദ്ദേശ്യവും ഇതുമാത്രമാണ്. 1കൊരിന്ത്യർ 9:16-ൽ പൌലൊസ് പറയുന്നു; "ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ല. നിർബ്ബന്ധം എന്റെ മേൽ കിടക്കുന്നു." പൌലൊസിന്റെ മേൽ മാത്രമല്ല; വീണ്ടുംജനിച്ച എല്ലാവരുടെയുംമേൽ ഈ നിർബ്ബന്ധം കിടപ്പുണ്ട്. അടുത്തഭാഗം; "ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം!" യജമാനൻ ഏല്പിച്ച ജോലി വിശ്വസ്തതയോടെ ചെയ്യാത്ത ദാസന് ശുഭം വരുകയില്ലെന്ന് പൌലൊസിന് നന്നായി അറിയാം. അടുത്തവാക്യം; "ഞാൻ അതു മനഃപൂർവ്വം നടത്തുന്നു എങ്കിൽ എനിക്കു പ്രതിഫലം ഉണ്ടു; മനഃപൂർവ്വമല്ലെങ്കിലും കാര്യം എങ്കൽ ഭരമേല്പിച്ചിരിക്കുന്നു." (1കൊരി, 9:17). സുവിശേഷഘോഷണം മനഃപൂർവ്വം ചെയ്താലും ആരുടെയെങ്കിലും നിർബ്ബന്ധത്താൽ ചെയ്താലും, കാര്യം എല്ലാവരുടെമേലും ഭരമേല്പിക്കപ്പെട്ടിരിക്കുന്നതും പ്രതിഫലം ലഭിക്കുന്നതുമാണ്. ക്രിസ്തു

ക്രൂശിൽ മരിച്ച് രക്ഷ ഒരുക്കി; ക്രിസ്ത്യാനികൾ രക്ഷയെ ലോകത്തിൽ മുഴു വൻ പ്രസിദ്ധമാക്കണം. ലോകത്തിൽ ക്രിസ്ത്യാനികൾക്ക് മാത്രമുള്ള ഒരു ശ്രേഷ്ഠതയാണ് അവർ ദൈവത്തിന്റെ സുവാർത്താദൂതികളാണ് എന്നത്. "നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം'. (റോമ, 10: 15). ഈ വാർത്ത അറിയിക്കുവാനാണ് നമ്മെ ദൈവം ഭൂമിയിൽ ആക്കിവെച്ചിരിക്കുന്നത്. ഒരാളെങ്കിലും ഈ വാർത്തയറിയാതെ നശിച്ചുപോയാൽ അതിനു നമ്മൾ ഓരോരുത്തരും ഉത്തരവാദികളായിരിക്കും.

## XIV. ഇരുവായ്ത്തലയുള്ള വാൾ

"ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളെച്ചുചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു." (എബ്രാ, 4:12). വാൾ കിച്ചൻ ആയുധമോ, കൃഷി ആയുധമോ അല്ല; യുദ്ധായുധമാണ്. പോർക്കളത്തിൽ വീരന്മാരാണത് ഉപയോഗിക്കുന്നത്. അതിൽത്തന്നേ വീരന്മാരിൽ ശ്രേഷ്ഠന്മാരായവരാണ് ഇരുവായ്ത്തലയുള്ള വാൾ ഉപയോഗിക്കുന്നത്. പൗലൊസ് പറയുന്ന പോർക്കളം സുവിശേഷ വയലാണ്. "നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ. (എഫെ, 6: 12). വയൽ ലോകമാണെന്നും (മത്താ, 3:38), സർവ്വലോകവും ദുഷ്ടന്റെ അധീനതയിലാണെന്നും (1യോഹ, 5:19), ലോകത്തിന്റെയും (2കൊരി, 4:4), മരണത്തിന്റെയും (നരകം) അധികാ

രി സാത്താനാണെന്നും (എബ്രാ, 2:14) ബൈബിൾ വ്യക്തമാക്കുന്നു. ഈ ലോകത്തിലേക്ക് ഇറങ്ങിച്ചെന്ന് സാത്താന്യശക്തികളെ എതിർത്ത് തോല്പിച്ച്, ആത്മാക്കളെ വിടുവിച്ചെടുക്കാനാണ് ഇരുവായ്ത്തലയുള്ള ദൈവവചനമെന്ന വാളും, സർവ്വായുധവർഗ്ഗവും ദൈവമക്കൾക്ക് നല്കിയിരിക്കുന്നത്. "പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തുനില്പാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ." (എഫെ, 6:11). പലർക്കും ലഭിച്ചിരിക്കുന്ന ഇരുവായ്ത്തലയുള്ള വാൾ തുരുമ്പെടുത്തും, സർവ്വായുധവർഗ്ഗം ദ്രവിച്ചും പോയിട്ടുണ്ടാകും. "നിങ്ങളുടെ അരെക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാന സുവിശേഷത്തിന്നായുള്ള ഒരുക്കം കാലിന്നു ചെരിപ്പാക്കിയും എല്ലാറ്റിന്നും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നില്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ." (എഫെ, 6:14-17). ദൈവത്തിന്റെ സർവ്വായുധവർഗ്ഗവും, ദൈവവചനമെന്ന ആത്മാവിന്റെ വാളും ഉപയോഗിക്കാതെ സാത്താനുമായി സഖ്യം ചെയ്തിട്ട് സുവിശേഷവയലിൽ അദ്ധ്വാനിക്കാതെ സുഖസുഷുപ്തിയിൽ ലയിച്ചിരിക്കുന്ന വിശ്വാസിക്കെങ്ങനെ കർത്താവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യരായി നില്ക്കുവാൻ എങ്ങനെ കഴിയും??? "സമാധാനത്തിന്റെ ദൈവം തന്നേ നിങ്ങളെ മുഴുവനും ശുദ്ധീകരിക്കുമാറാകട്ടെ; നിങ്ങളുടെ ആത്മാവും പ്രാണനും ദേഹവും അശേഷം നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അനിന്ദ്യമായി വെളിപ്പെടുംവണ്ണം കാക്കപ്പെടുമാറാകട്ടെ." (1തെസ്സ 5:23, 3:13).

## XV. വളരുമാറാക്കുന്ന ദൈവം

"ഞാൻ നട്ടു, അപ്പൊല്ലോസ് നനെച്ചു, ദൈവമത്രേ വളരുമാറാക്കിയതു. ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനെക്കുന്നവനും ഏതുമില്ല. നടുന്നവനും നനെക്കുന്നവനും ഒരുപോലെ; ഓരോരുത്തന്നു താന്താന്റെ അദ്ധ്വാനത്തിന്നു ഒത്തവണ്ണം കൂലി കിട്ടും. ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷി, ദൈവത്തിന്റെ ഗൃഹ നിർമ്മാണം." (1കൊരി, 3:6-9). സുവിശേഷവയലിൽ അദ്ധ്വോനിക്കാൻ മടിക്കുന്നവർ സാധാരണ പറഞ്ഞു കേൾക്കുന്നതാണ് 'നടുന്നവനും നനയ്ക്കുന്നവനും ഏതുമില്ല; വളരുമാറാക്കുന്നത് ദൈവമാണ്.' വളരുമാറാക്കുന്നത് ദൈവം തന്നെയാണ്; അതിലാർക്കും സംശയം വേണ്ട. പക്ഷെ നടുവാനും നനയ്ക്കുവാനും ആളില്ലെങ്കിൽ ദൈവമെങ്ങനെ വളരുമാറാക്കും? ഈ വേദഭാഗത്ത് പലരും ബോധപൂർവ്വം വിസ്മരിച്ചുകളയുന്ന ഒരു വസ്തുതയുണ്ട്; പൗലൊസ് നട്ടു, അഥവാ വചനമെന്ന വിത്തു വിതെച്ചു; അപ്പൊല്ലോസ് നനെച്ചു, അഥവാ വിത്തു പാറപ്പുറത്ത് വീണിട്ട് പറവകൾ കൊത്തിക്കൊണ്ട് പോയോ? മുള്ളിനിടയിൽ വീണിട്ട് മുള്ളതിനെ ഞെരുക്കിക്കളഞ്ഞോ? മണ്ണ് കുറവുള്ളിടത്ത് വീണിട്ടത് കരിഞ്ഞുപോയോ? ഇതൊക്കെ നോക്കിക്കൊണ്ടിരുന്നു. ദൈവം വളരുമാറാക്കി, അഥവാ പൗലൊസും അപ്പൊല്ലോസും നടുകയും നനയ്ക്കുകയും ചെയ്ത ദൈവവചനമെന്ന സുവിശേഷത്തിലൂടെ ദൈവം വ്യക്തിയെ വീണ്ടും ജനിപ്പിച്ചു. മനോരമ പത്രത്തിന്റെ കാഴ്ചപ്പാട് പേജിൽ ശുഭദിനം എന്നൊരു പംക്തിയുണ്ട്. അതിൽ കുറച്ചുനാൾ മുമ്പ് പ്രാർത്ഥനയുടെ ഔചിത്യത്തെക്കുറിച്ച് ഒരു ചിന്തയുണ്ടായിരുന്നു. അതിപ്രകാരമായിരുന്നു; "ഒരാൾ ദൈവത്തോട് പ്രാർത്ഥിക്കുകയാണ്; ദൈവമേ, എനിക്കൊരു ലോട്ടറി അടിക്കണമേ, എന്നാൽ മേലിൽ ഞാൻ നല്ലവനായിരുന്നുകൊള്ളാം. എ

നിക്ക് നല്ലവനാകാൻ ഒരവസരം തരൂ; ഇനിമേൽ നീ പറയുന്നതനുസരിച്ചുകൊണ്ട് നിന്റെ വഴികളിൽത്തന്നെ ഞാൻ നടന്നുകൊള്ളാം. 'എനിക്കു നല്ലവനാകാൻ ഒരവസരം തരൂ' എന്നാണ് നാളുകളായി താൻ പ്രാർത്ഥിക്കുന്നത്. ഈ പ്രാർത്ഥന കേട്ട്കേട്ട് ഒടുവിൽ ദൈവത്തിന് മുഷിഞ്ഞു. ദൈവം പറഞ്ഞു; 'മകനെ നീ എനിക്കൊരവസരം തരൂ, നീ വേഗം ഒരു ലോട്ടറി ടിക്കറ്റ് എടുക്കൂ.' ലോട്ടറിയെടുക്കാതെയാണ് നാളുകളായി ഒന്നാം സമ്മാനത്തിനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നത്. ലോട്ടറിയെടുക്കാത്ത ഈ മനുഷ്യന് സമ്മാനം അടിപ്പിക്കാൻ ദൈവത്തിന്റെ മുമ്പിൽ രണ്ടു വഴികളാണുള്ളത്. ഒന്നെങ്കിൽ, കേരള സർക്കാരിന്റെ ഒരു വ്യാജ ടിക്കറ്റ് ഉണ്ടാക്കണം. അല്ലെങ്കിൽ, സമ്മാനത്തിനർഹമായ ഏതെങ്കിലും പാവപ്പെട്ടവന്റെ ടിക്കറ്റ് ദൈവം കവർന്നെടുത്ത് ഈ മനുഷ്യന് കൊടുക്കണം. ഇതുരണ്ടും ദൈവത്തിന് സാധ്യവുമല്ല. അതുപോലെ നടുവാനും നനയ്ക്കുവാനും അഥവാ സുവിശേഷ വേല ചെയ്യാൻ നാം മനസ്സു കാണിച്ചാൽ വളരുമാറാക്കുന്നത് ദൈവം ചെയ്തുകൊള്ളും. അല്ലാതെ വളരുമാറാക്കാൻ ദൈവത്തിനുപോലും കഴിയില്ല. 'പാപം ചെയ്യുന്ന ദേഹി മരിക്കണം' (യെഹെ, 18:4), 'പാപത്തിന്റെ ശമ്പളം മരണം' (റോമ, 6:23), 'രക്തം കൂടാതെ പാപമോചനമില്ല' (എബ്രാ, 9:11-12) എന്ന ദൈവനീതി നിവർത്തിപ്പാൻ ദൈവം താൻ മനുഷ്യനായി വന്ന് നമ്മുടെ പാപങ്ങളെ തന്റെ ചുമലിൽ വഹിച്ചു ക്രൂശിൽ മരിച്ചുകൊണ്ടു നമുക്കു രക്ഷ ഒരുക്കി. സകലവും തന്റെ വാക്കിനാൽ ഉളവാക്കിയവന് മറ്റൊരു വാക്കിനാൽ മാനവകുലത്തിന്റെ പാപം പോക്കാൻ കഴിയില്ലായിരുന്നുവോ? അങ്ങനെ ചെയ്താൽ ദൈവം നീതിമാനല്ലെന്നു വരും. ആകയാൽ നടുവാനും നനയ്ക്കുവാനും പൗലൊസുമാരെയും അപ്പൊല്ലോസുമാരെയും ദൈവം സ്വർഗ്ഗത്തിൽ

നിന്ന് നോക്കിക്കൊണ്ടിരിക്കുകയാണ്. അതല്ലാതെ ദൈവത്തിന്റെ പക്കൽ കുറുക്കുവഴികളൊന്നും ഇല്ല. "ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നതു നമുക്കു ഉചിതം" (മത്താ, 3:15). താൻ തന്നെ ക്രൂശിൽമരിച്ച് സമ്പാദിച്ച രക്ഷ ലോകത്തിൽ മുഴുവൻ പ്രസിദ്ധമാക്കുവാൻ ദൈവം നമ്മെ ഏല്പിച്ചിരിക്കുകയാണ്. "ആരും നശിച്ചു പോകാതെ എല്ലാവരും മാനസാന്തരപ്പെടുവാൻ ദൈവം ഇച്ഛിച്ചു നിങ്ങളോടു ദീർഘക്ഷമ കാണിക്കുന്നതേയുള്ളു." (2പത്രൊ, 3:9). സുവിശേഷവേല ചെയ്യാൻ നമ്മോടും, രക്ഷ പ്രാപിക്കാൻ ലോകത്തോടും ദീർഘക്ഷമ കാണിക്കുന്നു. ദൈവകല്പന മറുക്കാതെ അനുസരിക്കുന്നവരാണ് വിശ്വസ്തനും ബുദ്ധിമാനുമായ ഗൃഹവിചാരകൻ. (മത്തായി, 12:42). "ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാണ്മാൻ യഹോവ സ്വർഗ്ഗത്തിൽ നിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു." (സങ്കീ, 14:2).

## XVI. നല്ലവനും വിശ്വസ്തനുമായ ദാസൻ

"അതിനു യജമാനൻ നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു; ഞാൻ നിന്നെ അധികത്തിന്നു വിചാരകനാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക എന്നു അവനോടു പറഞ്ഞു." (മത്താ, 25:23). എല്ലാവർക്കും 'നല്ലവനും വിശ്വസ്തനുമായ ദാസനെ' എന്നു വിളി കേൾക്കാൻ ആഗ്രഹമുണ്ട്. പക്ഷെ ആരു നമ്മെ വിളിക്കും? നാമോരുത്തരും മരിക്കുമ്പോൾ 'സ്തെഫാനോസിനെ യേശുക്രിസ്തു എഴുന്നേറ്റുനിന്നു സ്വീകരിച്ച പോലെ' (പ്രവൃ, 7:56) നമ്മെയും സ്വീകരിക്കണമെന്ന് നമുക്കാഗ്രഹമുണ്ട്; പക്ഷ ആരു സ്വീകരിക്കും? യജമാനൻ കല്പിച്ചതൊക്കെയും അക്ഷരംപ്രതി അനുസരിച്ചവരാണ് 'വിശ്വ

സ്തദാസൻ' എന്നു വിളി കേൾക്കുന്നത്. അവരെയാണ് യജമാനൻ സ്വീകരിക്കുന്നതും. ദൂതൻ പാപം ചെയ്തപ്പോൾ അവർക്കുവേണ്ടി ഒരു രക്ഷകൻ എഴുന്നേറ്റില്ലെന്നുമാത്രമല്ല, പാപംചെയ്ത ദൂതന്മാരെ ആദരിക്കാതെ അന്ധതമസ്സിന്റെ ചങ്ങലയിട്ടു നരകത്തിലാക്കി ന്യായവിധിക്കായി കാപ്പാൻ ഏല്പിക്കയും ചെയ്തു. (2പത്രൊ, 2: 4). എന്നാൽ മനുഷ്യൻ പാപം ചെയ്തപ്പോൾ ദൈവം മനുഷ്യനായി താണിറങ്ങുകയും, മനുഷ്യന്റെ പാപം വഹിച്ചുകൊണ്ട് മരിച്ച് രക്ഷ ഒരുക്കുകയും ചെയ്തു. അങ്ങനെയെങ്കിൽ സുവിശേഷമറിയിക്കാനുള്ള യോഗ്യത ആർക്കാണ് ദൂതന്മാർക്കോ മനുഷ്യർക്കോ? സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ അഥവാ സുവിശേഷം അറിയിക്കാനുള്ള അധികാരം ദൈവം ദൂതന്മാർക്കല്ല നല്കിയത്; മനുഷ്യർക്കാണ് നല്കിയത്. ദൂതന്മാർക്ക് സുവിശേഷമറിയിക്കാനുള്ള ആഗ്രഹമുണ്ട്. അതുകൊണ്ടാണ് സ്വർഗ്ഗത്തിൽനിന്നു വന്ന പരിശുദ്ധാത്മാവിനാൽ ഭൂമിയിൽ മനുഷ്യർ സുവിശേഷമറിയിക്കുമ്പോൾ, ആയതിലേക്ക് ദൈവദുതന്മാരും കുനിഞ്ഞുനോക്കുന്നത്. (1പത്രൊ, 1: 12). എന്നാൽ ദൂതന്മാർക്ക് അതിനുള്ള യോഗ്യതയില്ല. രക്ഷ അനുഭവിച്ച ദൈവമക്കൾക്കല്ലാതെ രക്ഷയുടെ ദൂതറിയിക്കുവാൻ സ്വർഗ്ഗത്തിലും ഭൂമിയിലും യോഗ്യരായി മറ്റാരുമില്ല. സുവിശേഷവേല ചെയ്യാത്തവർ എന്തായാലും 'നല്ലവനും വിശ്വസ്തനുമായ ദാസനെ' എന്നുള്ള വിളി കേൾക്കില്ല. എന്നാൽ ഇങ്ങനെയുള്ളവർ കേൾക്കുന്ന ഒരു ചോദ്യമുണ്ട്; 'ദുഷ്ടനും മടിയനും ആയ ദാസനേ (മത്തായി, 25:26) എനിക്കു നിന്നോടു കരുണ തോന്നിയതുപോലെ നിനക്കും കൂട്ടുദാസനോടു കരുണ തോന്നേണ്ടതല്ലയോ' (മത്താ, 18:33) എന്നും 'ഞാൻ നിന്റെ പാപത്തിന്റെ കടം ഇളെച്ചുതന്നപ്പോൾ, കടം ഇളെച്ചുതരുന്ന ഒരു യജമാനൻ സ്വർഗ്ഗത്തിലുണ്ടെന്ന് നിന്റെ കൂട്ടുദാസ

നോട് നീ പറഞ്ഞുവോ?' (മത്താ, 18:27) എന്നുമായിരിക്കും. "അങ്ങനെ ഉള്ളവനു ഏവനും ലഭിക്കും; അവനു സമൃദ്ധിയും ഉണ്ടാകും; ഇല്ലാത്തവനോടോ ഉള്ളതും കൂടെ എടുത്തുകളയും." (മത്താ, 25:29).

## XVII. ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും

"എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു. എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലെക്കു ഫലം വരുമെങ്കിൽ ഏതുതിരഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു; വിട്ടു പിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്കു കാംക്ഷയുണ്ടു; അതു അത്യുത്തമമല്ലോ. (ഫിലി, 1:21-23). ഇവിടെ ഒരു ഭക്തൻ ജീവിക്കുന്നതോ മരിക്കുന്നതോ ഏതു തിരഞ്ഞെടുക്കേണമെന്ന് അറിയാതെ കുഴങ്ങുന്നു. 'ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു' അതാണ് പ്രശ്നം. ജീവിച്ചിരുന്നാൽ യജമാനനുവേണ്ടി സേവ ചെയ്യാം; അനേകം ആത്മാക്കളെ ആദായപ്പെടുത്താം. മരിച്ചാൽ യജമാനന്റെ സന്തോഷത്തിലേക്ക് പ്രവേശിക്കാം; അതും തനിക്കു ലാഭവും അത്യുത്തമവുമാണ്. ക്രിസ്തുവിൽ ജീവിക്കുന്നവർ അഥവാ യജമാനനുവേണ്ടി അദ്ധ്വാനിക്കുന്നവർക്കു മാത്രമേ ഇങ്ങനെയൊരു ഞെരുക്കത്തിന്റെ വിഷയമുള്ളു. അതുകൊണ്ടാണ് താൻ പറയുന്നത്; 'ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്കു പ്രശംസിപ്പാൻ ഒന്നുമില്ല. നിർബ്ബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം!" (1കൊരി, 9:16). പഴയനിയമത്തിലും ഇതിനു സമാനമായ ഒരു സംഭവം കാണാം. ആരാമ്യ പാളയത്തിൽ ചെന്ന് ഭക്ഷണപാനീയങ്ങളും വിലപ്പെട്ട വസ്തു

വകകളും കണ്ടെത്തിയ നാലു കുഷ്ഠരോഗികളുടെ മനോഭാവം പൗലൊസിന്റേതിനു സമാനമാണ്. "പിന്നെ അവർ തമ്മിൽ തമ്മിൽ: നാം ചെയ്യുന്നതു ശരിയല്ല; ഇന്നു സദ്വർത്തമാനദിവസമല്ലോ; നാമോ മിണ്ടാതിരിക്കുന്നു; നേരം പുലരുംവരെ നാം താമസിച്ചാൽ നമുക്കു കുറ്റം വരും; ആകയാൽ വരുവിൻ; നാം ചെന്നു രാജധാനിയിൽ അറിവുകൊടുക്ക എന്നു പറഞ്ഞു." (2രാജാ, 7:9). ഇതിന്റെ ചരിത്ര പശ്ചാത്തലം നമുക്കറിയാം: യിസ്രായേൽ രാജാവായ യെഹോരാമിന്റെ (ബി.സി. 853-841) കാലത്ത് അരാംരാജാവായ ബെൻ-ഹദദ് തന്റെ സൈന്യവുമായി വന്ന് ശമര്യയെ ഉപരോധിച്ചു. ശമര്യാനിവാസികൾ മഹാക്ഷാമം നിമിത്തം കഷ്ടപ്പെട്ടു. അവരുടെ കഷ്ടതയുടെ കാഠിന്യം അവിടെ കാണാൻ കഴിയും; ഒരു കഴുതത്തലെക്കു എൺപതു വെള്ളിക്കാശും കാൽകബ് പ്രാക്കാഷ്ഠത്തിന്നു അഞ്ചു വെള്ളിക്കാശും വരെ വിലകയറി. രണ്ടു സ്ത്രീകൾ വിശപ്പുമൂലം ഒരു കുഞ്ഞിനെ പുഴുങ്ങി തിന്നുകയും ചെയ്തു. അതുമൂലം യിസ്രായേൽ രാജാവിനു എലീശയോടു വൈരം തോന്നി; എലീശയെ വധിക്കാൻ ഒരു ദൂതനെ അയച്ചു. ദൂതൻ വരുമ്പോൾ വാതില്ക്കൽ അവനെ തടുക്കുവാൻ എലീശ തന്റെ കൂടെയുണ്ടായിരുന്നവരോടു പറഞ്ഞു. മാത്രവുമല്ല, രാജാവു പിന്നാലെ വരുന്നുണ്ടെന്നും പ്രവാചകൻ വെളിപ്പെടുത്തി. നാളെ ഈ നേരത്തു ശമർയ്യയുടെ പടിവാതിൽക്കൽ ശേക്കെലിന്നു ഒരു സെയാ കോതമ്പുമാവും ശേക്കലിന്നു രണ്ടു സെയാ യവവും വില്ക്കും എന്നു യഹോവ അരുളിച്ചെയ്യുന്നു എന്നു എലീശ രാജാവിനെ അറിയിച്ചു. അന്നു രാത്രി രഥങ്ങളുടേയും കുതിരകളുടേയും മഹാസൈന്യത്തിന്റെയും ശബ്ദം ദൈവം ആരാമ്യരെ കേൾപ്പിച്ചതുകൊണ്ട്, ആരാമ്യസൈന്യം സർവ്വവും ഉപേക്ഷിച്ചു ഓടിപ്പോയിരുന്നു. ആ രാത്രിയിൽ തന്നെയാണ് ശമ

ര്യയുടെ പടിവാതിലിൽ കഴിഞ്ഞിരുന്ന നാലു കുഷ്ഠരോഗികൾ അരാം പാളയത്തിൽ ചെന്ന് ഭക്ഷണസാധനങ്ങളും വെള്ളിയും പൊന്നും വസ്ത്രങ്ങളും കണ്ടെത്തിയത്. (2രാജാ, 6:24-7:20). അവർ ഭക്ഷിച്ചു തൃപ്തരായശേഷം പറഞ്ഞ കാര്യമാണ് നാം മുകളിൽ ചിന്തിച്ചത്. കുഷ്ഠരോഗം മരണത്തിന്റെ പ്രതിരൂപമാണ്. കുഷ്ഠോഗി തല മൂടാതെയും, അധരം മൂടിക്കൊണ്ടിരിക്കയും അശുദ്ധൻ അശുദ്ധൻ എന്നു വിളിച്ചുപറകയും ചെയ്തുകൊണ്ട് പാളയത്തിനു പുറത്തു തനിച്ചു പാർക്കേണ്ടവനാണ്. (ലേവ്യ, 13:45-46). സാധാരണ ജനങ്ങളോടു അടുത്തിടപെടുവാൻ അനുവാദമില്ലാത്ത ഈ കുഷ്ഠരോഗികൾ ഇക്കാര്യം രാജധാനിയിൽ അറിയിച്ചില്ലെങ്കിലും തലയൊന്നും പോകാൻ പോകുന്നില്ല. പക്ഷെ അവരുടെ മനസ്സാക്ഷി സമ്മതിക്കുന്നില്ല; പട്ടണം മുഴുവൻ പട്ടിണികിടക്കുമ്പോൾ ഇത്രയധികം ഭക്ഷണസാധനങ്ങൾ കണ്ടുകിട്ടിയിട്ടും അവരോടറിയിച്ചില്ലെങ്കിൽ തങ്ങൾക്കു കുറ്റം വരുമെന്ന് അവരുടെ നല്ല മനസ്സാക്ഷിയാണ് അവരെ ഓർമ്മിപ്പിച്ചത്. അവർ ചെന്ന് രാജധാനിയിൽ അറിയിക്കുകയും, എല്ലാവരും ഭക്ഷണം കഴിച്ചു ജീവൻ രക്ഷിക്കുകയും ചെയ്തു.

ദൈവമക്കളായ നാം എന്തെങ്കിലും സദ്വർത്തമാനം കേൾക്കുകയോ അനുഭവിക്കുകയോ ചെയ്തിട്ടുണ്ടോ? എബ്രായലേഖകൻ പറയുന്നു; 'അവരെപ്പോലെ നാമും ഒരു സദ്വർത്തമാനം കേട്ടവർ ആകുന്നു' (എബ്രാ, 4:2). എന്താണ് നാം കേട്ട സുവാർത്ത അഥവാ സുവിശേഷം. മാനവകുലത്തിന്റെ പാപപരിഹാരാർത്ഥം ഒരു നീതിയാഗം നടന്നിരിക്കുന്നു. (റോമ, 5:18). ഒരു ഉദ്ധാരകൻ ഭൂമിയിൽ ജനിച്ചു ജീവിച്ചു മരിച്ചു ഉയിർത്തിരിക്കുന്നു. (മത്താ, 1:21, 1കൊരി, 15:21, റോമ, 4:24). "ദാവീദിന്റെ സ

ന്തതിയായി ജനിച്ചു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അതു ആകുന്നു എന്റെ (നമ്മുടെ) സുവിശേഷം." (2തിമൊ, 2:8-8). ഇതു കുഷ്ഠരോഗികൾ കണ്ടെത്തിയതുപോലുള്ള നശിച്ചുപോകുന്ന ആഹാരമാണോ? ആ ആഹാരം ഭക്ഷിച്ചിട്ടും പിന്നത്തേതിൽ അവരെല്ലാം നശിച്ചുപോയി. എന്നാൽ യേശു പറയുന്നു; "സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിയ ജീവനുള്ള അപ്പം ഞാൻ ആകുന്നു; ഈ അപ്പം തിന്നുന്നവൻ എല്ലാം എന്നേക്കും ജീവിക്കും; ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമോ ലോകത്തിന്റെ ജീവന്നു വേണ്ടി ഞാൻ കൊടുക്കുന്ന എന്റെ മാംസം ആകുന്നു." (യോഹ, 6:51, 58). "ഞാൻ തന്നേ പുനരുത്ഥാനവും ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്നു എന്നിൽ വിശ്വസിക്കുന്നവൻ ആരും ഒരു നാളും മരിക്കയില്ല;" (യോഹ, 11:25-26). ഈ നിത്യജീവാഹാരം നാം കണ്ടെത്തുകയും ഭക്ഷിച്ചു തൃപ്തരാകുകയും ചെയ്തശേഷം, മറ്റാരോടും ഈ സദ്വർത്തമാനം അറിയിക്കാതെയിരുന്നാൽ നമുക്കു കുറ്റം വരുകയില്ലേ? "ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം!" (1കൊരി, 9:16). ഇതു പൗലൊസിന്റെ വ്യക്തിപരമായ രോദനമാണെങ്കിലും; എല്ലാ ദൈവമക്കളോടുമുള്ള മുന്നറിയിപ്പുകൂടിയാണ്. സുവിശേഷവേല ചെയ്യാത്തവർ തനിക്കുതന്നെ കഷ്ടവും നഷ്ടവും സ്വരുപിച്ചു വെയ്ക്കുകയാണ് ചെയ്യുന്നത്. "എനിക്കു ജീവിക്കുന്നതു ക്രിസ്തുവും മരിക്കുന്നതു ലാഭവും ആകുന്നു" (ഫിലി, 1:21) എന്നാണ് താൻ പറയുന്നത്. ക്രിസ്തുവിൽ ജീവിക്കാത്തവർ അഥവാ സുവിശേഷം അറിയിക്കാത്തവർ ജീവിച്ചിരിക്കുന്നതുകൊണ്ട് പ്രയോജനമവുമില്ല; മരിക്കാൻ പേടിക്കുകയും വേണം.

## XVIII. ലോകത്തിന്റെ വെളിച്ചം

"നിങ്ങൾ ലോകത്തിന്റെ വെളിച്ചം ആകുന്നു; മലമേൽ ഇരിക്കുന്ന പട്ടണം മറഞ്ഞിരിപ്പാൻ പാടില്ല. വിളക്കു കത്തിച്ചു പറയിൻകീഴല്ല തണ്ടിന്മേലത്രെ വെക്കുന്നതു; അപ്പോൾ അതു വീട്ടിലുള്ള എല്ലാവർക്കും പ്രകാശിക്കുന്നു. അങ്ങനെ തന്നേ മനുഷ്യർ നിങ്ങളുടെ നല്ല പ്രവൃത്തികളെ കണ്ടു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്നു നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ." (മത്തായി 5:14-16). യേശു ലോകത്തിലേക്കു വന്നപ്പോൾ, 'ഇരുട്ടിൽ ഇരിക്കുന്ന ജനം വലിയോരു വെളിച്ചം കണ്ടു; മരണത്തിന്റെ ദേശത്തിലും നിഴലിലും ഇരിക്കുന്നവർക്കു പ്രകാശം ഉദിച്ചു' (മത്താ, 4:15) എന്നു വായിക്കുന്നു. യേശു പറയുന്നു; 'ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ ജീവന്റെ വെളിച്ചമുള്ളവൻ ആകും.' (യോഹ, 8:12, 9:5). യേശു ആ വെളിച്ചം ദൈവമക്കളായ നമ്മിൽ പകർന്നിരിക്കുകയാണ്; "നിങ്ങൾ വെളിച്ചത്തിന്റെ മക്കൾ ആകേണ്ടതിന്നു വെളിച്ചം ഉള്ളടത്തോളം വെളിച്ചത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞു." (യോഹ, 12:36). "എന്നിൽ വിശ്വസിക്കുന്നവൻ ആരും ഇരുളിൽ വസിക്കാതിരിപ്പാൻ ഞാൻ വെളിച്ചമായി ലോകത്തിൽ വന്നിരിക്കുന്നു." (യോഹ, 12:46). യേശുവിന്റെ അപ്പൊസ്തലന്മാർ ക്രിസ്തുവിൽ വെളിച്ചമായി പ്രകാശിച്ചവരാണ്; "നീ ഭൂമിയുടെ അറ്റത്തോളവും രക്ഷ ആകേണ്ടതിന്നു ഞാൻ നിന്നെ ജാതികളുടെ വെളിച്ചമാക്കി വെച്ചിരിക്കുന്നു എന്നു കർത്താവു ഞങ്ങളോടു കല്പിച്ചിട്ടുണ്ടു എന്നു പറഞ്ഞു." (പ്രവൃ, 13:47). ആദിമസഭയും ലോകത്തിനു വെളിച്ചമായിരുന്നു. ഫിലിപ്പിരോടു അപ്പൊസ്തലൻ പറയുന്നത് ശ്രദ്ധിക്കുക; "അവരുടെ

ഇടയിൽ നിങ്ങൾ ജീവന്റെ വചനം പ്രമാണിച്ചുകൊണ്ടു ലോകത്തിൽ ജ്യോതിസ്സുകളെപ്പോലെ പ്രകാശിക്കുന്നു." (ഫിലി, 2:15). നാമോരുത്തരും ഇരുളും ഇരുളിന്റെ മക്കളുമായിരുന്നു; "മുമ്പെ നിങ്ങൾ ഇരുളായിരുന്നു; ഇപ്പോഴോ കർത്താവിൽ വെളിച്ചം ആകുന്നു." (എഫെ, 5:8, പ്രവൃ, 26:18). ഇരുളിൽ പ്രകാശിക്കുകയല്ലേ വെളിച്ചം ചെയ്യേണ്ടത്? "നിങ്ങൾ എല്ലാവരും വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളും ആകുന്നു; നാം രാത്രിക്കും ഇരുളിന്നുമുള്ളവരല്ല." (1തെസ്സ, 5:5). വെളിച്ചത്തിന്റെ മക്കൾ എന്തായാലും വെളിച്ചം തന്നെയായിരിക്കും. ഇനി പ്രകാശിക്കുന്നില്ലെങ്കിൽ ഇരുളിന്റെ മക്കളെന്നേ വരൂ. എല്ലാവർക്കും അറിവു നേടണമെന്നും ആത്മീയമായി വളരണമെന്നും ആഗ്രഹമുള്ളവരാണ്. അതുകൊണ്ടാണ് നാം തുടർമാനമായി ബൈബിൾ വായിക്കുന്നതും, കൂടിവരവുകളിലും ക്ലാസ്സുകളിലും സംബന്ധിക്കുന്നതും, പ്രസംഗങ്ങൾ കേൾക്കുന്നതും, കൺവെൻഷനുകൾക്ക് പോകുന്നതും, നല്ലനല്ല പുസ്തകങ്ങൾ വായിക്കുന്നതും. പക്ഷെ അറിവ് ചീർപ്പിക്കുകയാണ് ചെയ്യുന്നത്. (1കൊരി, 8:1). എന്നാൽ ഈ അറിവ് പ്രായോഗിക തലത്തിൽ ഉപയോഗിക്കുമ്പോൾ, അഥവാ മറ്റുള്ളവരോട് പങ്കുവെയ്ക്കുമ്പോൾ പരിജ്ഞാനമായി മാറുന്നു. അതുപോലെ നാം അറിഞ്ഞ സത്യങ്ങൾ നമ്മിൽത്തന്നെ മൂടിവെച്ചാൽ, വിളക്കു കത്തിച്ചു പറയിൻകീഴിൽ വെയ്ക്കുന്നവരെപ്പോലെ മാത്രമേയുള്ളൂ; മറ്റുള്ളവരോട് അറിയിച്ചാൽ നമ്മളും അവരും പ്രകാശിതരാകും!

യഹോവയ്ക്കൊപ്പം നാല്പതുനാൾ സീനായിപർവ്വതത്തിൽ ആയിരുന്ന മോശെ പർവ്വതത്തിൽ നിന്നു ഇറങ്ങിവരുമ്പോൾ, യഹോവയുടെ അരുളപ്പാടുകൾ നിമിത്തം അവന്റെ മുഖത്തിന്റെ ത്വക്ക് പ്രകാശിച്ചതുകൊണ്ട്

അഹരോനും യിസ്രായേൽ മക്കളും അവന്റെ അടുക്കൽ ചെല്ലുവാൻ ഭയപ്പെട്ടു എന്നാണ് കാണുന്നത്. (പുറ, 34:27-30). ഇക്കാര്യം പൗലൊസ് എടുത്തെഴുതിയിട്ടുണ്ട്; "എന്നാൽ കല്ലിൽ അക്ഷരമായി കൊത്തിയിരുന്ന മരണശുശ്രൂഷ, നീക്കം വരുന്നതായ മോശെയുടെ മുഖതേജസ്സുനിമിത്തം യിസ്രായേൽമക്കൾക്കു അവന്റെ മുഖത്തു നോക്കിക്കൂടാതവണ്ണം തേജസ്സുള്ളതായെങ്കിൽ ആത്മാവിന്റെ ശുശ്രൂഷ അധികം തേജസ്സുള്ളതാകയില്ലയോ?" (2കൊരി, 3:7-8). താൻ പഴയനിയമത്തെ അക്ഷരത്തിന്റെ ശുശ്രൂഷയെന്നും; കൊല്ലുന്ന ശുശ്രൂഷയെന്നും (2കൊരി, 3:6), മരണശുശ്രൂഷയെന്നും (2കൊരി, 3:7), ശിക്ഷാവിധിയുടെ ശുശ്രൂഷയെന്നും (2കൊരി, 3:9), നീക്കംവരുന്ന ശുശ്രൂഷയെന്നുമാണ് (2കൊരി, 3:11) അവിടെ പറയുന്നത്. പുതുനിയമത്തിന്റെ ശുശ്രൂഷയാകട്ടെ; ആത്മാവിന്റെ ശുശ്രൂഷയും; ജീവിപ്പിക്കുന്ന ശുശ്രൂഷയും (2കൊരി, 3:6), നീതിയുടെ ശുശ്രൂഷയും (2കൊരി, 3;9), നിലനില്ക്കുന്ന ശുശ്രുഷയുമാണ്. (2കൊരി, 3:11). "നീക്കം വരുന്നതു തേജസ്സുള്ളതായിരുന്നെങ്കിൽ നിലനില്ക്കുന്നതു എത്ര അധികം തേജസ്സുള്ളതായിരിക്കും!"

"സത്രീകളിൽ നിന്നു ജനിച്ചവരിൽ യോഹന്നാൻ സ്നാപകനെക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല; സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവനോ അവനിലും വലിയവൻ എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു." (മത്താ, 11:11). ഇവിടെ യോഹന്നാന്റെ സ്വഭാവമല്ല പ്രത്യുത ദൗത്യമാണ് യേശു പരാമർശിക്കുന്നത്. സ്വർഗ്ഗരാജ്യം വിളംബരം ചെയ്യുന്ന ശുശ്രൂഷയാണ് സ്നാപകന്റേത്. (മത്താ, 3:2). സ്വർഗ്ഗരാജ്യത്തിൽ ജീവിക്കുന്ന ഒരു പൗരൻ അതിന്റെ ആഗമനം വിളംബരം ചെയ്യുന്നവനേക്കാൾ ശ്രേഷ്ഠനാണ്. യോഹന്നാൻ സ്വർഗ്ഗരാജ്യം

സ്ഥാപിക്കുവാനുള്ള മശീഹയെയാണ് പ്രഘോഷിക്കുന്നത്. സ്വർഗ്ഗരാജ്യത്തിലെ ഒരു പൗരൻ സകലവും നിവൃത്തിച്ച മശീഹയെയാണ് പ്രഘോഷിക്കുന്നത്. സ്നാപകൻ ദൈവത്തിന്റെ ദൂതനാണ്. (മത്താ, 11:10). സ്വർഗ്ഗരാജ്യത്തിലെ പൗരന്മാർ ദൈവത്തിന്റെ മക്കളാണ്. (യോഹ, 3:16). യോഹന്നാന്റെ ദൗത്യം ശ്രേഷ്ഠമായിരുന്നെങ്കിലും സ്വർഗ്ഗരാജ്യത്തിന്റെ അനുഗ്രഹത്തിനു കൂട്ടാളിയാകുവാൻ അവനു കഴിഞ്ഞില്ല. 'ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്ന സത്യവെളിച്ചമായി ലോകത്തിലേക്കു വന്ന' (യോഹ, 1:9) ക്രിസ്തു തന്റെ മുന്നോടിയായി വന്ന യോഹന്നാൻ സ്നാപകനെക്കുറിച്ചു പറഞ്ഞത്; 'അവൻ ജ്വലിച്ചു പ്രകാശിക്കുന്ന വിളക്കു ആയിരുന്നു' (യോഹ, 5:35) എന്നാണ്. വെളിച്ചം ലോകത്തിൽ വെളിപ്പെടുന്നതിനു മുമ്പേ വെളിച്ചത്തെ വിളംബരം ചെയ്യാൻ വന്ന യോഹന്നാൻ ജ്വലിച്ചു പ്രകാശിച്ചു എങ്കിൽ, വെളിച്ചത്താൽ വീണ്ടുംജനിച്ച ദൈവമക്കൾ എത്രയധികമായ് ജ്വലിച്ചു പ്രകാശിക്കണം! നമ്മുടെ സ്വർഗ്ഗീയപിതാവ് മഹത്വപ്പെടേണമെങ്കിൽ നാം തന്റെ പുത്രനെക്കുറിച്ചുള്ള സുവിശേഷം ലോകത്തോടറിയിക്കണം. അഥവാ അവൻ നമ്മിൽ പകർന്നിരിക്കുന്ന വെളിച്ചം ലോകത്തിനു മുമ്പിൽ പ്രകാശിപ്പിക്കേണം.

## XIX. പ്രസംഗത്തിന്റെ ഭോഷത്വം

"ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ജ്ഞാനത്താൽ ദൈവത്തെ അറിയായ്കകൊണ്ടു വിശ്വസിക്കുന്നവരെ പ്രസംഗത്തിന്റെ ഭോഷത്വത്താൽ രക്ഷിപ്പാൻ ദൈവത്തിന്നു പ്രസാദം തോന്നി." (1കൊരി, 1:21). പൗലൊസ് യെശയ്യാപ്രവചനം 29:14 ഉദ്ധരിച്ചുകൊണ്ട് (1കൊരി, 11:19) ലോകത്തിലെ ജ്ഞാനികളെയും ശാസ്ത്രിമാരെ

യും താർക്കികന്മാരെയും വെല്ലുവിളിച്ചുകൊണ്ടാണ് കൊരിന്ത്യരോട് ഇതു പറയുന്നത്. ഇവിടെ പ്രസംഗത്തിന്റെ ഭോഷത്വമെന്ന് പറയുന്നത് ക്രൂശിനെയാണ്. 'ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു' (1 കൊരി, 1:23) എന്നാണ് പൗലൊസ് പറയുന്നത്. സുവിശേഷപ്രസംഗം ഭോഷത്വമല്ലെന്ന് നിശ്ചയമായും നമുക്കറിയാം. എന്നാൽ ദൈവീകപ്രകാശനം ലഭിച്ചിട്ടില്ലാത്തവർക്ക് അത് ഭോഷത്വമായി തോന്നുന്നുവെന്നു മാത്രം. "ക്രൂശിന്റെ വചനം നശിച്ചുപോകുന്നവർക്കു ഭോഷത്വവും രക്ഷിക്കപ്പെടുന്ന നമുക്കോ ദൈവശക്തിയും ആകുന്നു." (കൊരി, 1:18). ക്രൂശിക്കപ്പെട്ട ഒരു വ്യക്തിയുടെ കഷ്ടാനുഭവവും മരണവുമാണ് രക്ഷയ്ക്കാധാരം എന്നത് നശിച്ചുപോകുന്നുവരെ സംബന്ധിച്ച് അവജ്ഞ ഉളവാക്കുന്ന കാര്യമാണ്. എന്നാൽ വിശ്വസിക്കുന്നവരെ സംബന്ധിച്ച്, അവർ വിശ്വാസത്താൽ സുവിശേഷം അംഗീകരിക്കുന്നതുമൂലം, അവർക്കത് ദൈവശക്തിയും ദൈവജീവനുമായി മാറുന്നു. തുടർന്നു ദൈവത്തിന്റെ വിളിയെയും തിരഞ്ഞെടുപ്പിനെയും കുറിച്ചാണ് പറയുന്നത്. ലോകപ്രകാരമുള്ള ജ്ഞാനികളെയും ബലവാന്മാരെയും കുലീനന്മാരെയുമല്ല ദൈവം രക്ഷയിലേക്ക് വിളിച്ചിരിക്കുന്നത്. (1കൊരി, 1:26). ലോകത്തിലെ ഉന്നതന്മാരെയൊക്കെ ലജ്ജിപ്പിക്കുവാൻ ഭോഷത്വമായതും ബലഹീനമായതും കുലഹീനമായതും നികൃഷ്ടവുമായതും ഏതുമില്ലാത്തതുമാണ് ദൈവം തിരഞ്ഞെടുത്തത്. (1കൊരി, 1: 27-28). "ദൈവസന്നിധിയിൽ ഒരു ജഡവും പ്രശംസിക്കാതിരിക്കേണ്ടതിന്നു തന്നേ." (1കൊരി, 1:29). സ്തെഫാനോസും അപ്പൊസ്തലന്മാരും തുടങ്ങി, കഴിഞ്ഞ നവംബർ 17-ന് ആൻഡമാൻ--നീക്കോബാർ ദ്വീപുകളിലെ സെന്റിനലീസ് ഗോത്രവർഗ്ഗക്കാരുടെ അമ്പേറ്റു രക്തസാക്ഷിയായ 'ജോൺ അലൻ ചൗ' എന്ന അമേരിക്കൻ മിഷ

ണറി ഉൾപ്പെടെ പതിനായിരക്കണക്കിനു ഭക്തന്മാർ ക്രൂശാകുന്ന ഭോഷത്വത്തിനുവേണ്ടി ജീവൻ ബലി കഴിച്ചവരാണ്. "ആരെങ്കിലും തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ കളയും; ആരെങ്കിലും എന്റെയും സുവിശേഷത്തിന്റെയും നിമിത്തം തന്റെ ജീവനെ കളഞ്ഞാൽ അതിനെ രക്ഷിക്കും." (മർക്കൊ, 8:35, മത്താ, 16:25, ലൂക്കൊ, 9:24). ദൈവസന്നിധിയിൽ തനിക്കുതന്നെ ശ്രേഷ്ഠനെന്നു തോന്നുന്ന ഒരുത്തനും വീണ്ടുംജനിച്ചവൻ ആയിരിക്കില്ല. ഒരു ഭോഷനെപ്പോലെ സ്വയത്തെ പരിത്യജിച്ചുകൊണ്ട് കർത്താവിന്റെ പാദാന്തികത്തിൽ ശരണം പ്രാപിക്കാതെ എങ്ങനെ ദൈവമക്കളാകാൻ കഴിയും. ദൈവമക്കൾ സുവിശേഷമറിയിക്കാൻ മടിക്കുകയോ, ലജ്ജിക്കുകയോ, ഭയക്കുകയോ ചെയ്യില്ല.

"കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും' എന്നുണ്ടല്ലോ. എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങനെ വിളിച്ചപേക്ഷിക്കും? അവർ കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗിക്കുന്നവൻ ഇല്ലാതെ എങ്ങനെ കേൾക്കും? ആരും അയക്കാതെ എങ്ങനെ പ്രസംഗിക്കും? 'നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം' എന്നു എഴുതിയിരിക്കുന്നുവല്ലോ." (റോമ, 10:13-14). സകല മനുഷ്യരും പാപത്തിനും ശാപത്തിനും വിധേയരായതിനാൽ മനുഷ്യനു തന്നെത്താൻ രക്ഷിക്കാൻ കഴിയാതെ വന്നപ്പോൾ, ദൈവം തന്റെ പുത്രനെ നൽകി മാനവകുലത്തിനു രക്ഷ ഒരുക്കി. ദൈവം തന്റെ കൃപയാൽ സൗജന്യമായി നല്കിയിരിക്കുന്ന ഈ രക്ഷ അനുഭവിക്കുന്ന ഓരോരുത്തരും മറ്റുള്ളവരോട് ഇതറിയിക്കാൻ ബാദ്ധ്യസ്ഥരാണ്. കർത്താവിന്റെ നാമം ആര് വിളിച്ചപേക്ഷിച്ചാലും രക്ഷ പ്രാപിക്കും. പക്ഷെ അവർ വിശ്വസിക്കാത്തവനെ വിളിച്ചപേ

ക്ഷിക്കുവാനും, കേൾക്കാത്തവനെ വിശ്വസിക്കാനും കഴിയില്ല. അതിനു വചനം പ്രസംഗിക്കപ്പെടണം. "ആകയാൽ വിശ്വാസം കേൾവിയാലും കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു." (റോമ, 10:17). തന്മൂലം അയക്കുന്നവനും അയക്കപ്പെടുന്നവനും ഉണ്ടായെങ്കിലേ പറ്റുകയുള്ളൂ. ഇവിടെ അയക്കുന്നവൻ ദൈവമാണ്. ദൈവമക്കൾ അയക്കപ്പെടുന്നവരുമാണ്. (മത്താ, 10:16, ലൂക്കോ, 10:3). ഉയിർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാരോട് പറഞ്ഞത്; "പിതാവു എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയക്കുന്നു" (യോഹ, 20:21) എന്നാണ്. ഈ ശുശ്രൂഷയുടെ ശ്രേഷ്ഠത യെശയ്യാവിൽനിന്ന് മനസ്സിലാക്കാം: ഭൂമിയിൽ സുവിശേഷം ആദ്യമായറിയിച്ച നമ്മുടെ കർത്താവിനെക്കുറിച്ച്; 'സുവാർത്താദൂതന്റെ കാൽ പർവ്വതങ്ങളിന്മേൽ എത്ര മനോഹരം!' (യെശ, 52:7) എന്നാണ് എഴുതിയിരിക്കുന്നത്. പൗലൊസ് സുവിശേഷമറിയിക്കുന്ന എല്ലാവരെക്കുറിച്ചും ഇതുതന്നെയാണ് പറഞ്ഞിരിക്കുന്നത്. (റോമ, 10:14). മറ്റൊരർത്ഥത്തിൽ യേശു തന്റെ ശുശ്രൂഷ ദൈവമക്കളായ നമ്മിലൂടെയാണ് പൂർത്തീകരിക്കുന്നത്. അഥവാ യേശു തുടങ്ങിവെച്ച ശുശ്രൂഷ പൂർത്തീകരിക്കാനുള്ള ഉത്തരവദിത്വം ദൈവമക്കളിൽ നിക്ഷിപ്തമാണ്.

'ഞാൻ ആരെ അയക്കേണ്ടു? ആർ നമുക്കു വേണ്ടി പോകും?' എന്നു ചോദിക്കുന്ന കർത്താവിന്റെ ശബ്ദം കേട്ടിട്ടു: 'അടിയൻ ഇതാ അടിയനെ അയക്കേണമേ' (യെശ, 6:8) എന്നു പറഞ്ഞ പ്രവാചകന്റെ ഹൃദയമാണ് ദൈവമക്കൾക്ക് ഉണ്ടാകേണ്ടത്. ഒരു ദൈവപൈതലിന്റെ ശുശ്രൂഷ എന്താണെന്ന് യേശു പന്തിരുവരെ തിരഞ്ഞെടുത്തതിൽ നിന്നും, പൗലൊസിനോടു പറഞ്ഞതിൽനിന്നും വ്യക്തമാണ്; "അവൻ തന്നോടുകൂടെ ഇരിപ്പാ

നും പ്രസംഗിക്കേണ്ടതിന്നു അയപ്പാനും ഭൂതങ്ങളെ പുറത്താക്കേണ്ടതിന്നു അധികാരം ഉണ്ടാകുവാനും പന്തിരുവരെ നിയമിച്ചു;" (മർക്കൊ, 3:14-15). "അവർക്കു (ലോകത്തിനു) പാപമോചനവും എന്നിലുള്ള വിശ്വാസത്താൽ ശുദ്ധീകരിക്കപ്പെട്ടവരുടെ ഇടയിൽ അവകാശവും ലഭിക്കേണ്ടതിന്നു അവരുടെ കണ്ണു തുറപ്പാനും അവരെ ഇരുളിൽനിന്നു വെളിച്ചത്തിലേക്കും സാത്താന്റെ അധികാരത്തിൽ നിന്നു ദൈവത്തിങ്കലേക്കും തിരിപ്പാനും ഞാൻ ഇപ്പോൾ നിന്നെ അവരുടെ അടുക്കൽ അയക്കുന്നു എന്നു കല്പിച്ചു." (പ്രവൃ, 26:18). ഈ ശുശ്രൂഷ ചെയ്വാനാണ് ഓരോ ദൈവപൈതലും ഭൂമിയിൽ ആയിരിക്കുന്നത്. "വ്യഭിചാരവും പാപവും ഉള്ള ഈ തലമുറയിൽ ആരെങ്കിലും എന്നെയും എന്റെ വചനങ്ങളെയും കുറിച്ചു നാണിച്ചാൽ അവനെക്കുറിച്ചു മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസ്സിൽ വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ നാണിക്കും." (മർക്കൊ, 8:38). "മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൻ മുമ്പിൽ ഞാനും ഏറ്റുപറയും." (മത്താ, 10:32). സുവിശേഷവേല ചെയ്യാത്ത ആർക്കും ദൈവസന്നിധിയിൽ പുകഴ്ച ഉണ്ടാകുമെന്ന് വിചാരിക്കരുത്.

## XX. സ്വർഗ്ഗത്തിലെ നിക്ഷേപം

"പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കയും ചെയ്യുന്ന ഈ ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുതു. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവിൻ. നിന്റെ നിക്ഷേപം ഉള്ളേടത്തു നിന്റെ ഹൃദയവും ഇരിക്കും." (മ

ത്താ, 6:19-21). സുവിശേഷ വേലയോടുള്ള ബന്ധത്തിൽ ദൈവമക്കൾ മുടക്കുന്ന വിലയാണ് സ്വർഗ്ഗത്തിൽ നിക്ഷേപമായി മാറുന്നത്. അതു സമയമാകാം; ആരോഗ്യമാകാം; പണമാകാം; വസ്തുവകകളാകാം; ജീവനാകാം. "നിന്റെ അപ്പത്തെ വെള്ളത്തിന്മേൽ എറിക; ഏറിയനാൾ കഴിഞ്ഞിട്ടു നിനക്കു അതു കിട്ടും." (സഭാ, 11:1). ദൈവവിഷയത്തിൽ സമ്പന്നനാകാത്തവരെക്കുറിച്ച് കർത്താവ് ഒരുപമ പറഞ്ഞതു: "ധനവാനായോരു മനുഷ്യന്റെ ഭൂമി നന്നായി വിളഞ്ഞു. അപ്പോൾ അവൻ: ഞാൻ എന്തു ചെയ്യേണ്ടു? എന്റെ വിളവു കൂട്ടിവെപ്പാൻ സ്ഥലം പോരാ എന്നു ഉള്ളിൽ വിചാരിച്ചു. പിന്നെ അവൻ പറഞ്ഞതു: ഞാൻ ഇതു ചെയ്യും; എന്റെ കളപ്പുരകളെ പൊളിച്ചു അധികം വലിയവ പണിതു എന്റെ വിളവും വസ്തുവകയും എല്ലാം അതിൽ കൂട്ടിവെക്കും. എന്നിട്ടു എന്നോടുതന്നേ; നിനക്കു ഏറിയ ആണ്ടുകൾക്കു മതിയായ അനവധി വസ്തുവക സ്വരൂപിച്ചുവെച്ചിരിക്കുന്നു; ആശ്വസിക്ക, തിന്നുക, കുടിക്ക, ആനന്ദിക്ക എന്നു പറയും. ദൈവമോ അവനോടു: മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവെച്ചതു ആർക്കാകും എന്നു പറഞ്ഞു. ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കു തന്നേ നിക്ഷേപിക്കുന്നവന്റെ കാര്യം ഇങ്ങനെ ആകുന്നു." (ലൂക്കോ, 12:16-21). യഹോവ അഭിമുഖമായി അറിഞ്ഞ പ്രവാചകനെന്നും, ഭൂതലത്തിൽ ഉള്ള സകലമനുഷ്യരിലും അതിസൌമ്യനുമെന്ന് മോശെയെ വിശേഷിപ്പിച്ചിരിക്കുന്നതിന്റെ കാരണം എബ്രായലേഖകൻ എഴുതിയിട്ടുണ്ട്; "മിസ്രയീമിലെ നിക്ഷേപങ്ങളെക്കാൾ ക്രിസ്തുവിന്റെ (അഭിഷിക്തന്റെ) നിന്ദ വലിയ ധനം എന്നു എണ്ണുകയും ചെയ്തു." (എബ്രാ, 11:26). ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ വാക്കുകൾ നോക്കുക; "സൂര്യന്നു കീഴെ പ്രയത്നിക്കുന്ന സകല

പ്രയത്നംകൊണ്ടും ഹൃദയപരിശ്രമംകൊണ്ടും മനുഷ്യന്നു എന്തു ഫലം? സൂര്യന്നുകീഴെ ഞാൻ കണ്ടിട്ടുള്ള ഒരു വല്ലാത്ത തിന്മയുണ്ടു: ഉടമസ്ഥൻ തനിക്കു അനർത്ഥത്തിന്നായിട്ടു സൂക്ഷിച്ചുവെക്കുന്ന സമ്പത്തു തന്നേ. ആ സമ്പത്തു നിർഭാഗ്യവശാൽ നശിച്ചു പോകുന്നു; അവന്നു ഒരു മകൻ ജനിച്ചാൽ അവന്റെ കയ്യിൽ ഒന്നും ഉണ്ടാകയില്ല. അവൻ അമ്മയുടെ ഗർഭത്തിൽനിന്നു പുറപ്പെട്ടു വന്നതു പോലെ നഗ്നനായി തന്നേ മടങ്ങിപ്പോകും; തന്റെ പ്രയത്നത്തിന്റെ ഫലമായിട്ടു അവൻ കയ്യിൽ ഒരു വസ്തുവും കൊണ്ടുപോകയില്ല. അതും ഒരു വല്ലാത്ത തിന്മ തന്നേ; അവൻ വന്നതുപോലെ തന്നേ പോകുന്നു; അവന്റെ വ്യാഥപ്രയത്നത്താൽ അവന്നു എന്തു പ്രയോജനം?" (സഭാ, 2:22). സുവിശേഷവേലയുടെ പിന്നിൽ കഷ്ടവും നഷ്ടവും പ്രയത്നവും പ്രയാസവും ഇല്ലെന്നല്ല; എങ്കിലും നൂറ് മടങ്ങ് പ്രതിഫലങ്ങളായി നിത്യതയിൽ അത് അനുഭവിക്കാം എന്നതാണ്. "കണ്ണുനീരോടെ വിതെക്കുന്നവർ ആർപ്പോടെ കൊയ്യും. വിത്തു ചുമന്നു കരഞ്ഞും വിതെച്ചുംകൊണ്ടു നടക്കുന്നു; കറ്റ ചുമന്നും ആർത്തുംകൊണ്ടു വരുന്നു." (സങ്കീ, 126:5-6).

## XXI. കൊയ്ത്തും വേലക്കാരും

"യേശു പുരുഷാരത്തെ ഇടയനില്ലാത്ത ആടുകളെപ്പോലെ കുഴഞ്ഞവരും ചിന്നിയവരുമായി കണ്ടിട്ടു അവരെക്കുറിച്ചു മനസ്സലിഞ്ഞു, തന്റെ ശിഷ്യന്മാരോടു: കൊയ്ത്തു വളരെ ഉണ്ടു സത്യം, വേലക്കാരോ ചുരുക്കം; ആകയാൽ കൊയ്ത്തിന്റെ യജമാനനോടു കൊയ്ത്തിലേക്കു വേലക്കാരെ അയക്കേണ്ടതിന്നു യാചിപ്പിൻ എന്നു പറഞ്ഞു. (മത്താ, 9:36-38, ലൂക്കോ, 10:1-2). കർത്താവിതു ശിഷ്യന്മാരോടു പറയുമ്പോൾ കൊയ്ത്തധികവും

വേലക്കാർ ചുരുക്കവുമായിരുന്നു. എങ്കിലും അപ്പൊസ്തലന്മാരും ആദിമസഭയും അനന്തരതലമുറകളും കയ്യും മെയ്യും മറന്ന് കർത്താവിനുവേണ്ടി കഷ്ടപ്പെട്ടതുകൊണ്ട് ഇന്ന് വേലക്കാർ അധികവും കൊയ്ത്ത് ചുരുക്കവുമായി മാറി. (ലോകജനസംഖ്യയിൽ മൂന്നിൽരണ്ടുഭാഗം ക്രിസ്ത്യാനികളാണ്. നാലു ഭൂഖണ്ഡങ്ങളിലും, നൂറ്റിയമ്പത്തേഴ് രാജ്യങ്ങളിലും ക്രിസ്ത്യാനികൾ ഭൂരിപക്ഷമാണ്. അതായത് വേലക്കാർ അധികമായതുകൊണ്ട് ജോലിഭാരം വളരെക്കുറവാണെന്ന് സാരം. എന്നിട്ടും സുവിശേഷവയലിൽ അല്പസമയം അദ്ധ്വാനിക്കുവാനും നിത്യജീവനിലേക്ക് സമ്പാദിച്ചുവെക്കുവാനും നാം ശ്രമിക്കുന്നില്ല. കേരളത്തിലെ സർക്കാർ ജോലിക്കാരുടെ ആപ്തവാക്യം 'ജോലികിട്ടുന്നതുവരെ പരിശ്രമം; കിട്ടിയാൽ വിശ്രമം' എന്നാണ്. അതിനവർക്ക് ന്യായമായൊരു കാരണവും പറയാനുണ്ട്. ആയുസ്സിന്റെ പകുതിയിലേറെ ഈ ജോലിക്കുവേണ്ടിയുള്ള അലച്ചിലാണ്. അധികാരികളുടെ അഴിമതിയും കെടുകാര്യസ്ഥതയും നിമിത്തം അധികവും പിൻവാതിൽ നിയമനമാണ് നടക്കുന്നത്. പി.എസ്.സി. ടെസ്റ്റ് എഴുതിയെഴുതി ജോലികിട്ടാതെ ഉപജീവനത്തിനായി കോച്ചിംങ് സെന്റർ നടത്തുന്നവരാണ് അധികവും. ഒടുവിലെപ്പോഴെങ്കിലും ജോലികിട്ടിയാൽ ജീവിതത്തിന്റെ നല്ലൊരുഭാഗം കഴിഞ്ഞുപോയിട്ടുണ്ടാകും. പിന്നെ വിശ്രമിക്കുകയല്ലാതെ എന്തുചെയ്യും. എന്നാൽ വിശ്വാസികൾ രക്ഷയിലേക്ക് കടന്നുവന്നത് എന്തെങ്കിലും പ്രവൃത്തിമൂലമാണോ? കൃപയാലല്ലേ സർവ്വശക്തനായ ദൈവത്തിന്റെ പുത്രന്മാരെന്ന പദവി നമുക്ക് ലഭിച്ചത്? ഇത്ര വലിയ പദവിയിലിരുന്നുകൊണ്ട് നമുക്ക് ലോകജോലിക്കാരെപ്പോലെ വിശ്രമിക്കാൻ കഴിയുമോ? യേശു പറഞ്ഞ ഉപമകളിലെ ബുദ്ധിമാനായ ദാസനും (മത്താ, 24:45-50), ഉണർന്നിരിക്കുന്ന ദാസനും (മർക്കൊ, 13:34

-35, ലൂക്കൊ, 12:36-38), വിശ്വസ്തനായ ദാസനും (ലൂക്കൊ, 12:42-48) തങ്ങളെ യജമാനൻ ഏല്പിച്ചിരിക്കുന്ന ജോലി കൃത്യനിഷ്ഠതയോടെ ചെയ്യുന്നവരാണ്. ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നു; "വേനൽക്കാലത്തു ശേഖരിച്ചുവെക്കുന്നവൻ ബുദ്ധിമാൻ; കൊയ്ത്തുകാലത്തു ഉറങ്ങുന്നവനോ നാണംകെട്ടവൻ." (സദൃശ്യ, 10:5). യേശു ശിഷ്യരോടു പറഞ്ഞതു: "എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവൃത്തി തികെക്കുന്നതു തന്നെ എന്റെ ആഹാരം. ഇനി നാലു മാസം കഴിഞ്ഞിട്ടു കൊയ്ത്തു വരുന്നു എന്നു നിങ്ങൾ പറയുന്നില്ലയോ? നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നേ കൊയ്ത്തിന്നു വെളുത്തിരിക്കുന്നതു കാണും എന്നു ഞാൻ നിങ്ങളോടു പറയുന്നു." (യോഹ, 4:34-35). നിലങ്ങളൊക്കെയും കൊയ്ത്തിനു പാകമായിരിക്കുന്നത് കണ്ടിട്ടും ഉറക്കം നടിച്ചിരിക്കുന്ന നാം ബുദ്ധിമാന്മാരോ നാണംകെട്ടവരോയെന്ന് തങ്ങളെത്തന്നെ ശോധന ചെയ്യുവിൻ.

ഉഴുതും വിതച്ചും കൊയ്തും കളപ്പുരകളിൽ ശേഖരിച്ചും ആയിരം പൂർണ്ണചന്ദ്രന്മാരെ കണ്ടുകൊണ്ട് ഭൂമിയിൽത്തന്നെ സസുഖം കഴിയാമെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ അവർ മൂഢസ്വർഗ്ഗത്തിലാണ്. ദൈവമോ; "മൂഢാ, ഈ രാത്രിയിൽ നിന്റെ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവെച്ചതു ആർക്കാകും എന്നു ചോദിക്കുന്നു. (ലൂക്കോ, 12:20). സത്യത്തിൽ ഭൂമിയിൽ ഇത്രയേറെ അദ്ധ്വാനിക്കുന്ന മനുഷ്യൻ തനിക്കുവേണ്ടി ഒന്നും സമ്പാദിക്കുന്നില്ല എന്നതാണ് വാസ്ഥവം. അപ്പൂപ്പൻ ആയുഷ്ക്കാലം മുഴുവൻ അദ്ധ്വാനിച്ചു സമ്പാദിക്കുന്നു. ഒന്നും അനുഭവിക്കാതെ എല്ലാമുപേക്ഷിച്ച് ഒരുനാൾ കടന്നുപോകുന്നു. അപ്പനും സ

മ്പാദിച്ച് തന്റെ അപ്പന്റെ സമ്പാദ്യത്തോട് കുറച്ചുകൂടി കൂട്ടുന്നു; എല്ലാമുപേക്ഷിച്ച് കടന്നു പോകുന്നു. മകനും അദ്ധ്വാനിച്ച് അതിനോട് കുറച്ചുകൂടി കൂട്ടുന്നു; ഒരുനാൾ എല്ലാം കളഞ്ഞിട്ടു പോകുന്നു. മറ്റുചിലരാകട്ടെ ഒരായുസ്സ് മുഴുവൻ അദ്ധ്വാനിച്ചതും മുൻപുണ്ടായിരുന്നതും ചേർത്ത് ആശുപത്രികളിൽ ചിലവഴിച്ചിശേഷം മരിക്കുന്നു. ഇങ്ങനെ തലമുറകൾ കടന്നുപോകുന്നതല്ലാതെ, താൻ അദ്ധ്വാനിക്കുന്നതൊന്നും ആരും ശാശ്വതമായി അനുഭവിക്കുന്നില്ല. "ഹാ മായ, മായ എന്നു സഭാപ്രസംഗി പറയുന്നു; ഹാ മായ, മായ, സകലവും മായയത്രേ. സൂര്യന്നു കീഴിൽ പ്രയത്നിക്കുന്ന സകലപ്രയത്നത്താലും മനുഷ്യന്നു എന്തു ലാഭം? ഒരു തലമുറ പോകുന്നു; മറ്റൊരു തലമുറ വരുന്നു." (സഭാ, 1:2-3). എന്നാൽ ദൈവമക്കൾക്ക് അഥവാ സുവിശേഷവേലക്കാർക്ക് മറ്റുള്ളവരുടെ അദ്ധ്വാനഫലംകൂടി ശാശ്വതമായി അനുഭവിക്കാൻ കഴിയുമെന്ന് ബൈബിൾ പറയുന്നു. (യോഹ, 4:36-38). ആരും ജോലി ചെയ്യേണ്ട, സമ്പാദിക്കേണ്ട, കുടുംബത്തിനും കുഞ്ഞുങ്ങൾക്കും വേണ്ടി കരുതേണ്ടെന്നല്ല. അതൊക്കെ ചെയ്യുമ്പോൾത്തന്നെ മുഖ്യസ്ഥാനം കർത്താവിനും സുവിശേഷവേലയ്ക്കും നല്കണം. ലോക സംഭവങ്ങളും ദൈവവചനവും കർത്താവിന്റെ വരവ് ഏറ്റവും അടുത്തിരിക്കുന്നു എന്ന് നമ്മോടു പറയുന്നു. ഭൂമി മുഴുവനും പോയി സുവിശേഷം അറിയിക്കാൻ കഴിഞ്ഞില്ലെങ്കിലും നമ്മുടെ അടുത്തുള്ളവരോടും നമ്മൾ കാണുന്നവരോടും ഈ സുവാർത്ത അറിയിക്കാൻ നമുക്കു കഴിയും. ഇതിനേക്കാൾ വലിയൊരു വേലയും, ഇതിനേക്കാൾ വലിയൊരു പ്രതിഫലവും മറ്റൊന്നില്ല. "ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നു അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ടു." (വെളി, 22:12). നമ്മുടെ സഭാനാഥൻ വാക്കു മാ

റുന്നവനല്ല. സുവിശേഷഘോഷണത്തിനുള്ള താക്കോൽ ഉപയോഗിക്കാൻ വീണ്ടുംജനിച്ച എല്ലാവരെയും സർവ്വകൃപാലുവായ നമ്മുടെ കർത്താവായ ദൈവം സഹായിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്;

12/01/2017 ക്രിസ്തേശുവിന്റെ ബദ്ധൻ<br>
ഫോർട്ട്കൊച്ചി റോയി ആൻഡ്രൂസ്

(സ്വർഗ്ഗരാജ്യത്തെക്കുറിച്ച് കൂടുതലറിയാൻ താല്പര്യമുള്ളവർ 'സ്വർഗ്ഗവും നരകവും' എന്ന പുസ്തകം കാണുക)

